സാഹിത്യമഞ്ജരി

10

വള്ളത്തോൾ

Digitized By Kerala Sahitya Akademi

സാഹിത്യമഞ്ജരി

പത്താംഭാഗം

VALLATHOL GRANDHALAYAM
CHERUTHURUTHY

വള്ളത്തോൾ

Digitized By Kerala Sahitya Akademi

ഒന്നാം പതിപ്പ്
കോപ്പി 1000

വില
1ക 50 ന. പ.

പകർപ്പവകാശം: സി. ചന്ദ്രശേഖരന്

പ്രസാധകന്മാർ:

വള്ളത്തോൾ ഗ്രന്ഥാലയം, ചെറുതുരുത്തി

1964 ആഗസ്റ്റ്

അച്ചടി:

വള്ളത്തോൾ പ്രിന്റിങ്ങ് & പബ്ലിഷിങ്ങ് ഹൌസ്,
ചെറുതുരുത്തി—കേരളാസ്റ്റേറ്റ്.

Digitized By Kerala Sahitya Akademi

വിഷയവിവരം

	വിഷയം	വൃത്തം	പേജ്
1.	ക്ഷത്രിയപ്രഭാവം	(ശ്ലോകം)	1
2.	പൈങ്കിളിക്കു മംഗളം	(മഞ്ജരി)	16
3.	ശ്രീനാരായണഭട്ടപാദർ	(ശ്ലോകം)	20
4.	മുന്തിരിങ്ങക്കുഴമ്പ്	(കാകളി)	28
5.	പൊട്ടയും പോത്തും	(കേക)	32
6.	പ്രേമഗീതം	(കാകളി)	38
7.	മധുലക്ഷ്മിയുടെ നൃത്തം	(കേക)	43
8.	സൂക്ഷിച്ചവെള്ളം	(കാകളി)	53
9.	ഒന്നാമത്തെ മതം	(കേക)	59
10.	വെളിച്ചം	(ശ്ലോകം)	66
11.	വെളുപ്പും കറുപ്പും	(കാകളി)	76
12.	ജനീവാതടാകം	(കേക)	81
13.	രണ്ടിന്റെയും ഇടയിൽ	(കാകളി)	84
14.	പാദപാംസു	(ശ്ലോകം)	88
15.	മൊട്ടുസൂചി	(കേക)	94
16.	മികച്ച മുൾക്കിരീടം	(പാന)	102
17.	നമ്മുടെ അമ്മ	(കേക)	108

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

സാഹിത്യമഞ്ജരി

(പത്താം ഭാഗം)

1. ക്ഷത്രിയപ്രഭാവം

അഥവാ

പള്ളിവിരുത്തിയിലെ പോർക്കളം

---

1. ഭടരൊരുപടി ചത്തുവീണ പോർമ-
ന്നിടമടർ തീർന്നിതു ശാന്തമായ്ക്കിടപ്പൂ:
നടനവിധി കഴിഞ്ഞു, രാവിലെല്ലാ
നടരുമുറങ്ങിയ നാട്യശാല പോലേ.

2. പടഹപണവകാഹളാദിനാദം,
ഭടരുടെയാർപ്പുകൾ, ശസ്ത്രപാതശബ്ദം
സ്ഫുടമിവയിടചേർന്നുയർന്നിരുന്നാ-
പ്പടനിലമിപ്പൊഴുതാത്തമൌനമായീ.

1089 വൃശ്ചികത്തിൽ എഴുതിയത്.

1. പോർമന്നിടം=പോർക്കളം. ആ പടക്കളത്തിൽ അനേകം ഭടന്മാർ ചത്തുവീണുകിടന്നിരുന്നു. അതു കണ്ടാൽ, നടനം (അഭിനയനൃത്തങ്ങൾ) തീർന്നു രാത്രി എല്ലാ നടന്മാരും കിടന്നുറങ്ങുകയാണെന്നു തോന്നിപ്പോകും!

2. പടഹ...നാദം=പെരുമ്പറ, പണവം, കുഴൽവിളി എന്നിവ. ശസ്ത്രപാതശബ്ദം=ആയുധങ്ങൾ തട്ടുന്ന ശബ്ദം. ആത്തമൌനം=മൌനമുദ്രിതം.

Digitized By Kerala Sahitya Akademi

3. ശര,മസി, ഗദ, ശൂല,മീട്ടി, കുന്തം
പരശു തുടന്നവ പൊട്ടിയും ചതഞ്ഞും,
ചരമരവിമരീചി തട്ടി മിന്നി-
ധരയിലിതാ! ചിതറിക്കിടന്നിടുന്നു.

4. രയമൊടെതിർഭടാസ്ത്രമേററു ഹാഹാ,
നയനമടന്നു,മുയന്നു മൂക്കടഞ്ഞും,
വയർ പിളരുകയാൽപ്പുറത്തു കാണാ-
കിയ കുടർ പൂണ്ടു,മുരസ്തടം തകന്നും,

5. തല ഗളതലമായ്പ്പിരിഞ്ഞു,മോരോ
നിലയിൽ, നിണപ്പുഴ നീളെയിട്ടൊഴുക്കി
പലഭടവരർ വീണു ചിന്നിയോരീ
നിലമതിദുർഗ്ഗമ,മുഗ്രരൂപമേററം! (യുഗ്മകം)

3. അസി=വാൾ. പരശു=മഴു. ചരമരവിമരീചി=അസ്തമയസൂര്യന്റെ രശ്മി. ഭടന്മാരുടെ ആയുധങ്ങളായ അമ്പു, വാൾ, ഗദ, ശൂലം എന്നിവ യുദ്ധത്തിൽ പൊട്ടിയും ചതഞ്ഞും അസ്തമയസൂര്യന്റെ, രശ്മി തട്ടി അടക്കളത്തിലെങ്ങും ചിന്നിച്ചിതറിക്കിടന്നിരുന്നു. പണ്ടത്തെ യുദ്ധത്തിൽ ഉപയോഗിച്ചിരുന്ന ആയുധങ്ങളാണിവയെന്നോക്ക.

4. രയം=വേഗം. എതിർഭടാസ്ത്രം=ശത്രുഭടന്മാരുടെ അമ്പ്. ഉരസ്തടം=നെഞ്ഞ്.

5. തല...പ്പിരിഞ്ഞു=കഴുത്തു തലയോടു പേർപെട്ടിരിക്കുന്നു. അതിദുർഗ്ഗമം=കടന്നുപോകാൻ വിഷമമുള്ളത്. മൂക്കും കണ്ണും തെറിച്ചും, വയർ പിളന്നു കുടർമാല പുറത്തുചാടിയും നെഞ്ഞുതകന്നും തലയററും പടയാളികൾ ചിന്നിക്കിട

Digitized By Kerala Sahitya Akademi

6. പരിമൃദിതമിടത്തുകയ്യിലെത്തോൽ-
പ്പരിച തലയ്ക്കുപധാനവസ്തുവാക്കി,
അരികിൽ, നിണമണിഞ്ഞുവീണ വാൾമേ-
ല,രിഹതരാം ചിലർ, "വീരശയ്യ,"കൊൾവൂ.

7. ബലമെഴമെതിരാളിതൻെറ വെട്ടിൽ-
ത്തലയകലത്തു തെറിച്ചുപോയിയിട്ടും
ചിലര,മരിലത്തുപ്പരാകയാലോ
ചില കണവേലിവ കൈവെടിഞ്ഞതില്ല!

8. ഒരു യുവഭടനിങ്ങു വീരലക്ഷ്മീ-
പുരുപരിരംഭോഗവശാൽത്തളൻനപോലേ,
ഇരുമിഴിയുമടച്ചു ദീർഘനിദ്രാ-
വരുതിയിലായി മലൻനിതാ! കിടപ്പൂ!

ക്കുന്ന ആ യുദ്ധക്കളം കടന്നുപോകാൻ ഏററവും പ്രയാസമേറി യതും ഭയംകരവുമായിരിയ്ക്കുന്നു.

6. പരിമൃദിതം=ചതഞ്ഞത്. ഉപധാനം=തലയണ. അരിഹതർ=ശത്രുക്കളാൽ കൊല്ലപ്പെട്ടവർ. വീരശയ്യ=വീരന്മാർക്കുള്ള ശയ്യ (പോർക്കളം)

7. അമർ=യുദ്ധം. ചിലരുടെ കയ്യിൽനിന്നു ചില (വില്ല്) കണ (അമ്പ്) വേല് എന്നിവ വീണുപോയിട്ടില്ല. അതു കണ്ടാൽ, ശത്രുക്കളുടെ വെട്ടിൽ തല തെറിച്ചുപോയിട്ടും, അവർക്കു യുദ്ധകലി നശിച്ചില്ലെന്നു തോന്നും.

8. വീര........വശാൽ=വീരലക്ഷ്മിയെ സമൃദ്ധിയായി സംഭോഗം ചെയ്യുന്നനിമിത്തം.

Digitized By Kerala Sahitya Akademi

9. സഹശയിതകൃപാണവല്ലിയെസ്സ-
സ്പൃഹമസുവല്ലഭയെക്കണക്ക ഗാഢം
ബൃഹദുരസി വലത്തുകയ്യിനാൽച്ചേ-
ത്തഹഹ! ചെരിഞ്ഞുകിടന്നിടുന്നിതേകൻ.

10. അവസിതനില പെട്ട, പിൻകിടക്കം
ശവമിതു ചാരിയിരിയ്ക്കയാണൊരത്തൻ.
അവനുടെ മടിയിൽശ്ശയിച്ചിടുന്നു
വിവശിതയാം ഗദ; തൻകുമാരി പോലേ.

11. തിരുവമരപുരാപ്തിയിന്നു തങ്ങൾ-
ക്കരുളിയ പോർമഹിയെക്കൃതജ്ഞരാവാൽ
പുരുരസമൊടു പുൽകിടുന്ന പോലീ-
പ്പുരുഷർ കമിഴ്ന്നു കിടന്നിടുന്നു മന്നിൽ.

9. സഹ......വല്ലിയെ=കൂടെക്കിടത്തിയിട്ടുള്ള വാളിനെ. സസ്പൃഹം=കൊതിയോടേ. അസുവല്ലഭ=പ്രാണപ്രിയം. ബൃഹദുരസി=വിശാലമായ മാറിടത്തിൽ. ഒരു ഭടൻ വാളിനെ പ്രാണപ്രിയയെ എന്നപോലെ വിരിമാറിടത്തിൽ ചേത്തു പിടിച്ചു ചെരിഞ്ഞു കിടക്കുന്നു!

10. അവസിതനില=അവസാനത്തെ നില. മരിച്ച സ്ഥിതി. തൽകുമാരിപോലേ—ആ ഭടന്ന് ആ ഗദയോടുള്ള സ്നേഹം! വിവശിത=തളന്നവൾ.

11. അമരപുരാപ്തി=സ്വർഗ്ഗപ്രാപ്തി. തങ്ങൾക്കു സ്വർഗ്ഗപ്രാപ്തി നല്കിയതിന്നുള്ള അതിരററ കൃതജ്ഞതയാലാണെന്നു തോന്നും, ആ ഭടന്മാർ പോർമഹിയെ (അടക്കളം)പുല്കി കമിഴ്ന്നുകിടക്കുന്നത്.

Digitized By Kerala Sahitya Akademi

12. അരമുതലടിയോളമുള്ള ദേഹം
നുര കലരുന്ന നിണത്തിലാണ്ടൊരീയാൾ
മരണകരഗദാഹതാപരാംഗൻ
ചിരമവഗാഹനമാചരിക്കയാണോ!

13. നവശിതമൊരുവന്റെ മാറിടത്തിൽ-
ശ്ശിവ! ശ്ശിവ! കുത്തിനിറുത്തിയോരു കുന്തം
അവനുടെയുയിരിനു വാതിലേക്കേ-
റുവതിനു നാട്ടിയൊരേണിയെന്നു തോന്നും!

14. പ്രകടിതരുധിരങ്ങളായ യോധ-
പ്രകരശിരസ്സുകളിങ്ങിതാ, ചിലേടം:
പുകഴിന മൃതിദേവിതൻ കരാല-
ക്തകമണിയും പ്രിയകന്ദുകങ്ങൾ പോലേ.

12. മരണ...........രാംഗൻ: മാരകമായ ഗദാപ്രഹരമേററ (അപരാംഗം) ഊർദ്ധ്വകായത്തോടുകൂടിയവൻ. അവഗാഹനം=മുങ്ങൽ; സ്നാനം. ഒരാൾ അരമുതൽ അടിവരെ നുരക്കുത്തുന്ന ചോരയിൽ മുഴുകിയിരിക്കുന്നതു കണ്ടാൽ, അയാൾ മുങ്ങിക്കുളിക്കുകയാണോ എന്നു തോന്നും.

13. നവശിതം=പുതുതായി മൂർച്ചകൂട്ടിയ. മാറിടത്തിൽ കുന്തം കുത്തിനിറുത്തിയിരിക്കുന്നതു കണ്ടാൽ, അയാളുടെ പ്രാണനു സ്വർഗ്ഗം പൂകാൻ ഒരു കോണിവെച്ചുകൊടുത്തിരിക്കുകയാണെന്നു തോന്നും.

14. പ്രകടിതരുധിരങ്ങൾ=ചോരപുരണ്ടു കാണുന്നവ. യോധപ്രകരശിരസ്സുകൾ=ഭടസമൂഹത്തിന്റെ തലകൾ. പുകഴിന=പുകഴ്ന്ന. കരാലക്തകം=കൈത്തലത്തിലെ ചെമ്പഞ്ഞിച്ചാറു്. പ്രിയകന്ദുകങ്ങൾ=ഓമനപ്പന്തുകൾ. ചിലരുടെ

Digitized By Kerala Sahitya Akademi

15. വലിയൊരു തല,യുള്ളിലുള്ള ചോറ-
ച്ചലിതഗദാഹതിയാൽപ്പുറത്തു ചിന്തി,
കലിതവിധികൾ വിപ്രർ ചോറുതുവും
'ബലിശില'പോലെയിതാ, കിടന്നിടുന്നു!

16. മൃതഭടരുടെ മീശയുള്ള രക്തോക്ഷിത-
വദനാവലിയീപ്പടക്കളത്തിൽ,
ബത, സരസിയിൽ വണ്ടു ചേൎന്ന ചെന്താർ
വിതതി കണക്കു വിളങ്ങിടുന്ന ഭംഗ്യാ.

17. ചൊടിരദനിരയാൽക്കടിച്ച വൻഭ്രൂ-
കുടിയൊടു, കണ്ണു ഉറിച്ചെഴും മുഖത്താൽ,

ചോരപുരണ്ട ശിരസ്സുകൾ, മരണദേവതയുടെ കൈത്തലത്തിലെ ചെമ്പഞ്ഞിച്ചാറുപുരണ്ടു തുടുത്ത പന്തുകളെപ്പോലെ അവിടവിടെ ചിന്നിച്ചിതറിക്കിടന്നിരുന്നു.

15. ഉച്ചലിതഗദാഹതി = ചുഴററിയ ഗദയുടെ പ്രഹരം. ഒരു ഭടൻെറ വലിയ തല ഉള്ളിലുള്ള ചോർ ഗദാപ്രഹരമേററു പുറത്തുചാടി, കലിതവിധികൾ (വിധിപ്രകാരം കർമ്മംചെയ്യുന്ന)വിപ്രരുടെ (ബ്രാഹ്മണരുടെ) ചോറു തൂവാനുള്ള ഒരു ബലിശില ('വെലിക്കല്ല്')പോലെ അവിടെക്കിടന്നിരുന്നു.

16. രക്തോക്ഷിതവദനാവലി = ചോരയൊലിയ്ക്കുന്ന മുഖങ്ങളുടെ സമൂഹം. സരസി = തടാകത്തിൽ. ചെന്താർവിതതി = താമരപ്പൂക്കളുടെ കൂട്ടം. ഭംഗ്യാ = ചന്തത്തിൽ. ഭടന്മാരുടെ ചോരയൊലിയ്ക്കുന്ന മുഖത്തു മീശ കണ്ടാൽ ചുവന്ന താമരയിൽ വണ്ട് പററിച്ചേൎന്നിരിയ്ക്കുന്നപോലെതോന്നും.

17. ചൊടി = ചുണ്ട്. രദനിര = പല്ലുകളുടെ വരി. ചുണ്ടുകടിച്ചും കണ്ണു ഉറിച്ചും പുരികം ചുളിച്ചും കിടക്കുന്ന ആ ഭ

Digitized By Kerala Sahitya Akademi

കൊടിയ മൃതിഭവിയ്ക്കിലും പരങ്കൽ-
ച്ചൊടിവെളിവാക്കിടുവോർകളീബ്ഭടന്മാർ.

18. ഉടലിലെ നിണമാന്നിരിയ്ക്കുമതൃൽ-
കടവെടിയുണ്ടകളും പടക്കളത്തിൽ
ഭടതടെയുദരം പിളൻനേകം
കുടർമണിവീണതുമൊന്നുപോലെ കാണ്മൂ.

19. നിറയെ നവശവങ്ങളേ;-തിൽമുമ്പേ
തിറമൊടു ചെല്ലുണമെന്നുറച്ചിടാതെ,
പറവകൾ കഴുകും പതുങ്ങുമൊക്കെ-
ച്ചിറകുമടിച്ചിഹ ചുററിടുന്നു വാനിൽ!

20. വിരുതിലരിവരക്കു കാലദണ്ഡായ്
മരുവിയതാമൊരുവന്റെ കയ്യരണ്ടും,
ഇരുവശവുമുരത്തനായ്ക്കൾ കൂടി-
പ്പെരുത്തു കടിച്ചുവലിച്ചിടുന്നു പാരിൽ.

21. ചെറുശരമുന ചേന്ന മാംസഖണ്ഡം,
വറുതിപിടിച്ചവിധം വിഴുങ്ങിയാറേ,

ടന്മാർ മരിച്ചുവെങ്കിലും (പരങ്കൽ), ശത്രുവിനോടുള്ള ചൊടി (ഈറ)വെളിപ്പെട്ടത്തിയതായിത്തോന്നി. മരിച്ചുകിടക്കുന്ന ഭടന്മാരുടെ മുഖഭാവമാണ് മേല്പറഞ്ഞതോരോന്നും.

20. അരിവരർ=ശത്രുശ്രേഷ്ഠർ. ആ ഭടൻ ജീവിച്ചിരിയ്ക്കെ അയാളുടെ പെരിയ കയ്യുകൾ ശത്രുക്കൾക്ക് കാലദണ്ഡായിരുന്നു. ഇപ്പോൾ അതു നായ്ക്കൾ കടിച്ചുവലിയ്ക്കുന്നു!

Digitized By Kerala Sahitya Akademi

കറുനരിയൊരു 'ശല്യഹാരി'വേണം
പൊറുതിലഭിപ്പതിനെന്ന മട്ടിലായീ!

22. അനലസരണമാടിയിങ്ങു ചത്തീ-
ടിന ഭടരൂർദ്ധ്വപദം ഗമിച്ചിടുമ്പോൾ
തനതുടൽ നടുവേ പിളർക്കയാലോ,
ദിനപതി സമ്പ്രതി ശോണിതാംഗനായീ!

23. അലഘുരുചി വിചിത്രവേഷമാർന്നീ-
ജ്ജലദകദംബക,മംബരസ്ഥലത്തിൽ
പലവഴിയൊരുമിച്ചുകൂടി, വൻപോർ
നിലമിതു കണ്ടു രസിയ്ക്കയായിരിയ്ക്കാം!

24 പലനിറമിടചേർന്ന ഭംഗിയാലും,
ചലനവിവർജ്ജിതശാന്തമട്ടിനാലും

21. ശല്യഹാരി=അമ്പു നീക്കംചെയ്യുന്നവൻ; ശല്യം (രോഗം) തീർക്കുന്നവനെന്നും. ചെന്നായ്ക്കൾക്ക്, അമ്പുതറച്ച മാംസക്കഷ്ണങ്ങൾ കൊതിയോടേ വിഴുങ്ങുമ്പോൾ, അമ്പു പറിച്ചെടുക്കാൻ ഒരു ശല്യഹാരി (വൈദ്യൻ) വേണമെന്ന മട്ടായി.

22. അനലസരണം=ഊർജ്ജിതമായ യുദ്ധം. ഊർദ്ധ്വപദം=മുകളിലെ ലോകം. ദിനപതി=സൂര്യൻ. സമ്പ്രതി=ഇപ്പോൾ. ശോണിതാംഗൻ=ചോരപുരണ്ട ദേഹത്തോടുകൂടിയവൻ. ചത്തു വീണ ഭടന്മാർ കീഴ്പോട്ടു പോകുമ്പോൾ, നടുപിളർക്കയാലാണോ സൂര്യൻ ചോരപുരണ്ടിരിയ്ക്കുന്നതെന്നു ഉൽപ്രേക്ഷ: നേരം അസ്തമയമായി.

23. അലഘുരുചി=വർദ്ധിച്ച ശോഭയോടുകൂടിയത്. ജലദകദംബകം=മേഘക്കൂട്ടം. അംബരസ്ഥലം=ആകാശം. സന്ധ്യാസമയത്തെ മേഘങ്ങൾ വിചിത്രവർണ്ണമായിരിക്കും. ഉത്സവം കാണാൻ പോകുമ്പോൾ ചന്തമുള്ള ഉടുപ്പിടുമല്ലോ.

Digitized By Kerala Sahitya Akademi

സുലളിതതര,മീ രണാങ്കണത്തിൽ
തുലയെ വഹിയ്ക്കുവതുണ്ടു വാനിദാനീം.

25 ഒരു പകൽ മുഴമിപ്പതിന്നകം പേർ
പെരുകിന'പള്ളിവിരുത്തി'ദിക്കിതയ്യോ!
തരുണഭടസഹസ്രജീവരക്ത-
ക്കരുതി കുടിച്ചുകഴിഞ്ഞു കാളിപോലെ!

26. രണഹതരിവരിപ്പോൾ, ഗംഗതൻ നീർ-
ക്കണമിളകും കുളിർകാററുമേററു, വിണ്ണിൽ
തണലണിമലർവാടിയിൽസ്സുരസ്ത്രീ-
ഗണമൊരുമിച്ചു രമിയ്ക്കുയായിരിയ്ക്കാം!

24. ചലനവിവർജ്ജിതശാന്തമട്ട്=ഇളക്കമില്ലാത്ത ശാന്തസ്വഭാവം. സുലളിതതരം=മനോഹാരിതയോടേ. തുലയെവഹിക്കക=സാമ്യംവഹിയ്ക്കുക. അന്തിനേരത്തെ വർണ്ണവൈചിത്ര്യത്താൽ ആകാശവും ഈ രണഭൂമിയും ഒരുപോലെയിരിയ്ക്കുന്നു.

25. പള്ളിവിരുത്തി—ആ ദിക്കിൻെറ പേർ. തരുണഭടസഹസ്രജീവരക്തം=ആയിരമായിരം യുവഭടന്മാരുടെ ജീവരക്തം. ഒരു പകലിന്നുള്ളിൽ എത്രയെത്ര ചോര കുരുതികുടിച്ചു! കാളിയെക്കാൾ ഭയംകരം!!

26. രണഹതർ=യുദ്ധത്തിൽ കൊല്ലപ്പെട്ടവർ. യുദ്ധത്തിൽ മരിച്ച ഈ യുവഭടന്മാർ ഇപ്പോൾ സ്വർഗ്ഗത്തിൽ ഗംഗയുടെ കുളിർനീർക്കണം പേറുന്ന കാറേററു് തണലുള്ള പൂന്തോപ്പുകളിൽ അപ്സരസ്ത്രീകളൊന്നിച്ചുരസിയ്ക്കുകയായിരിക്കും. വീരമൃത്യുവരിച്ചവർ സ്വർഗ്ഗം പൂകുമെന്നഭിപ്രായം.

Digitized By Kerala Sahitya Akademi

27. അമരപുരമണഞ്ഞ വീരർ, വാന-
ത്തമലവിമാനഗരായ്സ്സവാരിചെയ്കെ,
സമരഹതനിജാംഗമിങ്ങു കാണ്കിൽ,-
സ്സുമമലിവും, ത്രപയും, വെറുപ്പുമുണ്ടാം.

28. പുനരിഹ ജയമാന്ന കൂട്ടർ, മാററാ-
ക്കനഘപദാപ്തി കൊടുത്ത കൈകളാലേ,
തനതധിപതിതൻ യഥാർഹസംഭാ-
വനകളെ വാങ്ങി രസിയ്ക്കയായിരിയ്ക്കാം!

29. പടമുറിനിണമൊട്ടണിഞ്ഞിയിട്ടാ-
ബ്ഭടരുടെ മാറധുനാ ലസിപ്പതുണ്ടാം,
തടവിന ജയലക്ഷ്മിതൻെറ കൊങ്ക-
ത്തടനവകുങ്കുമപങ്കമാന്ന പോലേ.

27. അമരപുരം=സ്വർഗ്ഗം. അമലവിമാനഗർ=നിർമ്മലമായ വിമാനത്തിൽ സഞ്ചരിച്ചവർ. സ്വർഗ്ഗംപൂകിയ ആ യുവഭടർ അവിടെ സ്വച്ഛമായ വിമാനത്തിൽ സഞ്ചരിയ്ക്കുമ്പോൾ, സമരഹതമായ (=യുദ്ധത്തിൽ ചതഞ്ഞ) നിജാംഗം (=തങ്ങളുടെ ദേഹം) കണ്ടാൽ അവക്ക് സഹതാപവും ത്രപ (ലജ്ജ)യും വെറുപ്പും ഒപ്പം തോന്നുന്നതായിരിയ്ക്കും.

28. മാററാർ=ശത്രുക്കൾ. അനഘപദാപ്തി=പുണ്യപദപ്രാപ്തി. (സ്വർഗ്ഗപ്രാപ്തി) തനതധിപതി=തങ്ങളുടെ അധീശർ. യുദ്ധത്തിൽ ജയിച്ചവർ ശത്രുക്കളെ തോല്പിച്ചതിന്നു സമ്മാനം നേടി രസിയ്ക്കുകയായിരിയ്ക്കും.

29. കൊങ്കത്തടനവകുങ്കുമം=മുലത്തടത്തിലെ പുതിയ കുങ്കുമം. മുറിവുണങ്ങിയ ഭടരുടെ മാറിടം ജയലക്ഷ്മിയുടെ ആ-

Digitized By Kerala Sahitya Akademi

30. ജവമൊടു, നിജരാഗപാത്രമാകും
സുവദനയാൾക്കു ജനസ്തുതാത്മശൌൎയ്യം
ശ്രവണവിഷയമായ്വരേണമെന്നാ
യുവഭടരിൽച്ചിലരാഗ്രഹിപ്പതുണ്ടാം!

31. ജയമണയുകിൽ വീരകീർത്തിയുണ്ടാം;
ലയമുയിരിന്നു ഭവിയ്ക്കിൽ വിണ്ണുകിട്ടും
നിയതമിരുവിധത്തിലും, നരക്ക-
ക്ഷയശുഭസാധകമാണു യോധകൃത്യം.

32. പരിമിതപരിവാരരായു,മുൎവ്വീ-
പരിവൃഢയോഗ്യപരാൎദ്ധ്യവേഷരായും,
പെരിയവരിരുപേർ, കരങ്ങൾ തമ്മിൽ-
പ്പരിചൊടു കോൎത്തുപിടിച്ചിതാ വരുന്നു!

ലിംഗനത്തിൽ പതിഞ്ഞ മുലക്കുങ്കുമംകൊണ്ടെന്നപോലെ ശോഭിയ്ക്കുന്നുണ്ടായിരിയ്ക്കും.

30. നിജരാഗപാത്രം=തന്റെ സ്നേഹത്തിന്നു പാത്രം. സുവദനയാൾ—പത്നി. ജനസ്തുതാത്മശൌൎയ്യം=ജനങ്ങളാൽ സ്തുതിയ്ക്കപ്പെട്ട തന്റെ പരാക്രമം. ശ്രവണവിഷയം=കേൾക്കാവുന്നതു്.

81. തോററാലും ജയിച്ചാലും യോധകൃത്യം (പടയാളികളുടെ കൃത്യം—യുദ്ധം) അക്ഷയശുഭസാധകമാണു്—നശിയ്ക്കാത്ത മംഗളമുണ്ടാക്കുന്നതാണു്. ലയം=നാശം.

32. പരിമിതപരിവാരർ=ചുരുങ്ങിയ പരിവാരത്തോടുകൂടിയവർ. ഉൎവ്വീപരിവൃഢയോഗ്യപരാൎദ്ധ്യവേഷർ=രാജാക്കന്മാൎക്കു യോജിച്ച മികച്ച ഉടുപ്പോടുകൂടിയവർ. പെരിയ

Digitized By Kerala Sahitya Akademi

33. കൊലയുടെയധിദേവതയ്ക്കു ലീലാ-
നിലയനമാകിയ പോർനിലത്തെ നീളെ
നലമൊടുമിത, കണ്ടുകൊണ്ടു, തമ്മിൽ-
ച്ചിലതുരചെയ്തിവർ സഞ്ചരിച്ചിടുന്നു.

34. ഇവരില,ധികമായ് പ്രഭുത്വമാള-
ന്നവനുടെ രാജസപൂർണ്ണമാം മുഖത്തിൽ
നവജയമദലക്ഷ്മി, പങ്കജത്തിൽ
ധ്രുവമിളവെയിലുകണക്കെ മിന്നിടുന്നു.

35. ഉരുപെരുകിയ പോരിലിന്നു മാടേ-
ശ്വരനെ മടക്കിയ കേരളേശിതാവും
ചിരമതിനു തുണച്ചുനിന്ന വെട്ട-
ത്തരചനുമാണിവരി,ന്ദ്രവിഷ്ണുതുല്യർ.

വർ=വലിയ ആളുകൾ. കൈകോർത്തുപിടിച്ച രണ്ടു യോ ഗ്യന്മാർ. ആ പടക്കളത്തിൽ എത്തിച്ചേർന്നു.

34. നവജയമദലക്ഷ്മി=പുതിയ വിജയഗർവ്വത്തിനോടു ചേർന്ന തായ ലക്ഷ്മി. അദ്ദേഹത്തിൻെറ മുഖത്തു കളിയാടിയിരുന്ന വിജയഗർവഭാവം കണ്ടാൽ, താമരപ്പൂവിൽ ഇളവെയില് തത്തിക്കളിക്കുന്നപോലെ തോന്നും.

35. ഉരുപെരുകിയ=പ്രസിദ്ധമായ. മാടേശ്വരൻ=കൊ ച്ചിരാജാവ്. കേരളേശിതാവ്=സാമൂതിരി. സാമൂതിരിയും അദ്ദേഹത്തിനു യുദ്ധത്തിൽ തുണനിന്ന വെട്ടത്തുരാജാവുമാ യിരുന്നു, ആ ഇന്ദ്രവിഷ്ണുതുല്യരായ രണ്ടു രാജശ്രേഷ്ഠർ.

36. യുദ്ധത്തിൽ പ്രതിപദം (അടിക്കടി) തോല്പു കണ്ടു ക്ഷിതിവരർ (മൂന്നു രാജാക്കന്മാർ) അവിടെ ആത്മഹത്യ ചെ

Digitized By Kerala Sahitya Akademi

36 പ്രതിപദമൊരിടിച്ചൽ കണ്ടു പോരിൽ
ക്ഷിതിവരർ മുവ്വരിഹാത്മഹത്യചെയ്തു;
പ്രതിനൃപരിവരാശ്ശവങ്ങൾ കാണു-
ന്നതിനു പടക്കളമാണ്ടതായിരുന്നു.

37 വ്യവസിതിഗുണമോടു ശക്തിവായ്പും,
ശിവകരധർമ്മമൊടർത്ഥവും കണക്കേ
പ്രവരരുചി തദാ വിളങ്ങി, വെട്ട-
ത്തവനിപനോടൊരുമിച്ച കുന്നലക്കോൻ.

38 കലികബളിതമാം ത്രിവർഗ്ഗമെന്നോ,
ജ്വലിതമഹാഗ്നികൾ കെട്ടുപോയതെന്നോ,

ശ്ലോ. (പ്രതിനൃപർ=)ശത്രുരാജാക്കന്മാർ ഈരണ്ടുപേർ ആ ശവം കാണാൻ പടക്കളത്തിൽ എത്തിച്ചേർന്നതായിരുന്നു.

37. വ്യവസിതിഗുണം=പ്രയത്നശീലം. ശിവകരധർമ്മം =മംഗളകരമായ ധർമ്മം. പ്രവരരുചി=ശ്രേഷ്ഠമായ ശോഭയോടുകൂടിയവൻ. അവനിപൻ=രാജാവ്. വെട്ടത്തുരാജാവോടൊന്നിച്ച കുന്നലക്കോൻ (സാമൂതിരിരാജാവ്) പ്രയത്നശീലത്തോടു ശക്തിയും മംഗളകരമായ ധർമ്മത്തോടു സമ്പത്തും ചേർന്നാലെന്നപോലെയാണ് ശ്രേഷ്ഠശോഭയോടേ വിളങ്ങിയത്. പ്രയത്നശീലത്തോടു ശക്തിയും മംഗളകരമായ ധർമ്മത്തോടു സമ്പത്തും ചേർന്നാലത്തെ ഗുണം ഇരട്ടിയാണല്ലോ.

38. കലികബളിതം=കലിവിഴുങ്ങിയത്. ത്രിവർഗ്ഗം= ധർമ്മം, അർത്ഥം. കാമം. ജ്വലിത...കൾ=ഗാർഹപത്യം, ആഹവനീയം, ദാക്ഷിണാത്യം. ബലി...ശവങ്ങൾ=ബലവാന്മാ

Digitized By Kerala Sahitya Akademi

അലിവൊടു ഏദി തോന്നുമാറു കാണായ്
ബലിനരപാലശവങ്ങളങ്ങൊരേടം.

39 രണഭുവി രിപുവശ്യരായ്‌വരായ്വാൻ,
തൃണസമമായുയിരങ്ങു പോക്കിയാലും,
ഗുണജലധികൾ മൂവരാധരിത്രീ-
കണവർ കുലീനത കൈവിടാതെ വാണാർ.

40. കുന്നാഴിപ്പെരുമാൾ സഖാവൊടുമടു-
ത്തെത്തിക്കമിഴ്‌ന്നായ്ക്കിട-
ക്കുന്നാ രാജശവത്രയത്തെ വിരിയും
കൺകൊണ്ടു കണ്ടുന്മദാൽ
നന്നായൂഴിയിലുള്ള കാമമിനിയും
തീർന്നില്ലയോ ക്ഷത്രിയ-
ക്കെന്നായ്ച്ചൊന്നു,—തിനൊന്നിനെന്ത്വത! പുറം-
കാൽകൊണ്ടു തട്ടീടിനാൻ.

രായ രാജാക്കന്മാരുടെ ശവങ്ങൾ. അലിവൊടു...കാണുമാറാ യ്=കണ്ടാൽ ആർക്കും കഷ്ടം തോന്നും!

39. രണ്ഭുവി=യുദ്ധക്കളത്തിൽ. രിപുവശ്യർ=ശത്രുവിന്നു കീഴ്പ്പെട്ടവർ. യുദ്ധക്കളത്തിൽവെച്ചു ശത്രുക്കളുടെ കയ്യിലകപ്പെടാതിരിയ്ക്കാനായി ആ മൂന്നു രാജാക്കന്മാർ പുല്ലു പോലെ ജീവൻ വെടിഞ്ഞുവെങ്കിലും അവരുടെ മുഖത്തുനിന്നു കുലീനത മാഞ്ഞുപോയിരുന്നില്ല.

40. കുന്നാഴിപ്പെരുമാൾ=സാമൂതിരിരാജാവ്. രാജശവത്രയത്തെ-മൂന്നു രാജാക്കന്മാരുടെ ശവത്തെ. ഉന്മദാൽ=ഗർവത്താൽ. 'ക്ഷത്രിയന്മാർക്ക്' ഭൂമിയിലുള്ള കൊതി ഇനിയും

Digitized By Kerala Sahitya Akademi

41. 'എന്തി, ക്ഷത്രിയർതൻ ശവം തൊട്ടുകയോ
സാമന്തരെ'ന്നായ് ക്ഷണാ-
ലന്തിച്ചോപ്പു മുഖത്തു ചിന്നി വിലസും
വെട്ടത്തു രാജാവുടൻ
ചിന്തിക്കാതെ മദാന്ധനാം മലയല-
ക്കോനങ്ങകൃത്യത്തിനായ്-
പ്പൊന്തിച്ചീടിന കാല,രിക്കശനിയാം
വാളൂരി വെട്ടീടിനാൻ.

തീന്നില്ലേ' എന്നു ചോദിച്ചു ഒരു ശവത്തെ പുറംകാലുകൊണ്ടു തട്ടി.

41. എന്തി...തൊട്ടുകയോ—(മലയലക്കോൻ) സാമൂതിരി ക്ഷത്രിയനല്ല, സാമന്തനാണ്, അതിനാൽ ക്ഷത്രിയരുടെ ശവം തൊട്ടതു ക്ഷത്രിയനായ വെട്ടത്തുരാജാവിന്റെ ക്ഷാത്രവീര്യത്തെ ആളിക്കത്തിച്ചു. അങ്ങിനെ വീണ്ടാലോചനയില്ലാത്ത സാമൂതിരി തട്ടാനായി ഓങ്ങിയ കാൽ അരിക്ക് (ശത്രുവിനു്) അശനി(വജ്രത്തിന്നു)തുല്യമായ വാൾകൊണ്ടു വെട്ടി വീഴ്ത്തിക്കളഞ്ഞു. വെട്ടത്തു രാജവംശം കുററിയററിട്ടു കാലം കുറേയായി.

Digitized By Kerala Sahitya Akademi

2. പൈങ്കിളിപ്പൂ മംഗളം

ആശാൻ തുടങ്ങിയ പൂർവ്വികരേതിനായ്-
പ്പേശലവിത്തുകൾ നട്ടുവെച്ചു,
നേരായ് നിരണം പണിക്കന്മാർ നൽപ്പനി-
നീരാൽ നനച്ചവ പോററിപ്പോന്നു,
മാന്യനാമച്ചെറുശ്ശേരി വളർത്തിയ
'മാകന്ദമഞ്ജരി'ച്ചാർത്തുകളാൽ
കാകളിതൂകുന്ന കോകിലജാലത്തെ-
യാകമ്രമാമേതൊന്നാകർഷിച്ചു.

1098-ധനുവിൽ എഴുതിയത്.

1. ആശാൻ—രാമചരിതകർത്താവ്. നിരണം പണിക്കന്മാർ—രാമായണകർത്താവായ കണ്ണശ്ശപ്പണിക്കരും ഗീതാകർത്താവായ മാധവപ്പണിക്കരും മററും. ഏതിനായ്...... വെച്ചു—മലയാളഭാഷയുടെ വിത്തുവിതച്ചു. നിരണം പണിക്കന്മാർ നല്ല (പനി) കുളിർനീർകൊണ്ട് അതിനെ നനച്ചു വളർത്തി. അവരുടെ കവിത വാസനമുററിയതായിരുന്നുവെന്നു വ്യംഗ്യം. മാകന്ദമഞ്ജരി—ചെറുശ്ശേരിയുടെ മാകന്ദമഞ്ജരി മാന്തളിർതിന്നു മധുരമായിപ്പാടുന്ന കുയിലുകളെപ്പോലും ആകർഷിച്ചുകളഞ്ഞു. ചെറുശ്ശേരിയുടെ ഗാഥാരീതി അത്ര ലളിതകോമളമാണല്ലോ. കാകളി—കുയിൽപ്പാട്ട്. കോകിലജാലം: കുയിലുകളുടെ കൂട്ടം. ആകമ്രം=മനോഹരം. ചമ്പൂപ്രബന്ധങ്ങൾ ചമ്പകപ്പൂക്കളുടെ കനത്ത സൌരഭ്യത്തെയാണ് വീശിയതെന്നതുകൊണ്ട് രണ്ടും തമ്മിലുള്ള വ്യത്യാസം വ്യക്തം. ചമ്പുക്കളിലെ രീതിയേയും ഇതുകൊണ്ടു വ്യഞ്ജി

Digitized By Kerala Sahitya Akademi

ചമ്പുപ്രബന്ധങ്ങൾ ചംപകപ്പൂക്കൾതൻ
വമ്പററ സൌരഭമെങ്ങു വീശി;
തുഞ്ചത്താചാൎയ്യൻെറയോമൽക്കവിതയാൾ
ചഞ്ചദചലയമാം കൈത്തളിരാൽ
പഞ്ചാര പാൽ പഴമേകിപ്പുലത്തിയ
പഞ്ചവൎണ്ണക്കിളിപ്പെൺകൊടിയാൾ,
പഞ്ചാസ്യവീൎയ്യനാം രാമൻെറ വൃത്തവും
പഞ്ചമവേദവും വേദാന്തവും
ചെഞ്ചുണ്ടിളക്കത്താൽ മുന്തിരിച്ചാറുതി-
ത്തഞ്ചിതരീതിയിൽപ്പാടിപ്പാടി—
ഏററം മധുരമാമപ്പുണ്യഗാനത്തിൻ
മാറെറാലിയല്ലി നാം കേൾപ്പൂ ഹാ, ഹാ,
പേരാർപെരിയാറുപമ്പാനദികൾതൻ
മാറിൽത്തുളുമ്പീടുമോളങ്ങളിൽ!—
തത്തിപ്പറന്നുനടന്നു യാതൊന്നിനു
പുത്തനായുള്ളോരു ശോഭനല്കീ
നമ്പിയാർ തൽകൃതി പൂംപാററപോലങ്ങൊ-
രിമ്പത്തിൽത്തുള്ളിക്കളിച്ചു ഭംഗ്യാ;

പ്പിച്ചു. ചഞ്ചദചലയം=വളകളിളകുന്ന. തുഞ്ചത്താചാൎയ്യരു ടെ കവിതയെ പൈങ്കിളിയെ കൊഞ്ചിക്കുന്ന ഒരു കാമിനി യായി കല്പിച്ചിരിക്കുന്നു. പഞ്ചാസ്യവീരൻ=സിംഹപരാക്ര മൻ. പഞ്ചമവേദം=മഹാഭാരതം. ഭാരതം അഞ്ചാമത്തെ വേദമാണെന്നാണ് അഭിജ്ഞർ പറയാറ്. മുന്തിരിച്ചാറുതി ൎത്ത്—ദുർഗ്രഹമായ വേദ-വേദാന്തങ്ങൾ അത്രയും ലളിതമധു രമായിട്ടാണ് പാടിയതെന്നു വ്യഞ്ജിക്കുന്നു. അഞ്ചിതരീതി=

Digitized By Kerala Sahitya Akademi

ആ മഹാകേരളസാഹിത്യമാകുന്ന
ത്തൂമലർത്തോപ്പിങ്കലോരോപൂവും
തേനാൽ നിറയുമാറോരോന്നു കൊഞ്ചിക്കൊ-
ണ്ടാനന്ദസഞ്ചാരം ചെയ്യുക നീ!

2. വൃന്ദാരകാംഗനാവൃന്ദം നിവേദിച്ച
മന്ദാരപ്പൂന്തേൻ നുകന്നുകൊണ്ടും,
കൌബേരനാരിമാർ കാണിയ്ക്കവെയ്ക്കുന്ന
കല്ഹാരകേസരം തിന്നുകൊണ്ടും,
മെയ്ത്താരിൽച്ചുംബിയ്ക്കുമാമ്നായവിദ്യതൻ
കൈത്തണ്ടിൽത്തൂങ്ങിനിന്നാടിക്കൊണ്ടും,
ഔപനിഷദമാം വല്ലകീഗീതത്താൽ
സൌഭാഗ്യം ശ്ലാഘിയ്ക്കപ്പെട്ടുകൊണ്ടും,
പേർത്തും പുരാണേതിഹാസപ്പരിഷതൻ
കീർത്തനപ്പാട്ടുകൾ കേട്ടുകൊണ്ടും,
താൻതാനിടയ്ക്കിടെ നാദബ്രഹ്മാമൃതം
ശാന്തനഭസ്സിൽത്തളിച്ചുകൊണ്ടും,

മനോഹരരീതി. തത്തിപ്പറന്നുനടനാ-നൃത്തം ചെയ്തു. തുള്ളിക്കളിച്ചു ഭംഗ്യാ—തുള്ളൽപ്പാട്ടുകൾ.

2. വൃന്ദാരകാംഗനാവൃന്ദം=ദേവസ്ത്രീസമൂഹം. കൌബേരനാരിമാർ=കുബേരൻെറ സ്ത്രീകൾ. കല്ഹാരകേസരം=താമരയല്ലി. ആമ്നായവിദ്യ=വേദവിദ്യ. ഔപനിഷദം=ഉപനിഷത്തിനെസ്സംബന്ധിച്ച. വല്ലകീഗീതം=വീണാഗാനം. നിൻകുലകൂടസ്ഥ=ലീലാശുകം. മാമലമങ്ക=പാർവ്വതി. പാർവ്വതിയുടെ മടിയിൽ ഒരു കളിത്തത്തയുണ്ടെന്നു പുരാണം. പൈങ്കിളിപ്പൈതലേ, നിങ്കൽ—പൈങ്കിളി എന്ന പേരിൽ ഒരു മാസികയുണ്ടാ

Digitized By Kerala Sahitya Akademi

നിൻകുലകൂടസ്ഥയുണ്ടല്ലോ മാമല-
മങ്കതൻ വാർമടിത്തട്ടിൽ വാഴ്‌വൂ,
അക്കിളിതൻ ദിവ്യചൈതന്യമുൾച്ചേർന്നു
നില്ക്കുമെൻ പൈങ്കിളിപ്പൈതല്ലോ, നീങ്കൾ!

യിതന്നു. അതിന്നു നല്കിയതാണീക്കവിത. രണ്ടിനേയും കൂട്ടിയിണക്കി കൈരളിയുടെ ഒരു മധുരമായ വർണ്ണനം സാധിച്ചിരിയ്ക്കുന്നതു നോക്കുക.

Digitized By Kerala Sahitya Akademi

3. ശ്രീനാരായണഭട്ടപാദർ

1. ശ്രീവിദ്വൽക്കവി ഭട്ടപാദരനഘ-
 പ്രാഗ്വാസനാസഞ്ചയം
തൂവിക്കൊണ്ടൊരു മൂന്നുവർഷശതിതൻ
 മുമ്പെങ്ങു സഞ്ജാതനായ്,
ആ വിപ്രേന്ദ്രഗൃഹത്തിനൊട്ടരികിലായ്-
 ശ്ശോഭിച്ച തൂച്ചന്ദന-
ക്കാവിന്നിപ്പൊഴുമുണ്ടു നാട്ടിനു കുറി-
 ക്കൂട്ടാം നറും തൂമണം!

2. താതൻതൻ ജര തൽ പ്രചോദനവശാൽ-
 ക്കഷ്ടിച്ച കയ്യേററതിൽ-
ക്കൂർ തങ്കം പുതഭൃപനെബ്ഭ്രഹ പുക-
 ഴ്ത്തീടും പുരാണങ്ങളേ,

1098-മകരത്തിൽ എഴുതിയത്.

1. അനഘപ്രാഗ്വാസനാസഞ്ചയം=പുണ്യമായ പൂർവ്വ വാസനയുടെ സമൂഹം. മൂന്നു വർഷശതി=മുന്നൂറുകൊല്ലം. വിപ്രേന്ദ്രഗൃഹം=ബ്രാഹ്മണഗൃഹം. ചന്ദനക്കാവ്. മേല്പത്തൂർ ഭട്ടതിരിപ്പാടിന്റെ ജന്മസ്ഥലത്തിന്റെ പേരു്.അവിടെ മുമ്പ് ചന്ദനക്കാവ് ഉണ്ടായിരുന്നിരിക്കാം. അതിന്റെ ഹൃദ്യമായ സൌരഭ്യംഇന്നും നാട്ടിന്നു കുറിക്കൂട്ടായിശ്ശോഭിക്കുന്നു. ആ സ്ഥലം ഇന്നും അത്ര സുപ്രസിദ്ധമാണല്ലോ.

2. താതൻതൻ ജര............കയ്യേററ—പൂരു തന്റെ പിതാവിന്റെ ജര ഏററുവാങ്ങിയതായി ഭാരതകഥ പറയുന്നു. തൽപ്രചോദനവശാൽ=അദ്ദേഹത്തിന്റെ നിർബന്ധം

Digitized By Kerala Sahitya Akademi

ആതങ്കേന വിലക്കിനിന്ന ഗുരുവിൻ
ദേഹത്തിൽനിന്നിച്ഛയാ
വാതവ്യാധിയുഴിഞ്ഞുവാങ്ങിയ യുവാ-
വാണീ വിശിഷ്ടദ്വിജൻ!

3. അച്ഛൻതൻ കടുദണ്ഡമേററവശനായ്
പ്രഹ്ലാദനൊട്ടേറെ നാ-
ള,ച്ഛന്നം ഗുരുരോഗമേന്തി വിഷമി-
ച്ചാനീ വിശാലാശയൻ.

നിമിത്തം. അങ്ങനെയുള്ള പുരുവിനെ പുകഴ്ത്തുന്ന പുരാണങ്ങൾ ഇക്കഥ അറിയുന്നില്ലായിരിയ്ക്കുമോ? കഷ്ടിച്ച്—അതിലുള്ള വൈമനസ്യം ധ്വനിയ്ക്കുന്നു. ആതങ്കം=ദുഃഖം; കഷ്ടപ്പാട്. ഗുരുവിൻദേഹം-മേല്പത്തൂരിൻെറ ഗുരുനാഥനായിരുന്ന അച്യുതപ്പിഷാരോടി. വിലക്കിനിന്നു=ഗുരു വിലക്കിയിട്ടും. മേല്പത്തൂരിൻെറ വാതരോഗം ഗുരുവിൽനിന്നുഴിഞ്ഞു വാങ്ങിയതാണത്രേ. പുരു അച്ഛൻെറ നിർബന്ധത്താലാണ് ജര ഏററുവാങ്ങിയതെങ്കിൽ, മേല്പത്തൂരിന്നു് അതൊന്നും വേണ്ടിവന്നില്ല! ഈ പൂജ്യമായ ത്യാഗത്തെ പുരാണങ്ങൾ അറിയുന്നില്ലഎന്നുവരുമോ! വിശിഷ്ടദ്വിജൻ—അത്രയും മേല്പത്തൂരിന്നു് അതിൻെറയൊന്നും ആവശ്യം വേണ്ടിവന്നില്ല! വിശിഷ്ടനായതുകൊണ്ടു മാത്രമാണ് ശ്രീ മേല്പത്തൂരിന്ന് അതു സാധിച്ചതെന്നു വ്യംഗ്യം.

3. അച്ഛൻെറ—ഹിരണ്യകശിപുവിൻെറ തീവ്രമായ ദണ്ഡമേററ് പ്രഹ്ലാദൻ വളരെക്കാലം കഷ്ടപ്പെട്ടുവല്ലോ. അച്ഛന്നം=പ്രത്യക്ഷമായ. ഗുരുരോഗം=കനത്ത മഹാരോഗം. സുജനാന്തരംഗകനകം=സജ്ജനങ്ങളുടെ അന്തരംഗമാകുന്ന സ്വർണ്ണം. ദുഃഖാഗ്നിയിലിട്ടു ഉരുക്കി ലോകേശ്വരൻ അതിന്നു മാ

Digitized By Kerala Sahitya Akademi

സ്വച്ഛന്ദം സുജനാന്തരംഗകനകം
ദുഃഖാഗ്നിയിൽച്ചുട്ടു ചു-
ട്ടച്ഛശ്രീ പെരുകിച്ചനർഘനിലയിൽ-
ച്ചേർക്കുന്നു ലോകേശ്വരൻ!

4. നോവിക്കും പവനാർത്തി നീങ്ങുവതിന-
ദ്ദോഷജ്ഞവര്യൻ പുരോ-
ഭുവിൽ ശ്രീപവനാലയേശനെ നമി-
ച്ചെന്തൊന്നു നിർമ്മിച്ചുവോ
ആ വിഖ്യാതരസായനം വിമലതാ-
സന്ദായി സാരസ്വതം
സേവിച്ചിന്നുമനേകർ നേടിടുവതു-
ണ്ടായുസ്സുമാരോഗ്യവും!

ററു കൂട്ടുന്നു! ദുഃഖാനുഭവംകൊണ്ട് ഹൃദയം നിർമ്മലവും ഈശ്വരോന്മുഖവുമായിത്തീരുന്നുവെന്നു സാരം.

4. പവനാർത്തി=വാതരോഗം. ദോഷജ്ഞവര്യൻ=വിദ്വാൻ; വൈദ്യശാസ്ത്രനിപുണൻ. (മേല്പത്തൂർ വലിയ വൈദ്യശാസ്ത്രവിശാരദനുമായിരുന്നു.) ശ്രീപവനാലയേശനെ=ഗുരുവായൂരപ്പനെ. പുരോഭുവിൽ നമിച്ച്=മുമ്പിൽ നമസ്കരിച്ച്. വിഖ്യാതരസായനം=സുപ്രസിദ്ധമായ മധുരൌഷധം. (രോഗത്തിനു രസായനസേവ ആവശ്യമാണല്ലോ) വിമലതാസന്ദായി=നൈർമ്മല്യത്തെ ഉളവാക്കുന്നത്. സാരസ്വതം: ഗ്രന്ഥം. ഇന്നും നാരായണീയം നിത്യം പാരായണംചെയ്ത് ആളുകൾ രോഗമുക്തിയും ഹൃദയശുദ്ധിയും നേടുന്നു.

5. ത്രാസം=ഭയം. നാരായണീയത്തിലെ കാളിയമർദ്ദനവും ഗോപസ്ത്രീ (വല്ലവി)കളുമായുള്ള രാസക്രീഡയും മററും

Digitized By Kerala Sahitya Akademi

5. ത്രാസം നല്കിയുയന്ന കാളിയ ഫണീ-
ന്ദ്രൻതൻ ഫണാഗ്രത്തിലും
രാസക്രീഡയിൽ വല്ലവീനടുവിലായ്
വൃന്ദാവനത്തിങ്കലും
ഹാ, സർവ്വോത്തരമാകുമാ മുരളിതൻ
പാട്ടേ,ററുപാടിദ്ധൃതോ-
ല്ലാസം നർത്തനമാടി തൽക്കവിതയാൾ
ഗോവിന്ദനൊന്നിച്ച താൻ!

6. ഉൾത്തുകം കുതുകാൽ വിഭുപ്രതിമയെ-
ക്കൊണ്ടാശു മിണ്ടിച്ചുതാൻ
ചെയ്തു വൈദികനാകുമിസ്സുകൃതിതൻ
സൽക്കാവ്യമന്ത്രോച്ചയം;
പാൽത്തുകം സ്തവനങ്ങളാൽ തലകുണ-
ക്കിച്ച മഹാൻ മററാരാൾ!
ഏതുജ്ജ്വലഭക്തി നിന്നിൽ വിളയി-
ല്ലെൻ ഭാരതക്ഷേത്രമേ!

വായിക്കുമ്പോൾ മേല്പ്പുത്തൂരിന്റെ കവിതാകാമിനി ധൃതോല്ലാസം (ഉല്ലാസമായി) കൃഷ്ണനോടൊപ്പം വേണുഗാനത്തോടേ താളമൊപ്പിച്ച നൃത്തം മുതിർത്തിരുന്നതായി സഹൃദയക്കു തോന്നും!

6. ഉൾത്തുതം=ഹൃദയംനിറഞ്ഞ. വിഭുപ്രതിമയെ...... മിണ്ടിച്ചുതാൻ ചെയ്തു—മേല്പ്പുത്തൂർ ഭഗവാനോടു സംസാരിച്ചതായി ഐതിഹ്യം. 'മൌലിരത്നം ദദൌ തേ' എന്നു നാരായണീയം രാമാവതാരവർണ്ണനത്തിൽ. കൃഷ്ണൻ രാമനായി അവതരിച്ചതാണോ, എന്നു മേല്പ്പുത്തൂരിന്നു പെട്ടെന്നു സംശയമുണ്ടായിഎന്നും ഭഗവാൻ ആ സമയത്തു് അതു 'ഞാൻതന്നെയാണ്'

Digitized By Kerala Sahitya Akademi

7. കാമം വിട്ട വളൎന്ന ഭക്തി, ബലിജിൽ
ബാലൻെറ മെയ്പോലതാ
സാമഗ്ര്യേണ ജഗൽക്കടാഹകുഹരം
വ്യാപിച്ചനില്പാകയാൽ,
വ്യോമത്തിങ്കലുഡുക്കളും കുഴികളിൽ-
ക്കീടങ്ങളും താവക-
പ്രേമത്തിൻ പരിചുംബനാമൃതമൊരേ-
മട്ടിൽബ്ഭുജിച്ചു വിഭോ!

8. പീലിക്കുന്തലഴഞ്ഞു, ഫാലതിലകം
വേൎപ്പാൽ നനഞ്ഞോമന-
ക്കാലിൽച്ചേറുപതിഞ്ഞു കിങ്ങിണികിഴി-
ഞ്ഞിമ്പം വഴിഞ്ഞങ്ങനെ

എന്നു പറഞ്ഞുവെന്നും ഐതിഹ്യം. സൽക്കാവ്യമന്ത്രോച്ച യം–നാരായണീയം ഒരേസമയംതന്നെ മികച്ച കാവ്യവും മ ന്ത്രവുമത്രേ. പാൽത്തുകം..........മറെറാരാൾ–ലീലാശുകൻ. പാൽത്തുകം–അത്ര ലളിതമനോഹരമായിരുന്നു ലീലാശുക ൻെറ രീതി. ഭാരതക്ഷേത്രത്തിൽ എത്ര കനത്ത ഭക്തിതന്നെ വിളയില്ല!

7. കാമംവിട്ട=പ്രപഞ്ചമോഹങ്ങൾ കൈവിട്ട്. ബലി ജിൽബാലൻ=വാമനൻ. സാമഗ്ര്യേണ=മുഴുവനും. വാമനൻ മൂന്നടികൊണ്ടു് ഭൂമിയും സ്വൎഗ്ഗവും പാതാളവും ഒന്നിച്ചള ക്കുകയാണല്ലോ ചെയ്തതു്. അതുപോലെ മൂന്നുലോകത്തേ യ്ക്കും വ്യാപിച്ചതാണു് മേല്പത്തൂരിൻെറ ഭക്തി എന്നൎത്ഥം. ജഗൽകടാഹകുഹരം=ബ്രഹ്മാണ്ഡം. ഉഡുക്കൾ=നക്ഷത്രങ്ങൾ. ആ പ്രേമം ആകാശത്തിൽ നക്ഷത്രങ്ങൾക്കും കുഴിയിൽ പുഴു ക്കൾക്കും ഒരുപോലെ അനുഭവവേദ്യമാണെന്നു്. പരിചുംബ നാമൃതം=ചുംബനമാകുന്ന അമൃതു്.

Digitized By Kerala Sahitya Akademi

കാലിപ്പിള്ളരുമായ്ക്കളിയ്ക്കുമൊരു
കൊച്ചോടക്കുഴൽക്കാരനെ-
ച്ചേലിൽക്കണ്ടു രസിച്ച ധന്യനവിടു-
ന്നെപ്പോഴുമെല്ലാററിലും!

9. ധീമൻ, ദുഷ്ക്കരമന്യയോഗയുഗളം
മങ്ങിച്ച സൽബ്ഭക്തിതൻ
വൈമല്യത്തിനെ വീണ്ടുകാട്ടിയതിഹ
ത്വൽപ്രേമബാഷ്പാംബുതാൻ.
ശ്രീമൽപാണിനിശാസ്ത്രപംക്തിയിലിടം
കിട്ടാഞ്ഞു ഖേദിച്ചവ-
ക്കാമട്ടിൽശ്ശരണീഭവിച്ചതു ഭവൽ-
സർവ്വസ്വസമ്പത്തിതാൻ!

8. ഫാലതിലകം=നെററിയിലെ പൊട്ട്. എപ്പോഴു മെല്ലാററിലും—മേല്പത്തൂർ എപ്പോഴും എല്ലാററിലും ഗുരുവാ യൂരപ്പനെ കണ്ടു് ലയം പ്രാപിച്ചിരുന്നു! അത്ര ഏകാന്തഭ ക്തിനിരതനായിരുന്നു അദ്ദേഹം.

9. ധീമൻ=ബുദ്ധിശാലിൻ. അന്യയോഗയുഗളം=ജ്ഞാ ന-കർമ്മയോഗങ്ങൾ. ഭക്തിയോഗത്തെ കൊണ്ടാടിയവർ വള രെക്കുറച്ചാകയാൽ, അതിന്നു തട്ടിയ മങ്ങലിനെ തീർത്തു വൈമല്യമുളവാക്കിയതു് അങ്ങയുടെ ഈശ്വരപ്രേമവിഷയ കമായ കണ്ണീർത്തുള്ളികളാണ്! ഭക്തിയുടെ മുഖ്യത്തിൽ കണ്ണീരുറക്കമല്ലോ. പാണിനിശാസ്ത്രം...കിട്ടാഞ്ഞു—പാണി നിയുടെ വ്യാകരണഗ്രന്ഥത്തിൽ സ്ഥലം കിട്ടാതിരുന്ന, അ പാണിനീയമെന്നു കരുതിയ പദങ്ങൾക്കു (തന്നിമിത്തം ഖേ ദിച്ചവയ്ക്കു) പിന്നീടു മേല്പത്തൂരിൻെറ പ്രക്രിയാസർവ്വസ്വമെന്ന വിഖ്യാതവ്യാകരണഗ്രന്ഥമാണ് ആ ഖേദം തീർത്തതു്—

Digitized By Kerala Sahitya Akademi

10. താരുണ്യംവരെ മൂഢനായവനതാ
വിസ്തീർണ്ണവിജ്ഞാനനായ്-
ത്തീരുന്നൂ, പല ശിഷ്യരെക്കുശല-
രാക്കുന്നൂ വിചാരങ്ങളിൽ;
ചാരുഗ്രന്ഥശതം ചമച്ചമൃതമേ-
കുന്നൂ സചേതസ്സുകൾ-
ക്കാ;-ണ്ടിങ്ങു തവോദയം തടയുവാൻ
പ്രാഗ്ജന്മസംസ്കാരമേ!

അപാണിനീയമെന്നു കരുതിയ പല പദങ്ങളും അങ്ങനെയല്ലെന്നു മേല്പുത്തൂർ വാദിച്ചു.

വിശ്രാമസ്യാപശബ്ദത്വം
വൃത്യുക്തം നാദ്രിയാമഹേ.
മുരാരിഭവഭൂത്യാദീൻ
അപ്രമാണീകരോതി കഃ?

എന്നു മേല്പുത്തൂർ ചോദിക്കുന്നു. കാളിദാസൻ മുരാരി ഭവഭൂതി എന്നിവർ 'വിശ്രാമം' എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. അതു അപശബ്ദമാണെന്നാണ് കാശികാവൃത്തി (വൃത്തം) എന്ന വ്യാകരണഗ്രന്ഥം വിധിക്കുന്നത്. മേലറഞ്ഞ മഹാകവികളെ ആർ അപ്രമാണീകരിക്കും—അവരുടെ പ്രസിദ്ധപദപ്രയോഗങ്ങൾ തെററാണെന്നു പറഞ്ഞു ആർക്കു തള്ളിക്കളയാനാവും!

10. താരുണ്യം.........വിസ്തീർണ്ണവിജ്ഞാനനായ്... മേല്പുത്തൂർ പത്തുപതിനാറു വയസ്സുവരെ ഒരു മൂഢനായിരുന്നുവെന്നും പിന്നീടാണ് വിദ്യയഭ്യസിച്ച് വിശാലമായ പാണ്ഡിത്യം നേടിയതെന്നും ഐതിഹ്യം. സചേതസ്സുകൾ=സഹൃദയർ. പ്രാഗ്ജന്മസംസ്കാരം=പൂർവ്വജന്മത്തിലെ സംസ്കാരം

Digitized By Kerala Sahitya Akademi

11. മീമാംസാരതരിങ്ങു, വേദകുശല-
ന്മാരങ്ങു, നാനാഗമ-
ഗ്രാമാധ്യക്ഷർ പരത്ര, മററൊരിടമോ
സാഹിത്യസഞ്ചാരികൾ
ഹാ, മാറേററിയ പൊന്നുകാല—മഴലേ,
വെമ്പായ്ക്കു നമ്പൂരിമാ—
ക്കൊ, മാർത്താണ്ഡനുദിച്ചുപൊങ്ങുമിനിയും
പ്രോത്സാഹപൂർവ്വാദ്രിമേൽ.

ചാരുഗ്രന്ഥശതം=മനോഹരമായ് നൂറുനൂറു ഗ്രന്ഥങ്ങൾ. നാരായണീയത്തിന്നു പുറമേ, മേൽപ്പുത്തൂർ അനേകം കൃതികൾ (വ്യാകരണമടക്കം) എഴുതിയിട്ടുണ്ട്.

11. മീമാംസാരതർ=മീമാംസയിൽ തൽപരർ. നാനാഗമഗ്രാമാധ്യക്ഷർ=പല പല വേദഗ്രാമങ്ങളുടെ തലവന്മാർ. (കേരളത്തിൽ പല പല വേദഗ്രാമങ്ങളുമുണ്ട്. ഓരോ ഭാഗത്തും ഓരോ വേദത്തിന്നാണ് പ്രാമുഖ്യം.) പരത്ര=മററൊരു ഭാഗത്ത്. മാർത്താണ്ഡ.........പൂർവ്വാദ്രിമേൽ—ആ പഴയ ഉത്സാഹം അവർക്കിനിയും ഉദിച്ചുയരും, വ്യസനിക്കേണ്ട. ഈ കവിത ആദ്യമായി നമ്പൂതിരിമാരുടെ 'യോഗക്ഷേമ'പത്രത്തിലാണ് പ്രസിദ്ധീകരിച്ചത്. ഈ ഒടുവിലത്തെ ശ്ലോകത്തിന്റെ പ്രസക്തി അതാണ്.

Digitized By Kerala Sahitya Akademi

4. മന്ത്രിരിങ്ങക്കുഴമ്പ്

1. കററം ചുമത്തിച്ചൊടിയ്ക്കും പ്രിയയോടു
ചെററും പതറാതെ ചൊല്ലീ യുവാവവൻ:
''ചിന്നതൻവീട്ടിൽ ഞാൻ പോകയുണ്ടായ് ശരി
തന്നെയാണെ,ന്തിനീയീഷ്യ നിനക്കിതിൽ?
മിന്നല്ക്കൊടിയ്ക്കു സപത്നിയാമോ, മുകിൽ
സന്നിധാനംചെയ്ത താരക,യോമലേ?
കാദംബിനീദർശനോന്മുഖനാം മയിൽ
വീതചാരിത്രനോ, കേകിനീദൃഷ്ടിയിൽ?

2. ദ്യോവിങ്കലെപ്പനിനീർക്കാവിലാസ്ഥയാ
പൂവറുപ്പാൻ പോലണഞ്ഞ സന്ധ്യയെയും,

1121 മേടത്തിൽ എഴുതിയത്.

1. മുകിൽ സന്നിധാനം ചെയ്ത=മേഘച്ഛന്നമായ. നക്ഷത്ര(താരക)മാണെങ്കിലും മേഘത്തിൻെറ മറവു വന്നാൽ അതിൻെറ ശോഭ മങ്ങുമല്ലോ. കാദംബിനീദർശനോന്മുഖൻ=മേഘത്തെ കാണാൻ വെമ്പൽ കൊള്ളുന്നവൻ. വീതചാരിത്രൻ=ചാരിത്രം നഷ്ടപ്പെട്ടവൻ. കേകിനി=പെണ്മയിൽ. പ്രസ്തുതമായ ഉപമയിൽനിന്നു തനിയ്ക്കു ചാരിത്രം നഷ്ടപ്പെട്ടിട്ടില്ലെന്നും താൻ ആണ്മയിൽ മേഘത്തെ എന്നപോലെ ചിന്നയെ കാണുകയേ ഉണ്ടായുള്ളുവെന്നും ധ്വനിയ്ക്കുന്നു. ആണ്മയിലാണ് മേഘത്തെ കാണുമ്പോൾ ആഹ്ലാദനൃത്തം ചെയ്യുക പതിവ് എന്നോക്കുക.

2. ദ്യോവ്=ആകാശം. പശ്ചിമാകാശത്തിലെ ത്തുടുപ്പിനെ പനിനീർക്കാവായി കല്പിച്ചിരിയ്ക്കുന്നു. ശൈലതടി=മലഞ്ചോല. ലോലോർമ്മി=ഇളകുന്ന അലകളോടു കൂടിയത്. അം

Digitized By Kerala Sahitya Akademi

മിന്നാമിനുങ്ങായ പൊൻപുള്ളിയങ്ങിങ്ങു
മിന്നുമിരുൾപ്പട്ടുടുത്ത നിശയെയും,
ആററിൻെറ നീർത്തുള്ളി വൈരപ്പൊടികളെ-
ക്കാറേറാട്ട വാങ്ങുന്ന ശൈലതടിയെയും,
ലോലോർമ്മിബാഹുവായ്പ്പേർത്തുപേർത്തംബുധി
കാലുഴിയാൻ വരും വേലാവനിയെയും,
ചൈത്രോത്സവത്തിൽസ്സുവർണ്ണവിഭൂഷകൾ
ചാർത്തിച്ചമഞ്ഞ ചാംപേയവല്ലിയെയും
തങ്കക്കതിരിട്ട താരുണ്യപുഷ്ടിയിൽ-
ക്കണ്ണെവരുന്ന കേദാരലക്ഷ്മിയെയും
കുങ്കുമംപൂശിയപോലുള്ള പൂങ്കുല-
ക്കൊങ്കയാൽച്ചാഞ്ഞ കങ്കേളിലതയെയും,
ചഞ്ചരീകത്തിൻെറ ചാടുവാക്യങ്ങളിൽ-
പ്പുഞ്ചിരിക്കൊള്ളുന്ന പൂമാലതിയെയും—
അപ്പൊളപ്പോളെനിസ്സാക്ഷി തെളിയുമാ-
റിപ്പല്ലവാരുണച്ചൂണ്ടുവിരലിനാൽ

ബുധി=സമുദ്രം. സമുദ്രത്തിൻെറ കല്ലോലങ്ങൾ ഇളകിമറിഞ്ഞു വരുന്നത് വേലാവനിയെ (തീരത്തെ) കാലുഴിയാൻ ചെല്ലുന്നതായികല്പിച്ചിരിക്കുന്നു. ചൈത്രോത്സവം=വസന്തം. ചാംപേയവല്ലി=ചമ്പകവള്ളി. തങ്കക്കതിരിട്ട—വിളഞ്ഞ കതിർ സ്വർണ്ണവർണ്ണമാണല്ലോ. കേദാരലക്ഷ്മി=വയലാകുന്ന ശ്രീ. കങ്കേളിലത=കരിങ്കുറിഞ്ഞിവള്ളി. ചഞ്ചരീകം=വണ്ട്. പൂമാലതി=പിച്ചകം. പല്ലവാരുണം=തളിർപോലെ ചുകന്നത്. സൌമുഖ്യപൂർവം=പ്രസന്നതയോടേ; മുഖം കറുക്കാതെ. സൌന്ദര്യദർശിനി=സൌന്ദര്യത്തെ കാണുന്നവൾ. മേൽപ്പറഞ്ഞതിൻെറ ഓരോന്നിൻെറയും സൌന്ദര്യത്തെ തൻെറ പ്രിയതമ വ

Digitized By Kerala Sahitya Akademi

സൌമുഖ്യപൂർവ്വമേ കാണിച്ചതന്നോരു
സൌന്ദര്യദർശിനി–നിന്നിൽനിന്നെങ്ങുപോയ്!

3. പേലവാംഗം കലഹോക്ഷ്മാവിൽ വാട്ടൊലാ
വെല്ലത്തിടാമോ, മൃണാളനാളം വൃഥാ!
കാരണം കൂടാതെയല്ല, ഞാനീയയ–
ല്ക്കാരിയെക്കാണ്മാൻ മുതിർന്നതും സാംപ്രതം.
കേറിപ്പറഞ്ഞാൻ സുഹൃത്തൊരാളെന്നൊടി–
ന്നേ,റെപ്പകൾക്കാർക്കു, തൻപ്രേമപാത്രിയെ.
പാരിൽ ജനകൻെറ സൃക്ഷിപ്പുമച്ചിലെ–
ച്ചാരുതാസംപത്തിനററമുണ്ടോ, സഖേ?
വാദിപ്പതില്ല, ഞാൻ സമ്മതിച്ചേനൊരു
ശീതാംശുലേഖതാൻ, താങ്കൾതൻ ദേവകി;

ളരെ സൌമുഖ്യത്തോടേ കാണിച്ചതന്നിരുന്നു താൻ പല പ്പോഴും നോക്കിക്കണ്ടിട്ടുണ്ട്. ഇപ്പോഴും അന്തരമൊരു ദൃ ശ്യം കണ്ടാസ്വദിയ്ക്കാനാണ് താൻ പോയത്. അതിലെന്തേ ഈ സൌന്ദര്യദർശിനിയ്ക്ക് ഇത്ര വൈരം തോന്നാൻ? ഇതിൽ എല്ലാം സ്ത്രീലിംഗമാണ് പ്രയോഗിച്ചിട്ടുള്ളതെന്നു കാണുക.

3. പേലവാംഗം=മൃദുവായ ദേഹം. കലഹോഷ്മാവ്= കലഹച്ചൂട്. മൃണാളനാളം=താമരവളയം. പ്രേമപാത്രിയെ= പ്രേമത്തിന്നു പാത്രമായവൾ. ചാരുതാസംപത്ത്=സൌന്ദ ര്യസമ്പത്ത്. ശീതാംശുലേഖ=ചന്ദ്രക്കല.

ഉഷസ്സിൻെറ മുമ്പിൽ അമ്പിളി വിളറുമല്ലോ. ഉഷസ്സും അമ്പിളിയും മനോഹരംതന്നെ. ഉഷസ്സിൻെറ മുമ്പിൽ അ മ്പിളിയുടെ സൌന്ദര്യം എങ്ങനെ മങ്ങുമോ, അങ്ങനെതന്നെ യാണ് ചിന്നയുടെ മുമ്പിൽ ദേവുവിൻെറ സൌന്ദര്യവും എ

Digitized By Kerala Sahitya Akademi

ചിന്നയോ, ചെംപൊന്നുഷസ്സാണ,വളുടെ
മുന്നിലെത്രസ്സു വിളങ്ങുമീയമ്പിളി!
വാസ്തവമുണ്ടോ വയസ്യോക്തിയിലെന്നു
പാർത്തറിഞ്ഞിടാനൊത്തൽക്കുന്നതോന്നി മേ—
മറ്റെന്തവളൊരു ഹേമന്തചന്ദ്രിക
തിട്ടമെൻ ദേവ്യവോ വാസന്തകൌമുദി!
വന്നില്ല വിശ്വാസമെങ്കിൽ, വളഞ്ഞുതാൻ
നിന്നുകൊള്ളട്ടെ, നിൻവില്ലൊളിച്ചില്ലികൾ,
എന്തുകൊണ്ടെന്നാൽ, മിഴിയ്ക്കു മധുരമാം
മുന്തിരിങ്ങക്കഴമ്പാണിരുവസ്തു മേ:
കാലേവിരിയുന്ന രക്താരവിന്ദവും
കേളികോപത്താൽത്തുടുത്ത നിൻഗണ്ഡവും!

ന്നഭിപ്രായം. വയസ്യോക്തി=സുഹൃത്തിന്റെ ചൊല്ല്. സ്നേഹിതൻ പറഞ്ഞതു വാസ്തവമാണോ എന്നറിയാൻ മാത്രമാണ് താൻ ചിന്നയുടെ വീട്ടിൽ പോയത്. അവൾ ഹേമന്ത ചന്ദ്രിക (മഞ്ഞുകാലത്തിലെ നിലാവ്) ആണ്. ദേവ്യവാകട്ടേ, വസന്തകൌമുദിയും (വസന്തത്തിലെ ചന്ദ്രികയും) രണ്ടും മനോഹരമാണെങ്കിലും, രണ്ടിനുംതമ്മിലുള്ള വ്യത്യാസം വ്യഞ്ജിപ്പിയ്ക്കുന്നു. വില്ലൊളിച്ചില്ലികൾ=വില്ലുപോലുള്ള പുരികങ്ങൾ. ഇപ്പറഞ്ഞതിലൊന്നും വിശ്വാസംവന്നില്ലെങ്കിൽ നിന്റെ പുരികങ്ങൾവളഞ്ഞുതന്നെ നിന്നുകൊള്ളട്ടെ' എന്നു്. എന്തെന്നാൽ, പുലർവേളയിൽ വിരിയുന്ന രക്താരവിന്ദവും (ചെന്താമരയും) കേളികോപത്താൽ (കളിയായി ദേഷ്യപ്പെട്ട) തുടുത്ത നിന്റെ (ഗണ്ഡവും) കവിൾത്തടവും എന്റെ കണ്ണുകളിൽ മുന്തിരിങ്ങക്കഴമ്പുപോലെ മാധുര്യം പകരുന്നതാണ്. മുന്തിരിങ്ങക്കഴമ്പിന്റെ നിറവും തുടുത്തതാണല്ലോ.

Digitized By Kerala Sahitya Akademi

5. പൊയ്കയും പോത്തും

ശ്യാമശ്രുപരാം ചില
    പനകൾ പാറാവിനു-
ള്ളാ മലച്ചെരിവിങ്കൽ
    നിങ്ങൾക്കു കാണാം ചെന്നാൽ;
ആരണ്യലക്ഷ്മിയുടെ-
    യീറനാമുടയാട
തോരുവാൻ വിരിച്ചതായ്-
    ത്തോന്നുമാറൊരു കുളം.
പഴതായൊരു തണ്ണീർ-
    ത്തൊട്ടിയാണതു, നാടൻ
വഴിപോക്കർക്കും ചാരേ
    കിടക്കും പാടങ്ങൾക്കും;
നിഷ്കമ്പമനോരാജ്യം
    കൊണ്ടു മേല്പോട്ടേ നോക്കി

1123 തുലാത്തിൽ എഴുതിയതു്.

1. ശ്യാമശ്രുപർ=കറുത്തനിറത്തോടുകൂടിയവർ. പാറാവിനു്—നീണ്ടുനിവുന്നു് അനങ്ങാതെ നില്ക്കുന്നതു കണ്ടാൽ, കാവൽക്കാരെപ്പോലെ തോന്നും—ആരണ്യലക്ഷ്മി=വനശ്രീ. ഉടയാട=ഉടുവസ്ത്രം. ആ മലംചെരിവിൽ വെയിൽ തട്ടിമിന്നുന്ന കുളം കണ്ടാൽ, വനശ്രീയുടെ ഈറനായ ഉടുവസ്ത്രം തോരാൻ വിരിച്ചതായ് തോന്നും. പഴതായൊരു തണ്ണീർ.. ....പാടങ്ങൾക്കും. വളരെക്കാലമായി അതു നാട്ടിലെ വഴിപോക്കർക്കു ദാഹം തീർക്കാനും അടുത്തുള്ള വയലുകൾക്കു അനുഷ്ഠാനമുള്ള ഒരു തണ്ണീർത്തൊട്ടിയാണു്. നിഷ്കമ്പമനോ-

Digitized By Kerala Sahitya Akademi

നില്ക്കുന്നുണ്ടതിലങ്ങി,-
　　ങ്ങാമ്പലും നൈതൽപ്പൂവും.
ചൂണ്ടയെപ്പോലും കണ്ടി-
　　ട്ടില്ലാതെ നിത്യാഹ്ലാദം
പൂണ്ട മീനുകൾ തത്തി-
　　പ്പാറുമാത്തടാകത്തിൽ
വന്നുചാടിനാനൊരു
　　കാട്ടുപോത്തെങ്ങോനിന്നു,
വെൺനിലാപ്പരപ്പിങ്കൽ
　　മരത്തിൻ നിഴൽ പോലേ,
പുണ്യമാം പുകളിങ്കൽ
　　മിഥ്യാപവാദം പോലേ

രാജ്യം=ഇളക്കമില്ലാതെയുള്ള മനോരാജ്യം. ആമ്പൽപ്പൂക്കളും നൈതൽപ്പൂക്കളും മേല്പോട്ടുതന്നെ നോക്കിനില്ക്കുന്നതു കണ്ടാൽ എന്തോ മനോരാജ്യം കൊള്ളുകയാണെന്നു തോന്നും. മനോരാജ്യം വിചാരിക്കുമ്പോൾ മേല്പോട്ടു നോക്കുക സാധാരണമാണല്ലോ. ചൂണ്ടയെ...തടാകത്തിൽ-ഒരാളും മത്സ്യം പിടിക്കാൻപോലും ചെല്ലാത്തതുകൊണ്ടു് അത്രമേൽ നിർബാധയായി ആഹ്ലാദംകൊള്ളുന്നതാണ് ആ തടാകം. അതിൽ ഒരു കാട്ടുപോത്തു ചെന്നുചാടി. വെളുത്ത നിലാവു പരന്നേടത്ത് മരത്തിന്റെ നിഴൽ പരന്നാൽ എങ്ങനെയിരിക്കുമോ, അതുപോലെ; കീർത്തിയിൽ അപവാദം പതിഞ്ഞാലെന്നപോലെ. പണ്ഡിതപരിഷത്ത്=പണ്ഡിതസമൂഹം. പാമരജനം=അജ്ഞന്മാർ. പർവതശൃംഗപ്രായം=പർവതത്തിന്റെ കൊടുമുടിപോലെയുള്ളത്. അഭൂതചരം=മുമ്പുണ്ടാവാത്ത. ദുർവഹാന

Digitized By Kerala Sahitya Akademi

പണ്ഡിതപരിഷത്തിൽ-
പ്പാമരജനംപോലേ.
പർവ്വതശൃംഗപ്രായ-
മശ്രുതചരമാമി-
ദ്ദുർവ്വഹാനർത്ഥം പെട്ടെ-
ന്നററുവീണതോടൊപ്പം,
മുററിയ ഭയാലോടി-
പ്പോകുവാൻ മുതിന്നിട്ടോ
ചുററിലും കരയിലെ-
ക്കേന്തി, പൊയ്കതൻ വെള്ളം!

2. വലിയ ചൂടു പൊറാ-
ഞ്ഞാവന്യമൃഗത്തിനാൽ
വലിയേ പുല്കപ്പെട്ട
പാവമാം വാപിയ്ക്കയ്യോ,
ഉളകമുൾത്തട്ടിൽ നി-
ന്നവമാനത്തിൻ ദുഃഖം
മുളച്ചു പൊങ്ങി, നാനാ
നീർക്കമിളകളായി,

ർത്ഥം=ദുർവഹമായ ആപത്ത്. ഒരു പർവതക്കൊടുമുടി അററു വീണാലെന്നപോലെ മുമ്പുണ്ടാകാത്ത ദുർവഹമായ ഒരാപത്തായിരുന്നു അത്. അതററുവീണതോടേ, പൊയ്കയിലെ വെള്ളം കരയിലെയ്ക്കേന്തിത്തള്ളി.

2. പൊറാഞ്ഞ്=സഹിയ്ക്കാതെ. വന്യമൃഗം=കാട്ടുമൃഗം. വലിയേ പുല്കപ്പെട്ട-ബലാൽക്കാരം ചെയ്യപ്പെട്ട. വാപി=തടാകം. പോത്തു വെള്ളത്തിൽ ചാടിയതിനെ ബലാൽക്കാരമായി കല്പിച്ചിരിയ്ക്കുന്നു. ആ സമയത്തു പുറപ്പെട്ട നീർപ്പോള

Digitized By Kerala Sahitya Akademi

ക്രൂരനക്കുററൻ കൊമ്പി-
ട്ടടിച്ചു തെറിപ്പിച്ച
വാരിയാൽക്കണ്ണീർ ചിന്നീ,
തീരസ്ഥച്ചെടികളിൽ!

3. നീന്തിയും, മുഴകിയും,
കുളമ്പാലടിമണ്ണു
മാന്തിയു,മലറിയും
കൂത്താടീ പോത്തമ്പാട്ടും;
ശാന്തമായ് പ്രസന്നമാ-
യിരുന്ന സരസ്സു,തോ
ഭ്രാന്തനെപ്പോലെ തുള്ളി-
ക്കീഴമേൽ മറികയായ്.
പായലിൻ കുപ്പായത്താ-
ലാവൃതാംഗനായ്പ്പാടേ
പായുന്ന പരുഷമാം
തുട്ടകൺ നോട്ടത്തോടും,
വക്രമാമിരുകൊമ്പിൻ
കുലച്ച ചിലമ്പോടും,
പൊക്കിവീശിയ വാലാ-
മരവാളൊടും കൂടി

കൾ ചാരിത്രം പോയ്പ്പോയ ഒരു സാധ്വിയുടെ ദുഃഖമായും. കൊമ്പിട്ടടിച്ചപ്പോൾ, വെള്ളത്തുള്ളികൾ കരയിലുള്ള ചെടികളിൽ പററിനിന്നു; അതു ചെടിയുടെ കണ്ണീർത്തുള്ളികളായി കല്പിച്ചിരിക്കുന്നു.

3. പായൽ=ചണ്ടി. ആവൃതാംഗൻ=ശരീരം മൂടിയവൻ. കുളത്തിലെ ചണ്ടി പോത്തിന്റെ ശരീരത്തെ മൂടിയി

Digitized By Kerala Sahitya Akademi

വേട്ടയാട്ടുകയായി
വെള്ളത്തിൽ, വനംപുക്ക
വേട്ടക്കാർ വെടിവെയ്ക്കാൻ
നോക്കുമാ വൻനാല്ക്കാലി;
വാട്ടമാൎന്നുടൻ ചത്തു
മലച്ച മീൻ-മേക്കാച്ചി-
ക്കൂട്ടത്താൽക്കുളമൊരു
ചുടലക്കളമായ്പ്പോയ്!

4. എന്നാൽ,ച്ചെററകലെനി-
ന്നഞ്ചാറു കല്ലേറൊപ്പം
വന്നേററു ചോരയൊലി,-
ച്ച,ന്തിച്ചെമ്മുകിൽപോലായ്
മണ്ടിനാൻ മലയിലെ-
ക്കുയിരും കൊണ്ടക്കാടൻ;
മററെന്തു? വററിത്തീൎന്നി-
ട്ടില്ല, പൊയ്ക്കതൻ ഭാഗ്യം!

ന്നു. പോത്തിൻെറ കാമപരാക്രമങ്ങളെ വൎണ്ണിച്ചിരിക്കുന്നു.

4. പോത്തിനെ വേട്ടക്കാർ എറിഞ്ഞവശരാക്കി. അതു് ചോരയൊലിച്ചു് (അന്തിച്ചെമ്മുകിൽ) സന്ധ്യയിലെ ചുവന്ന മേഘത്തെപ്പോലെയായി. ഉടനെ അതിറങ്ങിവന്ന മലയിലേക്കുതന്നെ ജീവനും (ഉയിരും) കൊണ്ടോടിപ്പോയി. പൊയ്ക്കയുടെ ഭാഗ്യം തീരെ വററിപ്പോകാത്തതുകൊണ്ടു്, അതങ്ങനെ രക്ഷപ്പെട്ടു. എന്തിനാണു് ഈ പരാക്രമങ്ങളൊക്കെ എന്നു ചോദിച്ചാൽ, ആ ജന്തു ഇങ്ങനെ മറുപടി പറഞ്ഞേനേ. പൊയ്ക്ക കീഴമൎത്തിയ (പൊയ്ക്കയുടെ അടിത്തട്ടില്ല

Digitized By Kerala Sahitya Akademi

‘എന്തിനു കലക്കി നീ-
യിക്കുളം?’ ചോദിച്ചാല-
ഇജ്ജന്തു ചൊന്നേക്കാമേവം,
മിണ്ടുവാൻ കെല്പുണ്ടെങ്കിൽ:-
‘പൊട്ട കീഴമർത്തിയ
പോക്കില്ലാച്ചളികളെ-
പ്പൊന്തിപ്പാൻ: അധഃകൃതോ-
ദ്ധാരമെൻ കലധർമ്മം!’

ള്ള) പോക്കില്ലാത്ത ചളി പൊന്തിപ്പാൻ. കുളത്തിലെ ചളി പൊന്തിച്ചാൽ അതു കൂടുതൽ നിർമ്മലമാവുമല്ലോ. അധഃകൃതോദ്ധാരണമാണ് എന്റെ കലധർമ്മം—ചുവട്ടിലുള്ളതിനെ മുകളിലേക്കു പൊക്കിക്കൊണ്ടുവരൽ. അധഃകൃതോദ്ധാരണം, അടിയിലുള്ളവരെ ഉയർത്തിക്കൊണ്ടുവരലാണല്ലോ. ഇപ്പോഴത്തെ അധഃകൃതോദ്ധാരണരീതി ഇങ്ങനെയാണെന്നു ധ്വനിക്കുന്നു.

Digitized By Kerala Sahitya Akademi

6. പ്രേമഗീതം

1\. പൊൻതെളിക്കോപ്പയാം മാർത്താണ്ഡമണ്ഡല-
മന്തിതൻ വീഞ്ഞാൽ തുടുത്തുതുടങ്ങവേ,
ആരും കൊതിക്കുന്ന സൂനൃതോക്തിസുധാ-
സാരം പൊഴിക്കും തടിച്ച ചെഞ്ചുണ്ടിനാൽ
ഗൌരമാം പിഞ്ഞാണമൊന്നിൽനിന്നൊട്ടൊട്ടു
നാരങ്ങനീരു കഴിക്കുകയായ് ഗാന്ധിജി.
ചാരത്തിരുന്നാ വിശുദ്ധനെ വീശിനാൾ
സാരിത്തലപ്പിനാൽത്തത്സഹധർമ്മിണി,
താമരത്തേൻ കൊക്കിലാക്കുന്ന ഹംസത്തെ-
യോമൽച്ചിറകാൽ മരാളികപോലവേ.

2\. നൂതനഭാരതഖണ്ഡത്തിനൻപുററ
മാതാപിതാക്കളാം ദംപതിമാരിവർ,
ശ്രദ്ധയും യജ്ഞവുമെന്നപോലൊന്നിച്ചു
വർത്തിക്കവേ, മുന്നിൽ വന്ന യുവാവൊരാൾ

1121-ൽ എഴുതിയത്.

1\. മാർത്താണ്ഡമണ്ഡലം=സൂര്യമണ്ഡലം. അന്തിനേരത്തെ സ്വർണ്ണോജ്ജ്വലമായ സൂര്യബിംബത്തെ പൊന്നുപോലെ തെളിഞ്ഞുമിന്നുന്ന കോപ്പയായി അധ്യവസായം ചെയ്തിരിക്കുന്നു; അന്തിത്തുടുപ്പിനെ വീഞ്ഞായും. സൂനൃതോക്തിസുധാസാരം=സത്യവാക്കാകുന്ന അമൃതിന്റെ സത്ത്. ഗൌരം=വെളുത്തത്. മരാളിക=അരയന്നപ്പിട. ഗാന്ധിജി സായാഹ്നത്തിൽ പതിവായി മധുരനാരങ്ങനീരു കഴിക്കാറുണ്ടായിരുന്നു. അന്നദ്ദേഹം നാരങ്ങനീരു കഴിക്കുമ്പോൾ കസ്തൂർബാ അടുക്ക

Digitized By Kerala Sahitya Akademi

താണുവന്ദിച്ചാ,ത്ത പുത്തനാം പുസ്തകം
കാണിയ്ക്കവെച്ചു കൈക്കൂപ്പിനിന്നീടിനാൻ
പുഞ്ചിരിക്കൊണ്ടി 'തെന്തെ'ന്നാൻ മഹാത്മാവു;
തൻചെറുകാവ്യമാണെന്നാനുപാഗതൻ:-
'വായിച്ചുനോക്കണമൊന്നിതങ്ങുന്നി,തി-
ന്നായിരം രൂപ ലഭിച്ചു സമ്മാനമായ്.'
'പാതി ഹരിജനത്തിന്നെ'ന്നു തൽക്ഷണം
പാണി നീട്ടീടിനാൻ പാവനചേഷ്ടിതൻ.
പാർത്തു വാ പൊത്തിച്ചിരിച്ചു പാർശ്വസ്ഥര;-
ക്കീർത്തിബുഭുക്ഷുവോ, വാപൊളിച്ചീടിനാൻ!

3. പിന്നെ,യച്ചക്രത്തഴമ്പാർന്ന കൈകൊണ്ടു
തന്നെയക്കാവ്യമെടുത്തു മഹാശയൻ
കണ്ണടകൊണ്ടു മറഞ്ഞതും ശാന്തിതൻ
വണ്ണം തെളിഞ്ഞതുമായ തൃക്കണ്ണിനാൽ
എട്ടുപത്തുവരി നോക്കിവായിച്ചുപോ-
ലൊ,ട്ടേടുകൾ മറിച്ചോരോന്നിൽനിന്നുമായ്,

ലിരുന്നു വീശിയിരുന്നു. അതു കണ്ടാൽ, താമരത്തേൻ കൊത്തിത്തിന്നുന്ന ഹംസത്തെ അരയന്നപ്പിട വീശുന്നപോലെ തോന്നിയിരുന്നു. ഹംസപദം ശ്രേഷ്ഠത്വത്തെ കുറിയ്ക്കുന്നതാണ്. ഉപാഗതൻ=വന്ന ആൾ. ഹരിജനത്തിന്ന്-ഹരിജൻഫണ്ടിലെയ്ക്ക്. പാവനചേഷ്ടിതൻ=പരിശുദ്ധചരിത്രൻ. കീർത്തിബുഭുക്ഷു=കീർത്തി അനുഭവിയ്ക്കാൻ കൊതിയ്ക്കുന്നവൻ. വാപൊളിച്ചീടിനാൻ—ആശ്ചര്യപ്പെട്ടു വാപൊളിച്ചു. ഇതു കരുതാത്തതായിരുന്നു. തീററക്കൊതിയന്മാർ സ്വാഭാവികമായി വാപൊളിയ്ക്കുമല്ലോ.

Digitized By Kerala Sahitya Akademi

ആയതീക്ഷിക്കയാലാത്മാഭിമാനമാം
ചായമണിഞ്ഞു കവിതൻ കവിൾത്തടം:-

(പല ശീലുകളിൽ)

"തരികൊരു ചുംബനം, തരികൊരാലിംഗനം;
തരുണി, നീയെൻ തനിത്തങ്കമല്ലേ!"
"മരണമേ, വരുവരു; മധുമൊഴി വെടികയാൽ
മരുന്നിലമുലകിതു മമ വേണ്ടാ."
"ഒളിമിന്നുമെന്നുടെ പൊന്നിൻകിനാവുകൾ
പുളകങ്ങൾ പൂശിപ്പുളച്ചിടട്ടെ!"
"കരളിൻ കമ്പികൾ മീട്ടി ഞാനോരോ
മുരളീഗീതങ്ങൾ വിതറീടും."
പിഞ്ചു മാന്തളിർ തിന്നു പൂങ്കുയിൽ
പഞ്ചമസ്വരം പാടുന്നു."

3. ഈക്ഷിക്കുക=കാണുക. ആത്മാഭിമാനമാം ചായമണിഞ്ഞു-കവിൾത്തടം തന്നെക്കുറിച്ചുള്ള അഭിമാനത്താൽ ചുവന്നു. മഹാശയനായ ഗാന്ധിജി തന്റെ കവിത വായിക്കുവാൻ കനിഞ്ഞുവല്ലോ.

ഒളിമിന്നു.........മട്ടെ—പൊന്നിൻകിനാവുകൾ (സ്വപ്നങ്ങൾ) പുളകം പൂശി പുളയ്ക്കുക! എത്ര നിരർത്ഥകമായ പദങ്ങൾ! കരളിൻ......വിതറീടും-കമ്പികൾ എന്നു പറഞ്ഞാൽ വീണയാണെന്നാണല്ലോ തോന്നുക. അതെങ്ങനെ മുരളീഗീതങ്ങൾ (ഓടക്കുഴൽഗാനങ്ങൾ) വിതറും? പദങ്ങൾ പ്രയോഗിക്കുന്നതിലുള്ള നിരങ്കുശത്വത്തെയും ഇടക്കാലത്തു പൊട്ടിപ്പുറപ്പെട്ട പ്രേമഗീതങ്ങളുടെ കാമ്പില്ലായ്മയെയും ധ്വനിപ്പിച്ചിരിക്കുന്നു.

Digitized By Kerala Sahitya Akademi

4. പുസ്തകം താഴെവെച്ചൊന്നു ചിരിച്ചു തൽ-
ക്കർത്താവൊടേവം കഥിച്ചു കലാപരൻ.-
പല്ലുകൊഴിഞ്ഞ വായ്കൊണ്ടാസ്വദിയ്ക്കാവ-
തല്ല,നുരക്തിതൻ കല്ക്കണ്ടമിക്കൃതി;
ഫുല്ലമാം ശൃംഗാരമുല്ലവള്ളിയ്ക്കെരി-
ക്കല്ലയോ, ചുക്കിച്ചുളിഞ്ഞ കളേബരം?
നല്ലതുതന്നേ നറുംകുയിൽപ്പാട്ടോടു
തുല്യം ഭവൽപ്രേമഗീതമിതെ;-ങ്കിലും,

4. തൽക്കർത്താവ്: ആ ഗ്രന്ഥം നിർമ്മിച്ച ആൾ. കഥിയ്ക്കുക=പറയുക. കലാപരൻ=കലകളിൽ തൽപരൻ. കലകളിൽ തൽപരനാണെന്നു പറഞ്ഞതു്, കലാസ്വാദനത്തിലുള്ള വൈമുഖ്യംകൊണ്ടല്ല ആ പ്രേമഗീതം രസിയ്ക്കാൻ കഴിയാത്തതു് എന്നു സൂചിപ്പിയ്ക്കുന്നു. അനുരക്തി=അനുരാഗം. ഫുല്ലം=വികസിച്ചതു്. (തഴച്ചതു്.) കളേബരം=ശരീരം. തഴച്ചുവളന്ന ശൃംഗാരമുല്ലവള്ളി, പതുക്കൻ എരിക്കിന്മേൽ എങ്ങിനെ പടരാനാണ്? ചുക്കിച്ചുളിഞ്ഞ തന്റെ ശരീരത്തെ ഗാന്ധിജി എരിക്കിനോടു് ഉപമിച്ചിരിയ്ക്കുന്നു. ഒരുദ്ദേശവുമില്ലാതെ കുയിലുകൾ ഇരുന്നു പാടുന്നതു കേൾക്കാൻ സുഖമുണ്ടു്; എന്നാലും ചർക്കയിൽനിന്നു പുറപ്പെടുന്ന ഗാനമാണ് തന്റെ കർണ്ണയുഗത്തിന്നു് (ചെവികൾക്കു്) അധികം ഇമ്പം നല്കുന്നതു്. കർമ്മപ്രേരകമായ ഗാനത്തിന്നു് കൂടുതൽ ആസ്വാദ്യതയുണ്ടു് എന്നഭിപ്രായം.

കാവ്യകൃൽകണ്ണം=കാവ്യകർത്താവിന്റെ തൊണ്ട. ഗാന്ധിജിയുടെ മേല്പറഞ്ഞ അഭിപ്രായം കേട്ടതോടേ നില്ക്കാതെ

Digitized By Kerala Sahitya Akademi

ഷക്കമേൽനിന്നു പുറപ്പെട്ടും പാട്ടാണു
മൽക്കണ്ണുയുഗ്മത്തിനേറെ പ്രിയംകരം.''

നില്ക്കാതെ രാഗം പ്രവഹിച്ചിരുന്നതാ-
മക്കാവ്യകൃൽകണ്ണമാശ്രു വരണ്ടുപോയ്.

പ്രേമഗീതമാല പിച്ചിരുന്ന ആ കാവ്യകർത്താവിൻെറ തൊണ്ട പെട്ടെന്നു വററിപ്പോയി. കീർത്തിബുഭുക്ഷ നിഷ്ഫലമായി ക്കലാശിച്ചു.

Digitized By Kerala Sahitya Akademi

7. മധുലക്ഷ്മിയുടെ നൃത്തം

1. വേദിയിൽ പ്രവേശിപ്പാൻ
    തുടങ്ങുമപൂർവ്വമാം
ജ്യോതിസ്സിനുടെ മുന്നിൽ-
    ത്തങ്ങളെന്തിനെന്നോർത്തോ,
സഹസാ പൊലിഞ്ഞുപോയ്
    വൈദ്യുതപ്രദീപങ്ങൾ;
സദസ്സിൻ നേത്രങ്ങളോ
    തെളിഞ്ഞൂ ശാലയ്ക്കുള്ളിൽ.
തുംബുരു വീണാവേണു-
    മദ്ദളമൃദംഗാദി-
നിർമ്മിതമായോരമൃ-
    തൊഴുകി മറപ്പിന്നിൽ;

1122 മിഥുനത്തിൽ എഴുതിയത്.

1. വേദി=അരങ്ങ്. ജ്യോതിസ്സ്=പ്രഭ. വൈദ്യുതപ്രദീപങ്ങൾ പൊലിഞ്ഞു—അരങ്ങത്ത് ഒരു മഹാജ്യോതിസ്സ് ഉദിച്ചുയരാൻപോകുന്നു; പിന്നെ തങ്ങളെക്കൊണ്ടെന്തു കാര്യം എന്നോർത്തിട്ടാവാം വിദ്യുൽവിളക്കുകൾ കെട്ടുപോയതെന്നു്. സദസ്സിൽ........തെളിഞ്ഞു. അതോടൊപ്പം സദസ്യർ കണ്ണും മിഴിച്ചിരിപ്പായി! മറപ്പിന്നിൽ=തിരശ്ശീലയ്ക്കു പിന്നിൽനിന്നു വാദ്യസംഗീതമാകുന്ന അമൃത് ഒഴുകുകയായി. ശിഞ്ജം=മനോഹരം. ചിലങ്കപ്പാട്ട്—നർത്തകിയുടെ കാലിലുള്ള ചിലങ്കയുടെ സംഗീതം. ഔത്സുക്യത്താൽ—സദസ്യരുടെ ഔത്സുക്യം അത്ര കനത്തതായിരുന്നതിനാലായിരിക്കാം ചിലങ്കയുടെ സംഗീതം ആ വാദ്യത്തിന്നിടയിലും കേൾക്കുന്നതായിത്തോന്നിയത്. വാദ്യസംഗീതത്തി

Digitized By Kerala Sahitya Akademi

൦എന്നതിന്നിടയിലും
ശിങ്കമാം ചിലങ്കപ്പാ-
ട്ടൊന്നു കേൾപ്പതായ്ത്തോന്നീ,
സദസ്യക്കൌത്സുക്യത്താൽ!
കണ്ണും പാൎത്തിളകാതെ
കാത്തിരിയ്ക്കയായ് ച്ചിലർ;
കണ്ണടയെടുത്താകെ-
ത്തുടച്ചു ലേസ്സാൽച്ചിലർ;
കത്തിച്ച സിഗാർ താഴ-
ത്തിട്ടിതു ചിലര; ഗ്ര-
വൎത്തികളുടെ മീതേ
പൊക്കിനാർ തല ചിലർ.
കാറൊളിത്തിരശ്ശീല-
പ്പിന്നിൽനിന്നൊരു പുത്തൻ
സൌരഭ്യമെതിരേറ്റു.
സഭ്യനാസികകളെ;

ന്നിടയിൽനിന്നു് അതുയൻ്റ കേൾക്കാൻ വിഷമമുണ്ടല്ലോ. **കണ്ണുംപാൎത്ത്**=ചെവിയോൎത്ത്. ചിലർ ചെവിയോൎത്തു, ചിലർ കാണാനുള്ള ഔത്സുക്യത്താൽ കണ്ണടച്ചില്ലുകൾ ഉടുശ്ശീലയാൽ തുടച്ചു വെടുപ്പാക്കി. ചിലർ സിഗററു കത്തിച്ചതു താഴെയിട്ടു. ചിലർ അഗ്രവൎത്തികളുടെ (മുന്നിലിരിയ്ക്കുന്നവരുടെ) മീതേ തല പൊക്കിനോക്കി. എന്തൊരു കനത്ത ഔത്സുക്യം! കാറൊളിത്തിരശ്ശീലപ്പിന്നിൽനിന്നു്— പിന്നിൽ കറുത്ത തിരശ്ശീലയാണല്ലോ കെട്ടുക, **സഭ്യനാസികകൾ**=സദസ്യരുടെ മൂക്കുകൾ. സദസ്യൎക്കു് ഒരു പുതിയ സൌരഭ്യം ഉയൻ്റുപരക്കുന്നതായിതോന്നി. ദിവ്യഭ്രമിയി...

Digitized By Kerala Sahitya Akademi

പാരിടം വെടിഞ്ഞതോ
ദിവ്യഭൂമിയിലേയ്ക്കു
കേറുകയായീ ചിക്കെ-
ന്നവർതന്നുൾക്കാമ്പുകൾ!
ഉടനുൾപ്പൂകാനോടി-
ച്ചെന്ന കൺകൾതൻ കുത്താൽ
നടുകീറിയപോലെ
മുന്മറ രണ്ടായ് നീങ്ങീ.
ഒരു നക്ഷത്രമതാ
കൊണ്ടലിൻ മധ്യേ; വാതിൽ
തുറന്ന തൃക്കോവിലിൽ-
ക്കാണായീ സുവിഗ്രഹം!

......കാമ്പുകൾ—അതോടുകൂടി അവരുടെ മനസ്സിന്നു് ദിവ്യമായ ഒരനുഭൂതിയുണ്ടായി. ഉട.........കുത്താൽ—കാണാനുള്ള വെമ്പൽപോലും കണ്ണുകൾ പാഞ്ഞുചെന്നു കേറിയതിനാൽ-നടു.........നീങ്ങി—തിരശ്ശീലയുടെ നടു രണ്ടു ഭാഗത്തേയ്ക്കും വലിഞ്ഞു. തിരശ്ശീല പെട്ടെന്നു നീങ്ങിയതു് പ്രേക്ഷകരുടെ കാണാനുള്ള വെമ്പൽ നിമിത്തമുള്ള കണ്ണിൻെറ കുത്തേററതായി കല്പിച്ചിരിയ്ക്കുന്നു. കൊണ്ടൽ=കാർമേഘം—പിന്നിലുള്ള കറുത്ത തിരശ്ശീല. അതിന്മേൽ കറുത്ത മേഘത്തിന്മേലെന്നപോലെ ഒരു നക്ഷത്രം കാണുമാറായി—നർത്തകിയെ നക്ഷത്രമായിക്കല്പിച്ചിരിയ്ക്കുന്നു—ഇംഗ്ലീഷിൽ അഭിനയക്കാരെ സ്റ്റാർ എന്നു പറയാറുള്ളതോർക്കുക. വാതിൽ...... സുവിഗ്രഹം—ക്ഷേത്രത്തിൻെറ നടവാതിൽ തുറന്നാൽ ആരാധകന്മാർക്കനുഭവപ്പെടാറുള്ള അനുഭൂതിവിശേഷമാണ്, പ്രേ

Digitized By Kerala Sahitya Akademi

എന്തിതു, മരകത-
രത്നപ്പൊൻപ്രതിമയോ
ചന്തത്തിൽപ്പതിപ്പിച്ച
പച്ചയാം വെളിച്ചത്തിൽ?
മുമ്പിലെന്തിതു,ന്മേഷം
പുലർത്തും പുലരിയോ,
ചെമ്പരുത്തിപ്പൂവർണ്ണ-
മാകിയ വെളിച്ചത്തിൽ?
ആരിതാരിതു, സംഗീ-
താധിദേവതതാനോ,
ഗൌരമാം വെളിച്ചത്തിൽ
തെളിഞ്ഞ തളിമത്തിൽ?
വിണ്ണിൻെറയൊരംശം താൻ
വിചിത്രശില്പാഢ്യമാം

ക്ഷകൾക്ക് അപ്പോൾ ഉണ്ടായതെന്നു വ്യഞ്ജിപ്പിക്കുന്നു. മരകത... ......പ്രതിമ. ഇന്ദ്രനീലരത്നവും പൊന്നും ചേൎന്ന പ്രതിമ. നൃത്താരംഭത്തിലെ നില്പിനെ വ്യഞ്ജിപ്പിരിക്കുന്നു. പച്ചവെളിച്ചത്തിൽ നർത്തകിയുടെ ശരീരവൎണ്ണത്തെയും, ചെമ്പരുത്തിപ്പൂവൎണ്ണം—ചുട്ടത്ത വെളിച്ചത്തിൽ. ചുട്ടത്ത വെളിച്ചത്തിൽ നർത്തകിയെ കണ്ടാൽ ഉഷസ്സാണെന്നു തോന്നും. ഗൌരം= വെളുത്തത്. വെളുത്ത പ്രകാശത്തിൽ കണ്ടപ്പോഴാകട്ടെ, സംഗീതദേവത—സരസ്വതിയാണെന്നും. സരസ്വതി വെളുത്തിട്ടാണെന്നു പ്രസിദ്ധം. തളിമം=അരങ്ങ്. നൃത്തത്തിന്നിടയിൽ കൂടെക്കൂടെ ഇലക്ട്രിക്ക്‌വിളക്കിൻെറ നിറം മാററാറുണ്ടല്ലോ. അതിനെയാണ് ഇവിടെ വൎണ്ണിച്ചിട്ടുള്ളത്. വിചിത്രശില്പാഢ്യം=വൈചിത്രമായ ശില്പവേലകളാൽ ശ്രേ

Digitized By Kerala Sahitya Akademi

മണ്ഡപം;-മതിൻ നടു-
ക്കുണ്ടൊ,രപ്സരസ്ത്രീയും.
വർണ്ണ്യമാക്കിസ്സന്ദർഭം?
കാണവാനിരിപ്പോർ തൻ
കണ്ണുകളിമവെട്ടീ-
ലംഗങ്ങളനങ്ങീലാ.
നർത്തകീമുടിപ്പൂൺപാ-
മമ്മധുലക്ഷ്മിയിതാ,
ചിത്രകംബളം നീട്ടി-
വിരിച്ച കളിത്തട്ടിൽ,
മൂന്നാമതൊരു പൊയ്ത്താർ-
മൊട്ടിനെത്തൊഴുകയ്യാൽ-
സ്സൌന്ദര്യോന്നതനെഞ്ചിൽ-
ച്ചേർത്തു നമ്രയായ് നില്പൂ.
നീലവാർകുഴൽ തൂങ്ങി-
ക്കിടന്നു നിതംബാന്തം

ഷ്ടം. ആ വിചിത്രശില്പാഢ്യമായ മണ്ഡപം കണ്ടാൽ സ്വർഗ്ഗത്തിൻെറ ഒരു ഭാഗമാണെന്നു തോന്നും—അതിൻെറ, അരങ്ങിൻെറ നടുവിൽ ഒരപ്സരസ്ത്രീയും. അപ്സരസ്സിനെ സ്വർഗ്ഗത്തിലേ കാണരുള്ളുവല്ലോ. മൂന്നാമതൊരു.........നില്പൂ—രണ്ടു സ്തനങ്ങൾ. അതിനാൽ തൊഴുകയ്യ് മൂന്നാമത്തെ താമരമൊട്ടായിത്തോന്നി. നമ്ര=താണവണങ്ങുന്നവൾ. നൃത്താരംഭത്തിലെ നില. നിതംബാന്തം-പൃഷ്ഠഭാഗംവരെ കറുത്തു നീണ്ടു തൂങ്ങിക്കിടന്നിരുന്ന അഴകൊത്ത തലമുടി അതിലണിഞ്ഞ പിച്ചകപ്പൂക്കളാൽ നുരയുള്ള കാളിന്ദിയലപോലെ തോന്നി. സീമന്തം=തലമുടിയുടെ മധ്യം. സുരഞ്ജിതം=

Digitized By Kerala Sahitya Akademi

കാളിന്ദിയലപോലെ
    പിച്ചിപ്പൂ നരയുമായ്;
സീമന്തം സുരഞ്ജിതം,
    മുക്കുററി മലർച്ചാർത്താൽ;-
ക്കോമളക്കുറുനിര,'
    പാരിജാതത്തിൻ പൂവാൽ.
കുനുചില്ലികളുടെ
    നടുവിൽഗ്ഗോപിക്കുറി
കനകക്കൈതപ്പൂവി-
    നുള്ളിലെയിതളത്രേ;
കഞ്ജകർണ്ണികയായ
    പൊൻകുടക്കടുക്കനാൽ
മഞ്ജുളതരം മധ്യേൽ-
    ക്കണ്ണിതൻ കർണ്ണദ്വന്ദ്വം;

അഴകുള്ളത്. കനകക്കൈതപ്പൂവ്—നെററി. കഞ്ജകർണ്ണിക=താമരയല്ലി. മുല്ലപ്പൂ............ശ്വാസാമോദം=അവളുടെ ശ്വാസത്തിന്നു മുല്ലപ്പൂസൌരഭ്യത്തിന്നു മാററു കൂട്ടാൻ കഴിയും, അതു ശീലിച്ചുകൊണ്ടിരുന്നാൽ മതി! സ്വർണ്ണരത്നാകല്പങ്ങൾ—സ്വർണ്ണരത്നാഭരണങ്ങൾ. നാനാപുഷ്പമണ്ഡിതമധുരാംഗി=പല പുഷ്പങ്ങളാൽ അലംകൃതമായ മനോഹരശരീരത്തോടുകൂടിയവൾ. തെന്നലാൽ........പോലെ—കാററത്താടുന്ന വള്ളിപോലെ. അഭിനയനൃത്തം=അതു വെറും നൃത്തമായിരുന്നില്ല; അഭിനയത്തോടുകൂടിയ നൃത്തമായിരുന്നു. പനിനീർപ്പൂ........തന്നിട്ട്—വേഷം കെട്ടുമ്പോൾ കവിൾ ചെമപ്പിക്കാറുണ്ട്. കുടിലഭ്രൂ=വളഞ്ഞ പുരികം. തണ്ടലരിതൾമാല=താമരപ്പൂവിതൾ മാല. നൂപുരം=കാൽച്ചി

Digitized By Kerala Sahitya Akademi

പുല്ലാക്കായ് വെളുപ്പെട്ട
മുല്ലപ്പൂമുകുളമേ,
തെല്ലു നീ ശീലിച്ചുകൊൾ-
കിവൾതൻ ശുചാസാമോദം!
സ്വർണ്ണരത്നാകല്പങ്ങൾ
വെടിഞ്ഞു നാനാപുഷ്പ-
മണ്ഡിതമധുരാംഗി-
യാകിയ മധുലക്ഷ്മി,
തെന്നലാൽപ്പുല്കപ്പെട്ടൊ-
രദ്ഭുതലത പോലേ
തന്നഭിനയനൃത്തം
തുടങ്ങീ മന്ദം മന്ദം!
ഇലഞ്ഞിപ്പൂമോതിര-
മണിഞ്ഞ ചുണ്ടുവിരൽ-
ത്തലയാൽ,പ്പനിനീർപ്പൂ
പതിച്ച കവിൾത്തട്ടം,
ഇടതുകൈത്താരൊക്ക-
ത്തഴകിലിണക്കിയും,
കടിലഭ്രൂനേത്രങ്ങ-
ളഴകിലിളക്കിയും,

ലങ്ക. വിലസച്ചാമ്പേയം=വികസിക്കുന്ന ചമ്പകം. ഉൽപലാഭം=കരിംകുവളപ്പൂപോലുള്ള. സുലഘു=കനം കുറഞ്ഞ, മൃദുവായ. നർത്തകികളുടെ നിത്യേനയുള്ള മെയ്യഭ്യാസംകൊണ്ടു ശരീരം വളരെ കനം കുറഞ്ഞു മൃദുവായിരിക്കും. സുകുമാരം=മനോഹരം. പൈംപാൽ........പത=നിലാവ്. ഓരോ നൃ

Digitized By Kerala Sahitya Akademi

തങ്കലരിതൾമാല-
കൊണ്ടലംകൃതമായ
കണ്ഠത്തെ വിലങ്ങത്തിൽ-
ക്കിഞ്ചന ചലിപ്പിച്ചും,
പവിഴമല്ലിപ്പൂവിൻ
മൃദുനൂപുരമിട്ട
പാദയുഗ്മത്തെപ്പാട്ടിൻ
താളത്തിന്നൊപ്പംവെച്ചും;
വിലസച്ചാമ്പേയപ്പൂ-
വളചാർത്തിയ കയ്യി-
ണ്ടലയുമങ്ങുണ്ടൊപ്പ,-
മുൽപലാഭമാം കണ്ണും;
ചലനമോരോന്നിലും
ചാഞ്ചാടി ചാതുര്യശ്രീ;
മലരിൻപൊഴിയല്ല,-
ണ്ടോരോ പുഞ്ചിരിയിലും;
സുലഘു, സുകുമാര-
മംഗമോരോന്നും പൈംപാൽ-
ക്കലതൻ പതമേലോ,
കഴൽവെപ്പോരോന്നും ഹാ!

അച്ചുവടും വെയ്ക്കുന്നതു കണ്ടാൽ, നിലാവിൻപതമേലാണെന്നു തോന്നുമാറ് അത്രയും അനായാസലളിതമായിട്ടായിരുന്നു! മുദ്രകൾ......നാൾ—അവൾ ഓരോ മുദ്രയും കാണിച്ച് നൃത്യശാസ്ത്രത്തെ വിവരിച്ചു എന്നഭിപ്രായം. ടിപ്പണി ആശയത്തെ വ്യക്തമാക്കാനാണല്ലോ. കൊന്നപ്പൂമണികാഞ്ചീവൃതം=കൊന്നപ്പൂപോലെയുള്ള (സ്വർണ്ണവർണ്ണമായ) ഒഢ്യാണം

Digitized By Kerala Sahitya Akademi

മുദ്രകൾ കാണിക്കുന്ന
കൈവിരൽകളാലവൾ
നൃത്യശാസ്ത്രത്തിന്നൊരു
ടിപ്പണിയെഴുതിനാൾ.
കൊന്നപ്പൂമണികാഞ്ചീ-
വൃതമാമരക്കെട്ടിൽ-
നിന്നിരുപാടും ഞാന്ന
കങ്കേളിമലർമാല്യം
തടവീ കഴപ്പേശാ-
താക്കുവാൻ കൂടെക്കൂടെ,
നടിതൻ മഞ്ഞപ്പട്ടാൽ
മറഞ്ഞ തുടകളെ!
മുറുകീ കാലം ക്രമാൽ;
അന്യമെന്തൊളിമിന്നൽ
പരിചിൽ വിളയാടീ,
പയറേററിയ ഗാത്രം;

കൊണ്ടു ചുററപ്പെട്ടതു്. നർത്തകികൾ അരയിൽ ഒഢ്യാണം പോലുള്ള ഒരു തരം ആഭരണമണിയാറുണ്ടു്. അരയിൽ തൂക്കിയിട്ടിരുന്ന കങ്കേളിപ്പൂമാല നൃത്തസമയത്തു് ആടിയുലഞ്ഞു് അവളുടെ തുടകളെ തുടർച്ചയായി തഴുകിക്കൊണ്ടിരുന്നു; അതു കണ്ടാൽ അവൾക്കു നൃത്തവേളയിൽ തുടകൾക്കു കഴപ്പില്ലാതാക്കാനാണെന്നു തോന്നുമെന്നഭിപ്രായം. മുറുകീകാലംക്രമാൽ—നൃത്തത്തിൽ താളം മുറുകി, നൃത്തത്തിന്നു വേഗം കൂടുന്നു. അതിൻെറ വേഗം മുറുകി മുറുകി നർത്തകിക്കു് ഒരു മിന്നൽശ്ശലാകയുടെ രൂപഭംഗി ഉണ്ടാവുന്നു. സഭികർ=സഭ

Digitized By Kerala Sahitya Akademi

പൈതകീ സഭീകർതൻ
പ്രശംസാകരഘോഷം—
ശരി,യീ നൃത്തം നൃത്തം
കലയിൽ വളൎന്നവൾ,
കലയിൽജ്ജീവിപ്പോളീ;
ഖ്യാതയാമാട്ടക്കാരി.
'മംഗലകലയുടെ
മലർമെയ്യാകുമിവൾ
ഞങ്ങൾക്കു, ഞങ്ങൾക്കെന്ന'-
ങ്ങഴറീ സിനിമക്കാർ!

സ്യർ. നൃത്തത്തിന്റെ മൂൎദ്ധന്യത്തിൽ നൎത്തകിയുടെ ഈ മിന്നലിനൊത്ത അഴകുകണ്ടു് കാണികൾ കയ്യടിച്ചു പ്രശംസിച്ചു. മംഗലകലയുടെ—അഴകൊത്ത നൃത്തത്തിന്റെ മലർമെയ്യ്=പൂമെയ്യ്. അഴകൊത്ത നൃത്തം പൂവുടൽ പൂണ്ടതാണെന്നഭിപ്രായം. ഇതു കണ്ടു് സിനിമക്കാർ ചുററുംകൂടി ആ നൎത്തകിയെ ഞങ്ങൾക്കുവേണം, ഞങ്ങൾക്കു വേണം എന്ന ആഗ്രഹത്തോടേ അഹമിഹമികയാ മുന്നോട്ടു തള്ളിക്കേറി.

Digitized By Kerala Sahitya Akademi

8. സൂക്ഷിച്ചവെയ്ക്കും

1. യാതമിടവം, മഴച്ചാറലേല്ക്കാതെ
പാതിയിലേറെക്കഴിഞ്ഞു മിഥുനവും;
ശ്വേതമായ്ത്തന്നെയിരുന്നു മരുൽപഥം
ഹാ തപ്തഭൂമിതൻ നേർക്കിതിൻ പുഞ്ചിരി!
കേരളമാം നിജ കേളീസദനത്തി-
ലാരമ്യനീലമേലാപ്പു കെട്ടിയ്ക്കുവാൻ
കിട്ടീലയോ, പ്രകൃതീശ്വരിയ്ക്കും തുണി;
കഷ്ടം,മിയ്യാണ്ടിൽപ്പതിവാകെ മാറിയോ!
നെല്ലു മുക്കാലും കരിഞ്ഞൂ, മുളയിലേ;
പുല്ലുമുണങ്ങി, പറമ്പു-പാടങ്ങളിൽ;
രോമം കൊഴിഞ്ഞുപോം രോഗം പിടിച്ചിതോ,
ഭൂമണ്ഡലത്തിന്നൃതുവ്യത്യയത്തിനാൽ!
മേലാളരിൽനിന്നൊരിററനുകമ്പയു-
മേലാത്ത നിർദ്ധനഗ്രാമം കണക്കിനേ

1122 കർക്കടകത്തിൽ എഴുതിയത്.

1. യാതം=പോയ്ക്കഴിഞ്ഞു. ശ്വേതം=വെളുത്തത്. മരുൽപഥം=ആകാശം. തപ്തഭൂമി=ചുട്ട ഭൂമി. നിജകേളീസദനം=തന്റെ കളിവീട്. ആരമ്യനീലമേലാപ്പ്=മനോഹരമായ നീലമേലാപ്പ്. തുണിക്ഷാമമുള്ള കാലമായിരുന്നുവെന്നോർക്കുക. ഋതുവ്യത്യയം=ഋതുവ്യത്യാസം. കാലവർഷമില്ലായ്കയാൽ എല്ലാ സസ്യങ്ങളും ഉണങ്ങിപ്പോയി. ഭാരതപ്പുഴയും വററി: എജമാനന്മാരിൽനിന്നു ഒരിററനുകമ്പയും കിനിയാത്ത ദരിദ്രമായ ഗ്രാമംപോലെ! വർഷത്തെ മേലാളരിൽനിന്നു

Digitized By Kerala Sahitya Akademi

ചൂളിച്ചുരുണ്ടനങ്ങാതേ കിടക്കയായ്
നാളേറേ, ഞങ്ങൾതൻ ഗംഗ പേരാറിതും!

2. കാലവർഷത്തിൻ കഥയേ മറന്നുപോയ്;
മാലോകർ കൈവിട്ടു, മേല്പോട്ടുനോക്കലും;
ഈ ലാക്കിലേ പുറത്തെത്തുന്നു വന്നുള്ള്
നീലാംബുദാളി, നവോഢയെപ്പോലവേ!
വന്നതോ, തണ്ണീർതരാനല്ല മേഘങ്ങ-
ളൊ,ന്നുകൂടിച്ചുട്ടുവിങ്ങുകയായ് മന്നിനെ:
നിന്നു, ദിക്കെല്ലാമടച്ചവ; കാററിനും
കുന്നിച്ചു വീർപ്പു മുട്ടു;ഷ്ണമേ, രാപ്പകൽ!
ഏറെനാൾ ജോലിയെടുത്ത നിദാഘാന്ത—
സൂരനകത്തുപോയ് വിശ്രമം തേടിനാൻ;
സൂരനെന്തിന്നി?-ഹ ചൂടിരട്ടിക്കുവാൻ
പോരുമല്ലോ, തൽ പ്രണീതരാം കാറുകൾ!
കൊണ്ടലേ, നിന്നുടെ കട്ടിക്കരിമ്പടം-
കൊണ്ടു പുതച്ചു കിടക്കും ദിനത്തിനെ

ള്ള അനുകമ്പാവർഷമായിക്കല്പിച്ചിരിക്കുന്നു: ചൂളിച്ചുരുണ്ട്—ജീവച്ഛവമായിട്ട്.

2. കാലവർഷം-ഇടവപ്പാതി. മാലോകർ......നോക്കലും-മേല്പോട്ടു നോക്കിയിട്ടു പ്രയോജനമില്ലെന്നായി. മഴ ഒരു തുള്ളി പൊടിച്ചില്ല! നീലാംബുദാളി=കാർമേഘക്കൂട്ടം. നവോഢയെപ്പോലെ-അത്ര മടിച്ചിട്ടാണ്. മേഘങ്ങൾ ഒന്നിച്ചുകൂടി തിങ്ങിവിങ്ങിയതുകൊണ്ട് ഉഷ്ണം സഹിക്കവയ്യാതായി. കാററിനും...മുട്ട്-കാററ് തീരെ അനങ്ങാതായി. നിദാഘാന്തസൂരൻ-പകലറുതിയിലെ സൂര്യൻ. സൂര്യൻ മേഘങ്ങൾ

Digitized By Kerala Sahitya Akademi

ദുർദ്ദിനമെന്നല്ലി പണ്ടേ വിളിച്ചതാ-
സ്സത്യസന്ദർശിനി സംസ്കൃതഭാരതി?
ദാരിദ്ര്യതാപിതർ വീണ്ടും തപിച്ചു; നിൻ
നീരന്ധ്രരോധാൽക്കറുത്തു ദിശാമുഖം:
ആരും തൊടാത്ത നക്ഷത്രനാണ്യങ്ങളും
തീരേ മറഞ്ഞുപോയ്, നിൻപൃഷ്ഠിവെപ്പിനാൽ!
തന്നെപ്പുകഴ്ത്തലാം ഗർജ്ജനം കൂട്ടിയും
മിന്നലാകുന്ന പൊൻ കൈലേസ്സു വീശിയും
ധന്യഗഭീരനായ് ചുററി നടക്കുന്നു,
ഖിന്നരാം ലോകർക്കു മീതേ നഭസ്സിൽ നീ!

ക്കുള്ളിൽ മറഞ്ഞു. കൊണ്ടൽ=മേഘം. തൽപ്രണീതർ=അതിനാൽ സൃഷ്ടിക്കപ്പെട്ടവ. സൂര്യോഷ്ണംകൊണ്ടു് വെള്ളം ആവിയായിട്ടാണല്ലോ മേഘങ്ങളുണ്ടാവുന്നത്. കൊണ്ടലേ ....ദുർദ്ദിനം—കാർമൂടിയ ദിവസത്തെ. സത്യസന്ദർശിനി=സത്യം കാണുന്നവൾ. സംസ്കൃതഭാരതി=സംസ്കൃതഭാഷ. സംസ്കൃതഭാഷ സത്യദർശിനിയായതുകൊണ്ടു് കാർമൂടിയ ദിവസത്തിന്നു ദുർദ്ദിനമെന്നു പേരിട്ടതു് എത്ര ഉചിതം! ദാരിദ്ര്യതാപിതർ=ദാരിദ്ര്യംകൊണ്ടു ചുട്ടുപൊള്ളുന്നവർ (ഖേദിക്കുന്നവരെന്നും). നീരന്ധ്രരോധാൽ=പഴുതില്ലാത്ത പ്രതിരോധം നിമിത്തം. ദിശാമുഖം=ദിക്കുകളുടെ മുഖം. ആരും ......ങ്ങളും—നക്ഷത്രത്തെ ആർക്കും തൊടാൻ കഴിയാത്ത അത്ര ദൂരത്തിലാണല്ലോ അതു്. അവയെപ്പോലും പൃഷ്ഠിവെച്ചുകളഞ്ഞു. പൃഷ്ഠിവെപ്പിനെയും കരിഞ്ചന്തയേയും പരോക്ഷമായി പരാമർശിച്ചിരിക്കുന്നു.) തന്നെ......................... ....കൂട്ടിയും—ഇടിമുഴക്കത്തെ ആത്മപ്രശംസയായി കല്പിച്ചിരിക്കുന്നു. മിന്നലാകുന്ന.........നഭസ്സിൽ നീ......... ലോകത്തിലെ സന്താപക്ലിഷ്ടരെപ്പററി യാതൊരു ദയയുമി

Digitized By Kerala Sahitya Akademi

ഭ്രുവിൻ വിയർപ്പുകൊണ്ടല്ലയോ, നിന്നുടെ
ജീവിതമിത്രയ്ക്കുയന്നു സമൃദ്ധമായ്?
നിയ്യോ, ഗണിപ്പീലിതിൻെറ വരൾച്ചയെ;-
ത്തിയ്യോ, തവ പ്രത്യുപകാരമഭ്രമേ!

3. നൽത്തോട്ടമൊട്ടുക്കാടിച്ചുടയ്ക്കാനൊരു
പുത്തൻമരുന്നഭ്യസിയ്ക്കുവാൻ വേണ്ടിയോ
ഇത്രനാളെങ്ങാണ്ടടങ്ങിയിരുന്നതി,-
ന്നുദ്ധതം ചീററിപ്പുറപ്പെട്ട കാററിവൻ!
പെട്ടെന്നു തങ്ങൾതനുദ്യോഗമോർമ്മയിൽ-
പ്പെട്ടപോലൊന്നണഞ്ഞാക്കരിംകട്ടികൾ

ല്ലാതെ മഹാകേമനായി ഉലാത്തുകയാണ് മേഘക്കൂട്ടം—മേഘങ്ങൾ ഒരിടത്തു ഒന്നിച്ചുകൂടിനിന്നാലേ മഴ പെയ്യുള്ളു വല്ലോ. അതു ചിന്നിച്ചിതറിപ്പോവുകയാണ്. ഭ്രുവിൽ... ......സമൃദ്ധമായ്—ഭൂമിയിലെ വിയർപ്പ്, (സമുദ്രത്തിലെ നീരാവി എന്നർത്ഥം) മേല്പോട്ടുപോയിട്ടാണ് മേഘങ്ങളുണ്ടാവുന്നത്. അങ്ങനെയാണ് തനിയ്ക്ക് ഉയർച്ചകിട്ടിയതെന്ന കാര്യം തീരേ മറന്നു. താഴ്ന്ന സ്ഥിതിയിലുള്ളവർ ഉന്നതപദവിലെത്തിയാൽ, ചുവട് മറക്കുക സാധാരണമാണല്ലോ. നിയ്യോ............ഭ്രമേ—ഭൂമി ചെയ്യു ഉപകാരം മറന്ന്, നീ അതിൻെറ വരൾച്ചയെ വകവെയ്ക്കുന്നില്ല. നിൻെറ പ്രത്യുപകാരം ഇങ്ങനെ ചുട്ടുപൊള്ളിയ്ക്കലാണോ?

3. പെട്ടെന്നു കാലഭേദം വന്നു—അതേവരെ അടങ്ങിനിന്നിരുന്ന കിഴക്കൻ കാററു ചീറിപ്പുറപ്പെട്ടു. ഉദ്ധതം=ഗർവ്വുള്ളത്. കരിംകട്ടികൾ—മേഘങ്ങൾ. ഒടുവിൽ മറന്നുപോയ സ്വന്തംജോലിചെയ്യാനെന്നപോലെ മേഘം മഴവർഷി

Digitized By Kerala Sahitya Akademi

വെട്ടലുമാക്കലും മിന്നൽക്കനലുമായ്
വൃഷ്ടികൊണ്ടേറു തുടങ്ങി തെരുതെരെ!
ഓ, തൻപ്രവർഷപ്രഗല്ഭത കാട്ടുവാ-
നേ, താണുണങ്ങിയ സസ്യങ്ങൾ ചീയുവാൻ,
സാധുജനങ്ങൾ തണുപ്പിൽ വിറയ്ക്കുവാൻ
പെയ്യുകൊൾകമ്പുമേ, പേമാരി നീ ചിരം!
വേണ്ടുന്ന നേരത്തൊരിറ്റും തുളിക്കില്ല
വേണ്ടാത്ത നേരത്തു കോരിച്ചൊരിഞ്ഞിടും;
തീണ്ടിയോ ദിവ്യനാം നിന്നെയും, സമ്പന്നി-
ലാണ്ട മനുഷ്യർ‍റ ദുർവ്യയപ്രക്രമം!

ക്കാൻ തുടങ്ങി. സസ്യങ്ങളുണങ്ങിയപ്പോൾ മഴപെയ്തു— അകാലവർഷം. പ്രവർഷപ്രാഗല്ഭത=നല്ലവണ്ണം പെയ്യാൽ കഴിയുമെന്ന മേനി. അകാലവർഷം ഉണങ്ങിയ സസ്യങ്ങളെ ചീയിക്കാൻ മാത്രം ഉപയോഗപ്പെട്ടു. ദിവ്യൻ=ആകാശസ്ഥിതൻ. (ഉയർന്ന സ്ഥിതിയിലുള്ളവൻ എന്നു പരിഹാസം) ദുർവ്യയപ്രക്രമം=പാഴ്ചെലവു ചെയ്യുകയെന്ന ഒരുമ്പാട്. സമ്പന്നന്മാർ ആവശ്യത്തിനു ഒട്ടും ചെലവാക്കാതെ ആവശ്യമില്ലാത്ത ആഡംബരങ്ങൾക്കു വാരിക്കോരി ചെലവിടുക പതിവാണല്ലോ. അതുപോലെ ഉന്നതസ്ഥിതനായ മേഘത്തെയും ഈ രോഗം ബാധിച്ചുവോ എന്നു (അകാലവർഷം കണ്ടു) കവി സംശയിക്കുന്നു. എന്നാൽ അകാലികമായി പെയ്തു വെറുതെ സമുദ്രത്തിൽ ചെന്നു ചേരുന്ന (മേഘത്തി

Digitized By Kerala Sahitya Akademi

എന്നാലകാലേ, കൃഷിക്കാരെ വഞ്ചിച്ചു
നിന്നു നീ പെയ്യുന്ന വെള്ളമെല്ലാം വൃഥാ
നിന്മുതലാളിയാമാഴിക്കുയയ്ക്കാതെ,
നന്മയ്ക്കു സൂക്ഷിച്ചുവെയ്ക്കുമിയ്യാളുകൾ!

ൻെറ മുതലാളി സമുദ്രമാണല്ലോ. (സമുദ്രത്തിലെ നീരാവി യാണല്ലോ മേഘമാവുന്നത്) വെള്ളമെല്ലാം ഞങ്ങൾ അണ കെട്ടിയും മററും ഭാവിയിലെയ്ക്കു സൂക്ഷിച്ചുവെയ്ക്കും. അങ്ങനെ അഭിവൃദ്ധിനേടാൻ ശ്രമിയ്ക്കും എന്നാശയം.

9. ഒന്നാമത്തെ മതം

അസ്തമിയ്ക്കുവാൻ പോകു-
മാദിത്യഭഗവാനേ,
തത്താദൃക്പ്രഭ മങ്ങി-
പ്പോയതിൻ വടിവിതു
അത്യന്തം തുടുത്തതിൻ
പര്യന്തപ്പരപ്പിതു-
മിത്രനാളോളം കണ്ടു
ശീലിച്ച മിഴികൾക്കും
ദുസ്സഹതരം ഘോര-
മക്കാഴ്ച—ധരാചര—
നസ്മദാദിത്യൻ ശ്രദ്ധാ-
നന്ദസന്യാസിശ്രേഷ്ഠൻ
പെട്ടെന്നങ്ങതിഥിതൻ
വെടികളേററു മറി-
പ്പെട്ടു നിഷ്ക്രമ മാണ-
പ്രാണനായ് നിരൌജസ്സായ്,
ഗീതതൻ നാടിൻേറതാം
ഗാത്രരക്തൌഘമൊലി-

1102 മകരത്തിൽ എഴുതിയത്.

1. തത്താദൃക്പ്രഭ=അതുപോലുള്ള പ്രഭ. അതിൻപര്യന്തപ്പരപ്പ്—അതിൻെറ അവസാനംവരെയുള്ള ഈ വ്യാപിക്കൽ. സൂര്യസ്തമയത്തെ നിത്യം കണ്ടു ശീലിച്ചുപോന്ന മിഴികൾക്കുകൂടി ദുസ്സഹമാണ് ധരാചരനായ (ഭൂമിയിലുള്ള) ഞ

Digitized By Kerala Sahitya Akademi

ച്ചാതങ്കതല്പത്തിന്മേൽ
　　കിടന്ന കിടപ്പയ്യോ!
ഇന്നസ്തംഗമിച്ചാലും
　　നാളെ രാവിലെ വീണ്ടും
വന്നുദിച്ചിടുമല്ലോ,
　　ദേവ, നിന്തിരുവടി,
ആ മഹാതേജസ്വിയോ
　　മറഞ്ഞാനെന്നെന്നേയ്ക്കും
ഹാ, മറെറന്തിരുളിനാ-
　　ലാവൃതമായ്പാവത്തം!
വാദ്ധകമവിടേയ്ക്കു
　　വന്ദ്യത വദ്ധിപ്പിയ്ക്കു
മാത്രമേ ചെയ്തിട്ടുള്ളു:
　　മെയ്ക്കെല്പു, യുവപ്രായം;
ചിത്തമോ ശിശുവിൻേറ-
　　തെന്നപോലതിസ്വച്ഛ-

ങ്ങളുടെ ആദിത്യനായ സ്വാമിശ്രദ്ധാനന്ദൻെറ നിര്യ്യാണമെ ന്നു സാരം. നിഷ്ക്രമമാണപ്രാണൻ=ജീവൻ പോകാറായ വൻ. നിരൌജസ്സ്=ഓജസ്സുകെട്ടവൻ. ആതങ്കതല്പം=രോഗശയ്യ (മരണക്കിടക്കു) ഇന്നസ്തമിച്ച സൂര്യൻ നാളെ വീണ്ടും ഉദിച്ചുയ രും; എന്നാൽ സ്വാമിജി ഇനി എന്നെന്നേയ്ക്കും തിരിച്ചുവ രാത്ത വിധത്തിലാണല്ലോ പോയ്പോയതു്. ആവൃതം=മൂടി യതു്.

2. വാർദ്ധകം=വാർദ്ധക്യം. വാർദ്ധക്യംകൊണ്ടു് ആ ദ്ദേഹത്തിന്നു വന്ദ്യത വർദ്ധിയ്ക്കുകയേ ചെയ്തിട്ടുള്ളു. അതു ശ രീരത്തിൻെറ കെല്പിനെ തളർത്തിയിട്ടില്ല; അദ്ദേഹത്തിനു്

Digitized By Kerala Sahitya Akademi

ധ്വസ്തമായൊരു കണ്ണ-
 മിരിമ്പാലൊട്ടക്കൊപ്പം.
കാൽമുട്ടവരെ ഞാന്ന
 തൃക്കൈകളനിശമാ-
കാമജിത്തധസ്ഥർക്കു;
 പിടിവള്ളികളാക്കി;
വലിയ തിരുമാറോ,
 വാത്സല്യപ്രകർഷത്താ-
ലെളിയ ജനങ്ങൾക്കു
 തല ചായ്ക്കാനായ് നല്കി.
എങ്ങുണ്ട ദീനാക്രന്ദ-
 മങ്ങുണ്ടാ മഹാത്മാവിൻ
മംഗളകരങ്ങളാം
 വാങ്മനശ്ശരീരങ്ങൾ,
ദാരിദ്ര്യവ്യഥകൊണ്ടോ
 രോഗപീഡകൾകൊണ്ടോ
പാരതന്ത്ര്യത്തിൽത്താഴ്ക-
 പ്പെട്ടതുകൊണ്ടോ മർത്ത്യർ
ഏതു ഭാഷയിൽ വില-
 പിയ്ക്കില്ല,മദ്ദേഹത്താൽ

യുവാക്കൾക്കു തുല്യംകരുത്തുണ്ടു്. ധ്വസ്തം=നശിപ്പിയ്ക്കപ്പെട്ടതു്. ഒരു കണ്ണം ഇരുമ്പ്—ഒരു തോക്കു്. കാമജിത്ത്=കാമനെ ജയിച്ചവൻ (സന്യാസിമാർ ഇന്ദ്രിയനിഗ്രഹം ചെയ്യുവരാണല്ലോ). അധസ്ഥർ=ചുവട്ടിലുള്ളവർ. പിടിവള്ളി—ആശ്രയം. കാൽമുട്ടവരെ ഞാന്ന കൈകൾ വിശിഷ്ടപുരുഷന്മാരുടെ ലക്ഷണമാണു്. ദീനാക്രന്ദം=ദീനന്മാരുടെ നിലവിളി. കരു

Digitized By Kerala Sahitya Akademi

ജ്ഞാതമാമതു ജഗ-
ദീശനാലെന്ന വിധം;
അറിഞ്ഞാലപ്പോൾ പരി-
ഹൃതവുമായിത്തീരും-
കരുണേ, കൈത്തോക്കണ്ട-
ശ്ശേകി നീ നിന്നെത്തന്നെ;
മുക്കാലുമനാചാര-
രുദ്ധരാം നിന്മക്കൾക്ക
സൽഗ്ഗതിപഥം താനേ
തുറന്നു കിട്ടും വണ്ണം
സന്നിധി ചെയ്തീലയോ
സാദരം ദൂരാൽ വന്നാ-
പ്പൊന്നുതൃക്കഴലിണ
നിങ്കലും മലനാടേ!
നീയുമൊരുപകാരി-
യെൻനാട്ടിന്നയിത്തമേ.
നീ മൂലമല്ലോ ഭാഗ്യ-
മീ ഭ്രാന്തശാലയ്ക്കുണ്ടായ്
അഗ്ര്യരാമിരുവർതൻ
ചേവടി നെഞ്ചിൽച്ചേപ്പ്പാ-
നംസ്ലുരുവരൻെറയും
ശ്രീ ഗാന്ധിദേവൻെറയും!
സ്നേഹിച്ചു മനുഷ്യനെ-
യമ്മഹാൻ, മനുഷ്യനോ

ണേ—നിന്നെത്തന്നെ—അദ്ദേഹം ദയയുടെ പര്യായമായിരു ന്നു. അനാചാരരുദ്ധർ=അനാചരത്താൽ തടുക്കപ്പെവട്ടവർ. സൽഗ്ഗതിപഥം—സന്മാർഗ്ഗാചരണത്തിന്നുള്ള വഴി—ക്ഷേത്ര

Digitized By Kerala Sahitya Akademi

ദ്രോഹിച്ചു ദൃഢസമ-
ദൃഷ്ടിയാമദ്ദേഹത്തെ;
വ്യാമോഹച്ചെകുത്താനേ
തോക്കിൻ വായ്പിളൎത്തി നീ
പ്രേമത്തിൻ മുഖത്തെയ്ക്കു
തുപ്പുന്നു പലപ്പോഴും!
താരകങ്ങളേ, രണ്ടാ-
യിരമാണ്ടിനു മുമ്പി-
പ്പാരിൽക്കണ്ടതു നിങ്ങൾ
വിസ്മരിച്ചിട്ടില്ലല്ലോ;
കൃസ്തുദേവനെപ്പോലീ-
യാൎയ്യധൎമ്മാചാൎയ്യനു-
മത്രയ്ക്കു താൻ സ്നേഹിച്ച
മാനുഷലോകത്തിനായ്
ശുദ്ധമാം നിജജീവ-
രക്തവുമൎപ്പിച്ചിതാ
നിത്യനിൎവ്വാണസ്ഥാന-
ത്തിങ്കലെഴുന്നള്ളി!

പ്രവേശം. ക്ഷേത്രപ്രവേശനത്തിന്റെ ആവശ്യത്തെപ്പററി കേരളീയരെ ഉൽബോധിപ്പിയ്ക്കാൻ ശ്രദ്ധാനന്ദസ്വാമികൾ കേരളത്തിലും വരികയുണ്ടായി. നീയു.....മേ—അയിത്തം കൊണ്ടും തൽക്കാലം ഒരു നേട്ടമുണ്ടായി. 'ഭ്രാന്തശാല'—വിവേകാനന്ദസ്വാമികൾ കേരളത്തിലെ അനാചാരങ്ങൾ കണ്ടു് അഭിപ്രായപ്പെട്ടതു്. ഗാന്ധിജിയും കേരളത്തിൽ വരാൻ ക്ഷേത്രപ്രവേശപ്രക്ഷോഭമാണു് കാരണമായതു്.

3. ആൎയ്യധൎമ്മാചാൎയ്യൻ=ആൎയ്യസമാജത്തിന്റെ ആചാൎയ്യനായിരുന്നു ശ്രദ്ധാനന്ദസ്വാമികൾ. രണ്ടായിരം കൊല്ലം

Digitized By Kerala Sahitya Akademi

സ്വാമിജി ജനിച്ചതും
    സാധുവായ്ജ്ജീവിച്ചതു-
മീ മട്ടിൽ മരിച്ചതു-
    മൊക്കയും പരക്കായ്ത്താൻ!
'കാഫർ'തന്നുയിർക്കാററാൽ
    സ്വർഗ്ഗത്തിൽപ്പറന്നെത്താൻ
കാംക്ഷിച്ച സഹജന്റെ-
    യന്ധതയോർക്കും തോറും
ലജ്ജിപ്പു; മുസൽമാന്മാ-
    രഴലിന്നടിത്തട്ടിൽ
മജ്ജിപ്പു, മതഭ്രാന്തേ
    നീയൊരു മദ്യോന്മാദി.
യേശു,വീശ്വര,നള്ളാ-
    വിത്യാദി വിളിയെല്ലാ—
മേശുവതൊരുവന്റെ
    ത്തുച്ചെവികളിലത്രേ;

മുമ്പ് യേശുക്രിസ്തു ലോകത്തിനുവേണ്ടി എങ്ങനെ ജീവൻ ത്യജിച്ചുവോ, അതുപോലെത്തന്നെയാണ് സ്വാമിജിയും ചെയ്തതു്.

4. പറന്നെത്താൻ—'കാഫിറി'ന്റെ പ്രാണനെ ത
ണില്ലു സ്വർഗ്ഗത്തിലെത്താനുള്ള വിമാനമാക്കി മാററാൻ. ഒരു
മുസ്ലിം സഹോദരനാണ് സ്വാമിജിയെ വെടിവെച്ചത്. മ
ജ്ജിപ്പു=മുങ്ങുന്നു. ഇന്ത്യയിലെ മുസൽമാന്മാരൊട്ടുക്കും ഈ ഹീ
നകൃത്യം കണ്ടു ലജ്ജിക്കുകയും ദുഃഖത്തിന്റെ അടിത്തട്ടിലാ
ഴുകയും ചെയ്തു. യേശു—ഈശ്വരൻ—അള്ളാവ്—ഇതൊക്കെ
ഈശ്വരന്റെ പര്യായമാണ്. ആ ഈശ്വരന് അനേകത്വ
മില്ല; പിന്നെ എങ്ങനെ ആളുകളെ ഭിന്നിപ്പിക്കാൻ കഴിയും?

Digitized By Kerala Sahitya Akademi

ആദ്യേകനനേകത്വ-
മില്ലാത്തകാലത്തോള-
മാന്തരാർത്ഥത്തിൽബ്ഭിന്നി-
പ്പുണ്ടാമോ മതങ്ങൾക്കും?
ബൈബിളിലുപനിഷ-
ത്സൂക്തികൾ വായിപ്പൂ നാം,
ബൈബിൾ വായിപ്പൂ നിബി-
പ്രോക്തമാം വേദത്തിൽ നാം;
ഭേദമൊക്കെയും മിത്ഥ്യാ-
ബോധത്തിൻ പണിത്തരം
സോദരന്മാരേ, വൃഥാ
തങ്ങളിലകലായ്വിൻ.
ആദിയിലിന്ത്യക്കാർ നാം,
മുസൽമാൻ-ഹിന്ദു-ക്രൈസ്ത-
വാദികളാകുന്നതു
രണ്ടാമതായ്ക്കൊള്ളട്ടെ;
ദ്വൈതവർജ്ജിതർ നമ്മ-
ളൊരൊററസ്സമുദായം;
മാതൃസേവനം നമു-
ക്കൊന്നാമത്തെതാം മതം!

*ബൈബി......വേദത്തിൽ നാം—ബൈബിളിലും കുറാനിലും വേദങ്ങളിലും ഒരേ സൂക്തികൾതന്നെയാണുള്ളത്-ഒരേ ഈശ്വരന്റെ മഹിമയെയാണ് അതു വർണ്ണിക്കുന്നത്. ഇതൊക്കെ വെവ്വേറെയാണെന്നുള്ളത് മിത്ഥ്യാബോധത്തിന്റെ (അറിവില്ലായ്മയുടെ) പണിത്തരമാണ് (ഫലമാണ്).

ദ്വൈതവർജ്ജിതർ=ദ്വൈതത്തെ ഉപേക്ഷിച്ചവർ. നാം അദ്വൈതത്തിലുന്നിനില്ക്കുന്നവരാണ്. മാതൃഭൂമിയെ സേവിക്കുകയെന്നതാണ് നമ്മുടെ ആദ്യത്തെ കടമ!

Digitized By Kerala Sahitya Akademi

1൬. വെളിച്ചം

1. ബ്രിട്ടീഷുസിംഹപ്രഭുവിൻ പിടുത്ത-
മൊട്ടുക്കഴഞ്ഞു, ജനനിസ്വനത്താൽ;
കിട്ടീ ഗതപ്രാണനൊരാടിനെന്ന
മട്ടിൽ 'ഘനാ'യ്ക്കും ജയ ഗോൾഡുകോസ്റ്റേ!

2. 'മാച്ചിൻെറയാറാംപുലർവേള മായ്ച്ചാൽ
മായില്ല'യെന്ന,ക്രയിലെജ്ജനങ്ങൾ,
'അങ്ങുത്സവം കാണുമഭീശുമാനെ-
സ്സഹർഷമാത്താത്തറിയിച്ചുകൊണ്ടാർ!

1. ജനനിസ്വനത്താൽ=ജനശബ്ദത്താൽ. ജനങ്ങളു ടെ സ്വാതന്ത്ര്യാൽഘോഷശബ്ദം കേട്ടു ഞെട്ടിയിട്ട്, ബ്രിട്ടീഷ്സിംഹം കോളനിയുടെ മേലുള്ള പിടുത്തം അഴച്ചു. അങ്ങനെ ഗോൾഡ്കോസ്റ്റ്— ഘനയ്ക്കും—(ഗതപ്രാണനായ) പ്രാണൻ പോകാറായ ഒരാടിനെന്നപോലെ ജീവൻ തിരിച്ചുകിട്ടി! സിംഹം ആടിനെ കഴുത്തിൽപ്പിടിച്ചപോലെയാ ഘനയെ ബ്രിട്ടൻ മുറുക്കിപ്പിടിച്ചിരുന്നത്!

2. മാച്ചിലെ......വേള — 1957മാച്ച് 6-ാംനു-യാണ് ഘനയ്ക്കു സ്വാതന്ത്ര്യം കിട്ടിയത്. ആക്ര—ഘനയുടെ തലസ്ഥാനനഗരം. അഭീശുമാൻ=സൂര്യൻ. ആത്താരത്-സ്വാതന്ത്ര്യലബ്ധിയിലുണ്ടായ ആഹ്ലാദകോലാഹലം. ഉത്സവം കാണും...... സ്വാതന്ത്ര്യം ലഭിച്ച ദിവസത്തെ ഒരുത്സവദിനമായിട്ടാണ് ഘനയിലെ ജനങ്ങൾ ആഘോഷിച്ചത്. സൂര്യൻ അതു നോക്കിനിന്നു!

Digitized By Kerala Sahitya Akademi

3 ഘലനേ, ജനോദ്ധാരണി, നീയിദാനീം
മുന്നേതിലും മുന്തിയ പൊന്നുനാടായ്:
സ്വാതന്ത്ര്യമാണേ, മികവുററ സമ്പ-
ത്ത;തില്ലയെങ്കിൽ;ധനിയും ദരിദ്രൻ!

4. ക്ഷണാൽ വിദേശ്യക്കൊടിപോലെ താഴ-
ത്തിറങ്ങിയല്ലോ, തവ ദീർഘദാസ്യം;
ആ നിൻ ശിരസ്സാ,ത്മപതാകപോലെ
പൊന്തട്ടെ, വിൺതെന്നലിനുമ്മവെപ്പാൻ!

3. ജനോദ്ധാരണി=ജനങ്ങളെ ഉദ്ധരിയ്ക്കുന്നവൾ. ഇദാനീം=ഇപ്പോൾ. മുന്നേതിലും......നാടായ്=സ്വതേ സ്വർണ്ണം വിളയുന്ന ഘലന മുമ്പെത്തേക്കാൾ മുന്തിയ പൊന്നുനാടായിച്ചമഞ്ഞു (സ്വാതന്ത്ര്യലബ്ധികൊണ്ട്.) മുമ്പ് ഈ സ്വർണ്ണം വിദേശക്കോയ്മകൾ കടത്തിക്കൊണ്ടുപോവുകയായിരുന്നു. ഇനി മുതൽ അതിന്നു സാദ്ധ്യതയില്ലാത്തതിനാൽ ഘലന കൂടുതൽ സമ്പന്നയായിത്തീരുമെന്നു താൽപര്യം. ധനി=ധനികൻ. സ്വാതന്ത്ര്യമില്ലെങ്കിൽ, എത്ര സമ്പത്തുണ്ടായാലും, ഏതു സമ്പന്നനും ദരിദ്രനാണ്. സമ്പത്തു സ്വയമെടുത്തുപയോഗിയ്ക്കാൻ സാധിച്ചില്ലെങ്കിൽ അതുകൊണ്ടു ഫലമില്ലല്ലോ. സ്വർണ്ണം വിളയുന്ന ഘലനയുടെ സ്ഥിതി ഇതായിരുന്നു, സ്വാതന്ത്ര്യം ലഭിയ്ക്കുന്നതു വരെ.

4. സ്വാതന്ത്ര്യപ്രഖ്യാപനത്തോടേ ദീർഘകാലത്തെ അടിമത്തം താഴെയിറങ്ങി. നിന്റെ ശിരസ്സ്, സ്വാതന്ത്ര്യപ്രഖ്യാപനത്തോടേ ഉയർന്നുപൊങ്ങിയ സ്വരാജ്യപതാകയോടൊപ്പം, അഭിമാനപൂർവം ആകാശത്തോളം (വിൺതെന്നലിനുമ്മവെപ്പാൻ) ഉയരട്ടെ എന്നു കവി ആശംസിയ്ക്കുന്നു!

Digitized By Kerala Sahitya Akademi

5. തമസ്സിൽനിന്നെന്നെ ഹസ്സിലെത്തി-
ക്കുകയെന്നു,മുല്പാടെവൾ പാടിനേർന്നു;
ആ ജ്ഞാനമുത്തശ്ശിയിതാ, മുകന്നു
പുൽകുന്നു, തേജസ്സുപുലന്നു നിന്നെ!

6. പത്തമ്പതാണ്ടാൽസ്സഹനായുധം കൊ-
ണ്ടോർ തൻെറ കാൽച്ചങ്ങല വെട്ടിനീക്കി;
അബ്ഭാരതോർവിക്കനുജത്തിതാനി-
ന്നാത്മപ്രഭാവാഞ്ജിതമോക്ഷയാം നീ!

7. ഒട്ടേറെ നോവേററു നിനക്കൊട്ടക്കം
സ്വാതന്ത്ര്യമാം പൈതൽ പിറന്നുവല്ലോ!
നീ പശ്ചിമാഫ്രിക്കയിൽ വീരസൂവായ്—
സർവ്വത്ര സന്തോഷസവിത്രിയായി!

5. തമസ്സിൽ......മുത്തശ്ശി-തമസോ മാ ജ്യോതിർഗ്ഗമയ എന്ന ആർഷവാക്യം ഒന്നാമതായി മുഴക്കിയതു് ഭാരതമാണല്ലോ.മുകന്നുപുല്കുന്നു—ഘാനയുടെ സ്വാതന്ത്ര്യം ഇന്ത്യയെ കോരിത്തരിപ്പിച്ചതിൻെറ അടയാളം. തേജസ്സു പുലന്നു—സ്വാതന്ത്ര്യലാഭംകൊണ്ടു പോയ്പ്പോയ തേജസ്സു വീണ്ടുകിട്ടി.

6. സഹനായുധം=സഹനസമരം. ആത്മപ്രഭാവാഞ്ജിതമോക്ഷ=ആത്മപ്രഭാവം (സ്വന്തം തേജസ്സ്)കൊണ്ടു് ആജ്ഞിതമായ മോക്ഷത്തോടുകൂടിയവൾ. സ്വാതന്ത്ര്യം നേടിയ ഘാന ഇന്ത്യക്കനുജത്തിയാണെന്നു്. ഇന്ത്യ 1947-ൽ സ്വാതന്ത്ര്യം നേടി; ഘാന 1957-ലും.

7. വീരസൂ—വീരപ്രസവ. സന്തോഷസവിത്രി—സന്തോഷത്തിന്നു ജന്മമേകിയവൾ. പശ്ചിമാഫ്രിക്കയിൽ ഒന്നാമതായി സ്വാതന്ത്ര്യം പ്രാപിച്ച ഘാന വീരപ്രസവയായി, എല്ലാവക്കും സന്തോഷമേകി!

Digitized By Kerala Sahitya Akademi

8. റിൻമോചനത്തിന്നു തുറുങ്കിൽവാണ
നക്രൂമതാൻ നിന്നെ നയക്കരുത്താൽ—
ഉൽക്കണ്ഠയെന്തിന്നു?—പിടിച്ചയത്തു-
മീയിന്ത്യയെപ്പണ്ഡിതനെഹ്രുപോലേ!

9. സഹിച്ചപോന്നു പല സങ്കടങ്ങൾ,
സാധിച്ചു, രക്തംപുരളാത്തസൌഖ്യം;
നക്രൂമ-നെഹ്റുക്കൾ സുരക്ഷിതാക്കൾ—
ഹാ ഗോൾഡ്കോസ്റ്റി-ന്ത്യകൾതൻപൊരുത്തം!

10. വിററില മാനം, വിതറീലടർത്തീ
വിമോക്ഷലബ്ധിക്കവൾ കത്തയച്ചു,

8. നക്രൂമ=ഘാനയുടെ പ്രസിഡണ്ട്. ഉൽക്കണ്ഠയെന്തിന്ന്=സ്വാതന്ത്ര്യോദയത്തോടേ ഇനി ആർ എങ്ങനെ രാജ്യത്തെ അഭിവൃദ്ധിപ്പെടുത്തുമെന്ന ഉൽക്കണ്ഠ സാധാരണ ജനങ്ങളിലുണ്ടാവാറുണ്ട്—അതിന്നടിസ്ഥാനമില്ലെന്നർത്ഥം. ഇന്ത്യയെ പണ്ഡിററ് നെഹ്റുവെന്നപോലെ ഘാനയെ നക്രൂമയും അഭിവൃദ്ധിപ്പെടുത്തിക്കൊള്ളും എന്നുറപ്പിക്കാം.

9. രക്തംപുരളാത്ത സൌഖ്യം=താരതമ്യേന ലഘുവായ ഹിംസയേ സ്വാതന്ത്ര്യപ്രാപ്തിക്ക് ഇന്ത്യയിലും ഘാനയിലും പ്രയോഗിക്കപ്പെട്ടിട്ടുള്ളു. സുരക്ഷിതാക്കൾ=രാജ്യത്തെ നല്ലവണ്ണം കാക്കുന്നവരാണ് നെഹ്റുവും നക്രൂമയും. രാജ്യനാശകരമായ ഹിംസയും ചോരക്കളവും നിഷ്ഫലമാക്കുന്നതിൽ നിന്നു് ഇരുവരും രാജ്യത്തെ തടഞ്ഞുനിർത്തി രക്ഷിച്ചു. ഇക്കാര്യത്തിൽ ഗോൾഡ്കോസ്റ്റി(ഘാന)നും ഇന്ത്യക്കും തമ്മിൽ സാമ്യമുണ്ട്.

Digitized By Kerala Sahitya Akademi

കൊട്ടക്കയ്യുംചെയ്തു, യുഗപ്പകച്ച്
കാണുന്ന കണ്ണുള്ളവരാംഗലേയർ.

11 മറിഞ്ഞുപോയ്കാല, മുണർന്നനാട്ടാർ
ക്കുസില്ല, ചെങ്കോലിനെ മേലിലാരും:
പാപ്പാനിട്ടം കാംവടിയ്ക്കൊതുങ്ങി-
നിന്നേയ്ക്കുമോ, വമ്പുതെളിഞ്ഞ കൊമ്പൻ?

12. ഇത്തരത്തമിന്നും പെരുമാൾപ്പദത്തെ-
ക്കൊണ്ടാട്ടമിംഗ്ലണ്ടിനെ നീണ്ടനാളാൽ
ചൊല്ലിപ്പഠിപ്പിച്ചതു, പാരതന്ത്ര്യ-
പ്രവൃത്തയാം ഭാരതഭൂമിയല്ലീ?

10. 9-ാം ശ്ലോകത്തിലെ ആശയത്തെ വിശദീകരിയ്ക്കുന്നു. ആംഗലേയർ=ഇംഗ്ലീഷുകാർ. യുഗപ്പകച്ച്=കാലത്തിന്റെ മാററം. സ്വാതന്ത്ര്യം നല്കണമെന്ന് ഒത്തൊരുമിച്ചാവശ്യപ്പെട്ടപ്പോൾ ഇംഗ്ലീഷുകാർ വക്കാണത്തിനൊരുങ്ങാതെ, കാലത്തിന്റെ മാററം കണ്ടറിഞ്ഞു്, അതനുവദിച്ചു.

11. വമ്പുതെളിഞ്ഞകൊമ്പൻ—കൊമ്പനാന തന്റെ വമ്പ് ഒരിയ്ക്കൽ തെളിഞ്ഞാൽ പിന്നെ പാപ്പാന്റെ കാരവടിയ്ക്ക് ഒതുങ്ങിനില്ക്കില്ലല്ലോ. അസ്വതന്ത്രജനങ്ങളുടെ വീറ് ഒരിയ്ക്കൽ രുചിച്ചറിഞ്ഞു സാമ്രാജ്യക്കോയ്മകൾക്ക് ഇനി അവരെ മുമ്പത്തെപ്പോലെ കന്നാലികളെപ്പോലെ മേയ്ക്കാൻ പററില്ല എന്നാശയം.

12. പെരുമാൾപ്പദം=കോയ്മസ്ഥാനം. അപാരതന്ത്ര്യപ്രവൃത്ത=സ്വാതന്ത്ര്യത്തിൽ പ്രവർത്തിച്ചവൾ. ഭാരതത്തിന്റെ സ്വാതന്ത്ര്യപ്രവർത്തനം സാമ്രാജ്യക്കോയ്മയായ ഇംഗ്ലണ്ടിനെ മേല്പറഞ്ഞ പാഠം പഠിപ്പിച്ചു.

Digitized By Kerala Sahitya Akademi

13. കൊള്ളാം; മറന്നില, മനീഷിശിഷ്യർ
തള്ളാവതല്ലാത്ത ഗുരൂപദേശം
ദുർലഭ്യമിപ്പുത്തനുഷഃപ്രകാശം
ചെല്ലട്ടെ,യാഫ്റിക്കയിലെങ്ങുമെങ്ങും!

14. ഏവം, പരസ്വങ്ങളിൽവെച്ച തൃക്കൈ
കോപംവിനാ, കോയ്മകൾ പിൻവലിക്കിൽ,
ശ്രേയസ്സുരുട്ടാ,മണുരാശികൊണ്ടു;
തീർപ്പിച്ചിടാം ഉമ്പകൾ തോക്ക-വാളാൽ.

13. മനീഷി=ബുദ്ധിമാൻ. ഭാരതം ചൊല്ലിക്കൊടുത്തു പഠിപ്പിച്ച ഈ ഉപദേശം (ഇക്കാര്യത്തിൽ ഭാരതം ഇംഗ്ലണ്ടിൻെറ ഗുരുനാഥനാണ്) ബുദ്ധിമാനായ ശിഷ്യൻ (ഇംഗ്ലണ്ട്) മറന്നില്ല. അതു, കൊള്ളാം—നന്നായി. ദുർലഭ്യം=ലഭിക്കാൻ പ്രയാസമുള്ള. ഈ പുത്തനുഷഃപ്രകാശം=ഈ പുതിയ പ്രഭാതവെളിച്ചം അസ്വതന്ത്രമായ മററു ആഫ്റിക്കൻ രാജ്യങ്ങളിലും പരക്കട്ടെ—മററു രാജ്യങ്ങളും സ്വതന്ത്രമാവട്ടെ എന്നാശംസ.

14. പരസ്വം=അന്യൻെറ സ്വത്ത്. സാമ്രാജ്യക്കോയ്മകൾ അടക്കിവെച്ച ഈ അന്യരാജ്യങ്ങളെ മുറുമുറുപ്പുകൂടാതെ കയ്യൊഴിച്ചാൽ, ആററംകൊണ്ടു ബോമ്പുകളല്ല, ശ്രേയസ്സ് (ഐശ്വര്യം) ഉരുട്ടിയുണ്ടാക്കാം—ആററംശക്തി ലോകാഭിവൃദ്ധിക്കായി ഉപയോഗിക്കാം. യുദ്ധത്തിൻെറ കെടുതി അസ്വതന്ത്രരാജ്യങ്ങളുടെ സ്വാതന്ത്ര്യപ്രാപ്തിയോടെ എന്നെന്നേക്കുമായി അവസാനിക്കും—പിന്നെ യുദ്ധം ആവശ്യമില്ലല്ലോ. തോക്ക-വാളുകൾകൊണ്ടു മൺവെട്ടികളുണ്ടാക്കാം. ഭൂമിയിൽ സമ്പത്തുവിളയിക്കാൻ കിളയും മററും ആവശ്യമാണല്ലോ.

Digitized By Kerala Sahitya Akademi

15. ഇംഗ്ലണ്ടു കാണിച്ച വിവേകബുദ്ധി
നോക്കൂ, ദൂരക്കണ്ണട നീക്കി നേരേ:
ഇഗ്ഗോവ, നീ വാങ്ങി വളൎത്ത ഗോവോ,
തല്ലിത്തെളിപ്പാൻ പ്രിയപോൎത്തുഗീസ്സേ?

16. മടിച്ചുവോ, മാനിതസത്യയാം ഫ്രാൻ-
സ്സിന്ത്യയ്ക്കു,തിൻമണ്ണു തിരിച്ചുനല്കാൻ?
നീയോ, തദാംശത്തെയടക്കിവെയ്ക്കാൻ
നോക്കുന്നു, നിൻ മക്കടെമുഷ്ടിതന്നിൽ!

17. എന്തും കൊടുക്കുന്നവനാണു വാങ്ങു-
ന്നോരല്ല, ഭവ്യാശയർ ഭാരതീയർ,
എന്നാൽസ്സഹിക്കില്ല, ഹഠാപഹാരം:
വായിക്കു, നീയാൎഷധരാചരിത്രം!

18. ഈജിപ്തിൽനിന്നന്നു തിരിച്ചു പോന്നി-
ട്ടാൾജീറിയായെ പ്രഹരിക്കയായ്, നീ:

15. പോൎച്ചുഗീസ് സാമ്രാജ്യക്കോയ്മകളോട്, ഇംഗ്ലണ്ടിന്റെ ഈ വിവേകം കണ്ടുപഠിക്കാൻ കവി ഉപദേശിക്കുന്നു. (ഗോവയെ ഇന്ത്യ മോചിപ്പിച്ചത് ഈയ്യിടെയാണല്ലോ.)

16. മാനിതസത്യ=സത്യത്തെ മാനിക്കുന്നവൾ. ഫ്രാൻസും ഇന്ത്യയിലുള്ള സ്ഥലങ്ങൾ കയ്യൊഴിച്ചു.

17. ഹഠാപഹാരം=ബലാൽക്കാരം. (തട്ടിപ്പറി) വായിക്കു.........ചരിത്രം— ഭാരതത്തിന്റെ പഴയചരിത്രം വായിച്ചാൽ ഈ സത്യം മനസ്സിലാകുമെന്നു കവി ഗോവയോടു പറയുന്നു.

Digitized By Kerala Sahitya Akademi

ഫ്രാൻസേ, കിട്ടച്ചീല നിനക്ക കാൽക്കെ-
ല്പെന്നോ, സമാധാനവഴിയ്ക്കിറങ്ങാൻ!

19. സാമ്രാജ്യമേ, നിന്നണുബോംബതിക്കൽ
നിൽത്താഞ്ഞിൽ നീയും പട്ടചാമ്പലായ്പ്പോം.
എന്തും വിഴുങ്ങുന്നൊരിതിയ്ക്കിനൊപ്പം
പുല്ലും പുലാവും പ്രജയും പുരാനും;

20. പാകൊല്ല പാഴ്മത്സരവിത്തു പാക്കി-
സ്ഥാനേ: ഭയാശങ്ക പിഴയ്ക്കയാൽ നീ
യാചിച്ചു മേടിച്ച മഹായുധച്ചാ-
ത്തതിൻ കനത്താൽത്തവ തോളിടിയ്ക്കാം!

18. ഫ്രാൻസ് ഈജിപ്തിൽനിന്നു ചുഖമെഴിച്ചെ ങ്കിലും അൾജീറിയായെ പ്രഹരിയ്ക്കുന്നതിന്നു വ്യാപൃതമായി സമാധാനമാർഗ്ഗത്തിൽ സഞ്ചരിയ്ക്കാൻ ഫ്റാൻസിന്നും കാൽക്കെൽപ്പ് കിട്ടിയില്ലായിരിയ്ക്കുമോ എന്നു കവി അളുതപ്പെട്ടുന്നു. ശക്തിയുള്ളവക്കല്ലേ സമാധാനമുണ്ടാവൂ?

19. ആററംബോബുപയോഗിച്ചാലുണ്ടാകുന്ന കെടുതി ഭയങ്കരമായിരിയ്ക്കും. സർവ്വചരാചരങ്ങളും യാതൊരുവ്യത്യാസവും കൂടാതെ ഉച്ചനീചഭേദം കൂടാതെ,ചുട്ടെരിഞ്ഞു ചാമ്പലായിപ്പോകും. അതുകൊണ്ട് ആററംബോമ്പുകളുണ്ടല്ലോ എന്ന ഹുങ്ക് സാമ്രാജ്യക്കോയ്മകൾ ഉപേക്ഷിയ്ക്കുന്നതാണു നല്ലതെന്നു താൽപര്യം.

20. പാക്കിസ്ഥാൻ ഇന്ത്യയുമായി മത്സരിയ്ക്കുന്നതാപത്താണെന്നു. ഭയാശങ്ക പിഴയ്ക്കയാൽ—ഇന്ത്യ പാക്കിസ്ഥാനെ ആക്രമിയ്ക്കുമെന്ന ഭയാശങ്ക അസ്ഥാനത്താണ്. അതിന്റെ പേരിൽ സാമ്രാജ്യക്കോയ്മകളോടു യാചിച്ചുവാങ്ങിയ

Digitized By Kerala Sahitya Akademi

21. സൌഭ്രാത്രമോരാതെ നവാസ്ത്രലാഭാൽ
ഞെളിഞ്ഞു നീ പോരിനു തോക്കെടുത്താൽ,
സ്വന്തം കളിക്കഞ്ഞതാത കോലെടുത്ത-
തായേ ഗണിയ്ക്കൂ ശമവൃദ്ധരെങ്ങൾ!

22. കശ്മീരവും ഗോവയുമിന്ത്യയിങ്ക-
ലുൾപ്പെട്ടതല്ലെന്ന പുറാട്ടുപേച്ചിൽ
പൊട്ടിച്ചിരിയ്ക്കാത്ത മുഖം ചുരുങ്ങും!
സൂര്യന്റെയല്ലാ, വെയിൽവൃഷ്ടി—ഹി ഹി!

23. 'വത്സ, ഘലനേ!—ചേച്ചി വിളിച്ചു: നാം നേർ-
ക്കറിഞ്ഞതല്ലോ, പരതന്ത്രദുഃഖം;

ആയുധങ്ങളുടെ കുമ്പാരകൊണ്ടുതന്നെ പാക്കിസ്ഥാന്റെ തോ
ളിടിഞ്ഞുവെന്നുവരാം—പാക്കിസ്ഥാന്നു ക്ഷീണം നേരിട്ടേ
യ്ക്കും; വളർച്ച മുട്ടിയേയ്ക്കും.

21. നവാസ്ത്രലാഭാൽ=പുതിയ ആയുധങ്ങൾ കിട്ടിയതു
കൊണ്ട്. സൌഭാത്രമോരാതെ—ഇന്ത്യയും പാക്കിസ്ഥാനും
സഹോദരരാണെന്ന കാര്യം മറന്ന്—നീ തോക്കെടുക്കുകയാ
ണെങ്കിൽ, സ്വന്തം കളിക്കഞ്ഞു് കളിയ്ക്കാനുള്ള ഒരു കോലെ
ടുത്തതായേ ശമം (അടക്കം)കൊണ്ടു വൃദ്ധരായ—വളരെക്കാല
മായി അടക്കം ശീലിച്ചു തഴകിയ—ഭാരതീയർ കരുതുകയുള്ളൂ;
ഒരിയ്ക്കലും ശത്രുതയായി വിചാരിയ്ക്കില്ല.

22. വെയിലും മഴയും സൃഷ്ടിയ്ക്കുന്നതു സൂര്യനല്ലെന്നു പ
റയുന്നത് എത്ര കണ്ടു നേരുകേടാണോ, അത്രയും അസംബ
ന്ധമാണ് കാശ്മീരം ഗോവയും ഇന്ത്യയുടെയല്ലെന്നു പറയുന്ന
ത്—ഹീ ഹീ-പരിഹാസദ്യോതകം.

23. ചേച്ചി-ഇന്ത്യ. വിളക്കുവെയ്ക്കാവു- വിളക്ക് കെ

Digitized By Kerala Sahitya Akademi

അക്കളരിരുട്ടാകെ വിടാൻ വിളക്ക
വെയ്ക്കാവൂ, ലോകത്തറവാട്ടിൽ നമ്മൾ!

24. ഇതായിരിയ്ക്കും, ഘനയും നിനപ്പ-
ത്തു; ള്ളാൽപ്പിടിച്ചാള, വല്ലായ്മതൻ കൈ-
പേയിൻെറ ചൂടാകിയ ഹൈഡ്രജൻബോ-
മ്പുതിക്കെട്ടത്തേ വിലസൂ, വെളിച്ചം!'

ശ്വര്യത്തിൻെറ പ്രതിരൂപം. നാം രാജ്യത്തെ ലോകത്തിൽ വെച്ച് ഐശ്വര്യസമ്പന്നമാക്കാൻ ശ്രമിയ്ക്കുക എന്നഭിപ്രായം.

24. ഉള്ളാൽപ്പിടിച്ചാ... കൈ—മനസ്സുകൊണ്ട് സൌഹാർദ്ദത്തിൻേറതായ കരം പിടിച്ചു. പേയ്'ഭ്രാന്ത്. പേയിൻെറ.........വെളിച്ചം ഉച്ചഭ്രാന്തിൻെറ ചൂടാകുന്ന ഹൈഡ്രജൻബോമ്പുകെട്ടത്തുകളഞ്ഞാലേ—ലോകത്തിൽ ശാശ്വത സമാധാനം സ്ഥാപിച്ചുകഴിഞ്ഞാലേ—സുഖാഭിവൃദ്ധികൾ തഴച്ചു വളരൂ—ഇതായിരിയ്ക്കും ഘനയും വിചാരിയ്ക്കുന്നതെന്നു കവി കരുതുന്നു.

Digitized By Kerala Sahitya Akademi

11. വെളുപ്പും കറുപ്പും

യൂറോപ്പിലാദ്യമായ് ഫ്രാൻസേ, പ്രജാതന്ത്ര-
സ്സൂരനെ പ്രാദുഷ്കരിച്ച നാടല്ലീ, നീ?
ആൾജീറിയായും വെളിച്ചത്തെയാശിക്കി-
ലാജിയ്ക്കൊരുങ്ങിയതങ്ങയ്ക്കു യുക്തമോ?
പീരങ്കികൂട്ടുവിൻ; കുന്തങ്ങൾ ചാട്ടുവിൻ;
പാറിക്കുവിൻ വിഷക്കാററു തെരുതെരെ;
ആരെയും കൊല്ലുവി-നാനന്ദമേകട്ടെ—
യാൾജീറിയാശവം നിങ്ങൾക്ക ഗൃധ്രരേ!
ആയിരം ലക്ഷം കറുത്ത പോരാളർതൻ
കായരക്കൌതൂഹലത്തിൽ നീന്തിക്കളിക്കയാൽ
തീപ്പിശാചുക്കൾപോലെന്നും ചുകപ്പരായ്-
ത്തീരുകില്ലല്ലീ, തിമക്കമീ വെള്ളക്കാർ!

II

ഭീതരാൾജീറിയക്കാരെത്രയെത്രപേർ
മൈതാൻ മുതലുമായ്പ്പാഞ്ഞുപോന്നങ്ങുസാ,

1. പ്രാദുഷ്കരിക്കുക=ആവിർഭവിപ്പിക്കുക. ആജി=യുദ്ധം. ഗൃധ്രർ=കഴുകർ. ശവത്തിന്റെ മണം കഴുകുകൾക്ക മാത്രമേ ആസ്വാദ്യമാകുയുള്ളുവല്ലോ. കായരക്കൌതൂഹലം=മെയ്ച്ചോരക്കളം.

II

ഭീതർ=പേടിച്ചവർ. മൈതാൻ മുതലുമായ്—തടിമാത്രം കൈമുതലായിട്ട്. ആൾജീറിയക്കാർ പ്രാണനുംകൊണ്ടോടി

Digitized By Kerala Sahitya Akademi

പൈതങ്ങൾപോലേ ട്ടണീഷ്യതൻ സ്നേഹത്തെ-
യ്യാറിവപ്പിച്ചീ,ല്വണങ്ങിയ ചുണ്ടിനാൽ?
ചേതനയെണ്ണിയെണ്ണിക്കൊടുക്കട്ടെ, കൂട്ടകാർ—
ചേതമൊന്നൊന്നായ്‌വരട്ടേ—വിടില്ലിവർ:
ഏതൊരങ്ങാടിയിൽക്കിട്ടും, ലഘുവില-
ക്കാതങ്കഹൃത്താം സ്വയംഭരണാമൃതം?

iii

പേടിയെന്തിനു നിങ്ങൾക്കു പാശ്ചാത്യരേ:
ചാടിയാൽപ്പൊന്തുമോ, പോക്കിനൊക്കമിവർ!
മേട വെളുക്കുതാൻ, മാടം കറുമ്പനു
പാടട്ടെ പാവങ്ങൾ സാമ്യഗീതങ്ങളെ!

പ്പോന്ന്‌ട്ടണീഷ്യയിൽ പാപ്പാക്കി,മാതൃഭൂമിയുടെ സ്നേഹം നുകരാൻ കഴിയാതെ ഉണങ്ങിയ ചുണ്ടുകൊണ്ട്‌ വീപ്പിട്ട്‌ ട്ടണീഷ്യക്ക്‌ സ്നേഹത്തെ ഉദ്ദീപിപ്പിച്ചു. തങ്ങളുടെ കൂട്ടകാർ സ്വാതന്ത്ര്യം നേടാൻ ചേതന (ജീവൻ) എണ്ണിയെണ്ണി ത്യജിക്കട്ടെ—എന്തെന്തു ചേതവും (നഷ്ടവും) അനുഭവിക്കട്ടെ. എന്നാൽ അവർ വിട്ടില്ല. ആതങ്കഹൃത്ത്‌=ദുഃഖത്തെ നശിപ്പിക്കുന്നത്‌. സ്വയംഭരണമാകുന്ന അമൃത്‌ വല്ല തുച്ഛമായ വിലയും കൊടുത്തു വാങ്ങാവുന്ന അങ്ങാടിസ്സാമാനമല്ല. അതിനു ജീവത്യാഗംതന്നെ മിക്കപ്പോഴും വേണ്ടിവരും.

III

പോക്കിനൊക്കമിവർ–കറുത്തു തടിച്ച ആഫ്രിക്കക്കാർ പോക്കുകളായ്ത്തന്നൊന്നാണ്‌ വെള്ളക്കാരുടെ പക്ഷം! മേട...... കറുമ്പന്ന്‌–വലിയ മണിമേടകൾ വെള്ളക്കാർക്കുള്ളതാണ്‌; കു

Digitized By Kerala Sahitya Akademi

ഊപ്പിടി കാട്ടട്ടെ, മാന്തട്ടെ—നൽപ്പനി-
നീർപ്പുഷ്പമാല്യം കരങ്ങിനേകുമെവൻ?
ആഫ്‌റിയ്ക്ക തന്നിരുൾമെയ്യിനു വെള്ളതൻ
കോപ്പാം സ്വരാജത്വ യോജിയ്ക്കുമില്ലതാൻ.
വെള്ള, മഞ്ഞ, കറുപ്പിത്യാദിഭേദങ്ങൾ
മല്ലടിപ്പിയ്ക്കലാം മർത്ത്യരെത്തങ്ങളിൽ:
മുത്തു-പൊന്നി-ന്ദ്രനീലങ്ങളിണങ്ങിയാൽ,-
പ്പുഷ്പലിയ്ക്കതെത്ര വിലപ്പെട്ട പണ്ടമാം!

iv

ഭൂതത്തെയൊക്കെയുമാത്മവൽക്കാട്ടുന്ന
പൂതമാം കണ്ണട നോക്കിവാങ്ങാവൂ, നാം

ടില്ലകളത്രേകരുമ്പന്മാക്ക്‌. സാമ്യഗീതങ്ങൾ=സമത്വത്തിന്റെ പാട്ടുകൾ. ഊപ്പിടി കാട്ടട്ടെ-പേടിപ്പെടുത്തട്ടെ. പനിനീർ പുഷ്പമാല്യം— പ്രകൃതത്തിൽ സ്വാതന്ത്ര്യം. വെള്ളക്കാരുടെ അഭിപ്രായത്തിൽ സ്വാതന്ത്ര്യമാകുന്ന പുഷ്പമാല്യം ആഫ്‌റിയ്ക്കക്കാരായ കരങ്ങന്മാക്ക്‌ കൊടുക്കാനുള്ളതല്ലെന്ന്‌. കോപ്പ്‌=ആഭരണം. വെള്ളക്കാക്ക്‌ ആഭരണമാണ്‌—അവരുടെ മേനിയ്ക്കു മാററു കൂട്ടുന്നതാണ്‌—സ്വാതന്ത്ര്യം. കറുമ്പക്ക്‌ അതു ശോഭയുണ്ടാക്കില്ല! വെള്ള......പണ്ടമാം—വെള്ള, മഞ്ഞ, കറുപ്പ്‌, എന്നീ നിറഭേദങ്ങളെ ആസ്പദമാക്കി മനുഷ്യരെ തരംതിരിച്ച്‌ തമ്മിൽത്തല്ലിയ്ക്കുന്നത്‌ എത്ര ആപൽക്കരം! നേരേമറിച്ച്‌ ഈ നിറങ്ങളെല്ലാം ഒന്നിച്ചിണങ്ങിയാൽ, മുത്തും പൊന്നും ഇന്ദ്രനീലവും എന്നപോലെ അതു ഭൂമിയ്ക്കു വളരെ വിലപിടിച്ച അലംകാരമായിത്തീരും!

Digitized By Kerala Sahitya Akademi

സ്വാതന്ത്ര്യസൌഖ്യമിനിയ്ക്കും, നമുക്കെങ്കി-
ലേതു നാവിനതു കയ്പുള്ളതായ്‌വരും?
എന്തിനുകൊള്ളാം മനുഷ്യനൊന്നാണെന്ന
ചിന്തയില്ലാത്ത പഠിപ്പും, പട്ടത്വവും?
സ്വന്തം ശിരസ്സിലേ വെട്ടുകയാണു, വാൾ
പൊന്തിച്ചു 'കോമരം തുള്ളുമി'ക്കോയ്മകൾ!

താനനുഭവിച്ചില്ലയോ, മുക്തിയ്ക്കു
മാനസശാരീരപീഡാശതങ്ങളെ;
ഇന്നവയെപ്പേർത്തയവിറക്കുന്നു നിൻ
തുന്ദിലാപത്തിൽ നിൻ ബന്ധുവാം ഭാരതം!
നമ്മെപ്പുലർത്തുവാൻ നാം പോരുമില്ലെങ്കിൽ
നമ്മന്ദരാകാ,മിതൾക്കുണ്ടിൽ വീണ്ടുമേ!
ധർമ്മനാട്യക്കാർ വിളിച്ചു കയ്യിൽത്തരും
നന്മയ്ക്കു തിന്മയെന്നാണു, പേരായ പേർ!

iv

ഭൂതത്തെ... കാട്ടുന്ന = ഗീതാവാക്യം. സർവചരാചര ങ്ങളെ ഐശ്വരമായ ആത്മാവിനെപ്പോലെ കാണിയ്ക്കുന്ന— സർവ ചരാചരങ്ങളും ഈശ്വരൻെറ അംശമാണല്ലോ. പൂതം= പരിശുദ്ധം. അദ്വൈതത്തിൻെറ നിർമ്മലമായ കണ്ണാടിയി ലൂടേ നാം എല്ലാററിനെയും നോക്കിക്കാണണം. ഭേദബുദ്ധി കൈവിടണം. ദ്രുനിയ്ക്കുക=മധുരിയ്ക്കുക.

മുക്തി=സ്വാതന്ത്ര്യം. തുന്ദിലാപത്ത്=വലിയ ആപത്ത്. ഭാരതം സ്വാതന്ത്ര്യലബ്ധിയ്ക്കുവേണ്ടി കായികവും മാനസി കവുമായ എണ്ണമററ വേദനകളനുഭവിച്ചു. ഇന്ന് അൾജീരി യയുടെ ബന്ധുവായ ഭാരതം, അൾജീറിയയുടെ വേദനകൾ

Digitized By Kerala Sahitya Akademi

ആൾജീറിയായേ, സ്വശക്തിയാൽത്തന്നെ നീ-
യാജ്ജിക്കുണ,മഭിപൂർണ്ണയാം ലക്ഷ്മിയെ:
'അന്യതേജസ്സാൽ വളൎന്നവൻ ഞാനെ'ന്ന
നണ്ണലാലല്ലീ, ശശിക്കിരുണ്ടു മുഖം!
ഏഷ്യയുണൎന്നെഴുന്നേററു, മുതുകിലെ-
ദ്ദാസ്യച്ഛദമഴിച്ചാഞ്ഞാഞ്ഞെറികയായ്,
ഫ്രാൻസുമിംഗ്ലണ്ടുമമ്മേരിക്കയുമിതിൽ
വാശിവിട്ടവതേ മാനവും നീതിയും.

-കാണുമ്പോൾ, അന്നത്തെ കഷ്ടപ്പാടുകളെ ഓൎത്തുപോകുന്നു. നിൎമ്മഗ്നർ=മുഴുകിയവർ. അഭിപൂർണ്ണം=തികവുററ. സ്വന്തം കാലിൽ ഉറച്ചുനിന്നു പോരാടിയാലേ സ്വാതന്ത്ര്യം നേടാനാവൂ, ഇതു മററുള്ളവർ വിളിച്ചുതരുന്ന സാധനമല്ല; അങ്ങനെകിട്ടിയാൽ അതു തികഞ്ഞ സ്വാതന്ത്ര്യവുമാവില്ല. അന്യ...ശശിക്കിരുണ്ടു മുഖം=സൂര്യന്റെ പ്രകാശമാണല്ലോ ചന്ദ്രനു ശോഭ ഉണ്ടാക്കുന്നതു്. ചന്ദ്രനിലെ കളങ്കം, ഈ അന്യാശ്രയംനിമിത്തമുണ്ടായ ദുഃഖമാണെന്നഭിപ്രായം.

Digitized By Kerala Sahitya Akademi

12. ജനീവാത്തടാകം

സംജനിതാഹ്ലാദമാം
 പ്രകൃതിസൌന്ദര്യത്തിൻ
മഞ്ജുളപ്രവാഹമെ-
 ന്നെണ്ണേണ്ടും തടാകമേ,
കുഞ്ഞിനെയച്ഛൻപോലെ-
 യുററുനോക്കുന്നു നിന്നെ,
മഞ്ഞിനാൽപ്പുതച്ചുനി-
 ന്നാൽപ്സെന്ന ഗിരിവൃദ്ധൻ.
പാരിസ്സിൻ പരിചൊന്നു
 ജനീവാനഗരിയ്ക്കു
ചാരുത നോക്കാൻ ചാരേ
 വെച്ച നൽക്കണ്ണാടി നീ!

1. സംജനിതാഹ്ലാദം=ആഹ്ലാദത്തോടുകൂടിയത്. മഞ്ജുളപ്രവാഹം=മനോഹരമായ ഒഴുക്ക്. ജനീവാത്തടാകം പ്രകൃതിസൌന്ദര്യത്തിൻെറ സാഹ്ളാദമായ മനോഹരപ്രവാഹമായിത്തോന്നുമെന്നഭിപ്രായം. ആൽപ്സ് പർവതം ജനീവാത്തടാകത്തിന്നുക്കല്ലൂടേ നീണ്ടുനീണ്ടുപോകുന്നു. ആ ഗിരിവൃദ്ധൻ (കിഴവൻപർവതം) ജനീവാത്തടാകത്തെ, അച്ഛൻ കുഞ്ഞിനെ എന്നപോലെ വാത്സല്യപൂർവം ഉററുനോക്കുന്നു. പർവതത്തിന്നു പ്രായം കുറേയായല്ലോ. വാർദ്ധക്യംകൊണ്ടു വാത്സല്യത്തിന്നു കനംകൂടിയിരിയ്ക്കുന്നു. ജനീവാത്തടാകത്തിൻെറ ഉൽഭവം ആൽപ്സ്പർവതത്തിൽനിന്നാണ്. മ

Digitized By Kerala Sahitya Akademi

വിസ്റ്റ്ുള വാർസാഷ്ടം സീ-
നാറു പാരിസ്സിന്നും പോ-
ലുററവൈശിഷ്ട്യം ജനി-
പ്പിച്ചു നീ ജനീവയ്ക്കും.
മുട്ടാതെ മൂവന്തിയ്ക്കു
നിരത്തിൽജ്ജ്വലിപ്പിയ്ക്ക-
പ്പെട്ടിടും നാനാവർണ്ണ
വൈദ്യുതപ്രദീപങ്ങൾ
സൃഷ്ടിച്ചു പോരുന്നു നിൻ
ജലത്തിൽ പ്രതിബിംബാൽ
ദൃഷ്ടിരമ്യമാമൊരു
വിചിത്രപ്പൂന്തോട്ടത്തെ!

ഞ്ഞിനാൽപ്പുതച്ച്—അധികം കാലവും മഞ്ഞുമൂടിയാണ് ആൽപ്സ്പർവതം. കിഴവന്മാർക്ക് പുതപ്പ് അത്യാവശ്യമാണല്ലോ. ചാരുത=സൌന്ദര്യം. പാരിസ്സിൻപരിച്=പാരീസ്സിനെപ്പോലെ. നൽക്കണ്ണാടി—തടാകജലം അത്ര സ്വച്ഛനിർമ്മലമാണ്. സർവവും അതിൽ കരടില്ലാതെ പ്രതിഫലിച്ചു കാണാം. അതു കണ്ടാൽ മനോഹരമായ ജനീവാനഗരിയ്ക്കു ചന്തം നോക്കാനുള്ള കണ്ണാടിയാണെന്നുതോന്നും.

വിസ്റ്റ്ുള=പോളണ്ടിന്റെ തലസ്ഥാനമായ വാഴ്സാനഗരപ്രാന്തത്തിലൂടേ ഒഴുകുന്ന നദി. സീനാർ=പാരീസ് നഗരപ്രാന്തത്തിലൂടേ ഒഴുകുന്ന നദി.

മൂവന്തിയ്ക്ക്=സന്ധ്യയ്ക്ക്. സന്ധ്യാസമയത്തെ പല വർണ്ണമുള്ള വൈദ്യുതവിളക്കുകൾ തടാകത്തിൽ പ്രതിബിംബിച്ചു ദൃഷ്ടിരമ്യമായ (കൺകുളിപ്പിയ്ക്കുന്ന) ഒരു വിചിത്രപ്പൂന്തോട്ടത്തെ നിർമ്മിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

ബയറൻ–റൂസ്സോ–ബൽസാ–
ക്കാദികൾ സംസേവിച്ചോ–
തയന്ന കലാതീർത്ഥ–
മല്ലി നീ മുൻനൂററാണ്ടിൽ?
ലയിച്ചിട്ടുണ്ടാം നിൻെറ
കൊച്ചലകളിൽ, ക്കാവ്യ–
പ്രിയരാമവരുടെ
ഭാവനാചലനങ്ങൾ!

ബയറൻ റൂസ്സോ ബൽസാക്ക് എന്നീ മഹാകവികളൊക്കെ ഈ വിഖ്യാതതടാകത്തിൻെറ തീരത്തെ കലാതീർത്ഥമെന്നപോലെ (സംസേവിച്ചിട്ടുണ്ട്) സേവിച്ചിട്ടുണ്ട്. ഈ തടാകതീരത്തു് സുഖവാസമനുവിച്ചിട്ടുണ്ട്. ആ കാവ്യപ്രിയരുടെ ഭാവനയുടെ ചലനങ്ങൾ തടാകത്തിൻെറ കൈകളിൽ ലയിച്ചിട്ടുണ്ടാവും. അതുകൊണ്ടു് എനിയ്ക്കു് ഇതു വിശേഷാൽ സംസേവ്യമാണെന്നഭിപ്രായം.

Digitized By Kerala Sahitya Akademi

13. രണ്ടിൻെറയും ഇടയിൽ

മുപ്പതാണ്ടിന്നു മുമ്പിങ്ങൊരാപ്പീസ്സിൽനി-
ന്നപ്പകവണ്ടി പുറപ്പെട്ടവേളയിൽ,
വിഭ്രമത്തിൻകിതപ്പോടൊരു കേരള-
വിപ്രനതിൻെറ മുറിയൊന്നിലേറിനാൻ.
അങ്ങിരിപ്പുപടി രണ്ടുള്ളതിലൊന്നു
തിങ്ങിയിരുന്നു, കുടുംബിയാമേകനാൽ
മററതിന്മേലിരുപേർകളേ ഉള്ളൂ; ര-
ണ്ടാററുമായാണിരുന്നിരുന്നതവർ.
ചെന്നിരുന്നാനപ്പുമാന്മാരുടെ നടു-
ക്കൊന്നും കഥിക്കാതൊതുക്കമോടന്തണൻ.
ഇന്നെറികേടു കണ്ടപ്പരിഷകൾ-
ക്കൊന്നുപോലാശു ചുളിഞ്ഞു നെററിത്തടം.

1119-ൽ എഴുതിയതു്.

1. വിഭ്രമം=പരിഭ്രമം. കേരളവിപ്രൻ=നമ്പൂതിരി. കുടുംബി=കുടുംബസമേതൻ. പുമാന്മാർ=പുരുഷന്മാർ. ആ നമ്പൂതിരിബ്രാഹ്മണൻ തീവണ്ടിയിൽ രണ്ടു് യുവമാന്യന്മാരുടെ നടുക്കു ചെന്നിരുന്നപ്പോൾ ആ നെറികേടു കണ്ടു് അവരുടെ നെററി പരിഹാസത്താൽ ചുളിഞ്ഞു. ശീമമട്ടു്—അവർ യൂറോപ്യൻ വേഷത്തിലായിരുന്നു. ആ പച്ചപ്പരിഷ്ക്കാരികളുടെ ഇടയിൽ ഈ തററുടുവസ്ത്രംമാത്രമുള്ള നാടൻചരക്കിനെ—പാവപ്പെട്ട മനുഷ്യനെ—എങ്ങനെ കൊണ്ടുവെക്കാം? ധിക്കാരം! വൃദ്ധതാസ്പൃഷ്ടൻ=വൃദ്ധതയാൽ സ്പർശിക്കപ്പെട്ടവൻ. ആനനം=മുഖം. ക്ഷൌര...മസൃണിതം=ക്ഷൌരംകഴിച്ചു് സുഗന്ധ

Digitized By Kerala Sahitya Akademi

രണ്ടുതന്നെ ശ്ലീമമട്ടിൻനടക്കിലോ
കൊണ്ടുവെയ്ക്കുണ്ടതീ നാടൻ ചരക്കിനെ.
മിത്രങ്ങളുടെക്കരളിയയുവാക്കളെ-
തൃത്തമമാകും ദൊരയുടുപ്പിട്ടവർ;
വൃദ്ധതാസ്പൃഷ്ടനാം വിപ്രനോ, തററുട-
വസ്ത്രമൊന്നാലരമാത്രം മറച്ചവൻ.
ഗൌരവം കൂട്ടമാ മാന്യർതന്നാനനം
ക്ഷൌരകർമ്മാമോദിച്ചൂർണ്ണമസൃണിതം;
ആരണവക്ത്രമാ സംവൃതം, വാദ്ധക-
ച്ചാരംപുരണ്ടുള്ള രോമാങ്കുരങ്ങളാൽ.
ഏകൻ ശിവലിംഗമിമൂന്നിൽ; മററിരു-
പേർകളോശ്ലക്ഷ്ണാശ്മകശ്രുപ്രതിമകൾ—
മറെറന്തു, രണ്ടുവിചിത്രച്ചെടികൾതൻ
മധ്യേ കിളിർത്തൊരെരിക്കിനെക്കൌതുകാൽ

മുള്ളപൌഡർ പൂശിയത്. ആരണവക്ത്രം=ബ്രാഹ്മണന്റെമുഖം. സംവൃതം=മൂടിയത്. ആ ബ്രാഹ്മണന്റെ താടി കുറേശ്ശ നരച്ചു തുടങ്ങിയിരുന്നു. ശിവലിംഗം—തല ശിവലിംഗംപോലെ മൊട്ടയായിരിയ്ക്കുന്നു. നമ്പൂതിരിബ്രാഹ്മണർ തല മുക്കാലും ക്ഷൌരംചെയ്ത്, മൂർദ്ധാവിൽ സ്വല്പം രോമംമാത്രം നിലനിത്തുകയാണ് അന്നൊക്കെ പതിവ്. അതിന്നു ശിവലിംഗത്തിന്റെ ഛായ തോന്നുമല്ലോ. ശ്ലക്ഷ്ണാശ്മകശ്രുപ്രതിമകൾ—മാർബിൾ കല്ലുകൊണ്ടുള്ള മനോഹരപ്രതിമകൾ. രണ്ടു വിചിത്രച്ചെടികൾ—ദൊരയുടുപ്പിട്ട ആ പരിഷ്കാരികൾ. എരിക്ക്—ആ വൃദ്ധബ്രാഹ്മണൻ. വെച്ചുപിടിപ്പിയ്ക്കുന്ന വിചിത്രമായ പൂച്ചെടികളുടെ മധ്യത്തിൽ എരിക്കിനെപ്പോലെ കിളിർത്ത

Digitized By Kerala Sahitya Akademi

വണ്ടിജ്ജനാൽകളിലൂടേ, നിരീക്ഷിച്ചു-
കൊണ്ടിതു പൂർവാഹ്നമക്കതിർകളാൽ!
നില്ലാതെ നീങ്ങിത്തുടങ്ങി തീവണ്ടി; കൈ-
ച്ചെല്ലം തുറന്നു മുറുക്കവാനന്തണൻ,
ഇല്ലത്തുവെച്ചു പുലച്ച്ഗ്ഗ ഗ യത്രി
ചൊല്ലിയ ചുണ്ടത്തു പാഞ്ഞു തുടന്ററം.
അപ്പൊളാ രണ്ടാളിലേകങ്കൽനിന്നു, വായ്-
ക്കപ്പൽച്ചുരുട്ടിൻ പുകച്ചാർത്തിലൂടവേ
'ആരാണു താങ്കളെ'ന്നിങ്ങിനെ ചോദ്യമൊ-
ന്നാരണൻ തങ്കൽപ്പതിച്ചു, പരുക്കനായ്.
'ഞാനൊരു നമ്പൂരി'യെന്നു, വീണ്ടും ധൃത-
മൌനം മുറുക്ക തുടന്നു മഹീസുരൻ

ആ വൃദ്ധനെ പൂർവാഹ്നം(=പകലിന്റെ മൂന്നായി തിരിച്ചതിൻെറ ആദ്യഭാഗം.) സൂര്യരശ്മികൾകൊണ്ട് വണ്ടിജ്ജനാൽകളിലൂടേ സാദ്ഭുതം നോക്കി. സൂര്യരശ്മി വണ്ടിജ്ജനാലഴിലൂടേ കടന്നുചെന്നിരുന്നത് ഈ അപൂർവക്കാഴ്ച കാണാനാണെന്നു തോന്നും!

പതിച്ചു പരുക്കനായ്—ആ ചോദ്യത്തിൽ മര്യാദയുടെ മയം ഒട്ടും ഉണ്ടായിരുന്നില്ല! ധൃതമൌനം=മൌനത്തോടുകൂടി. മഹീസുരൻ=ബ്രാഹ്മണൻ. ടീക=ടിപ്പണി. രണ്ടിൻെറയും ഇടയ്ക്ക്—തണ്ടനോ മണ്ടനോ എന്നു ചോദിച്ചതിനു താൻ രണ്ടിൻെറയും നടുവിലാണെന്ന് അദ്ദേഹം പരിഹാസപൂർവം തിരിച്ചടിച്ചു. ആ പച്ചപ്പരിഷ്കാരികളുടെ നടുക്കാണല്ലോ അദ്ദേഹം ഇരിപ്പുറപ്പിച്ചിരുന്നത്. ഉൽസ്മിതം=പുഞ്ചിരി. ദൃഢാശയൻ=മനക്കരുത്തുള്ളവൻ. അവരുടെ പരി

Digitized By Kerala Sahitya Akademi

ചേർത്താനൊരു ടീക മററവർ തോഴന്റെ
ചോദ്യത്തിന്,'ഞൊരു തണ്ടനോ മണ്ടനോ?'
രണ്ടിന്റെയുമിടയെന്നാനൊരുൽസ്മിതം
ചുണ്ടിൻചുകപ്പിൽത്തൊട്ടത്തദ്ദ്രഢാശയൻ.'

ഹാസ**ച്ചോദ്യം കേട്ടിട്ട** യാതൊരു കൂസല്യമില്ലാതിരുന്ന ആ നാടൻ **ബ്രാഹ്മണൻ** 'കവിടിയ്ക്കു കവിടി' തിരിച്ചുകൊടുത്തു എന്നു **ദൃഢാശയൻ** എന്ന വാക്കുകൊണ്ടു കൂടുതൽ വ്യഞ്ജിപ്പിച്ചിരിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

14. പാദപാംസു

---

1. മഹിമയുടയ ഗാന്ധി ദീനസേവാ-
വിഹിതപരിശ്രമനിന്നു ചെന്നതോടേ,
അഹിതദശകളെ സ്വയം മറന്നൂ,
'മഹിഷദളാ'ഹ്വയമാം മഹീവിഭാഗം.

2. കതിപയസമകൾക്കുമുമ്പു ചിക്കെ-
ന്നതിരുകവിഞ്ഞു മറിഞ്ഞ നീർപ്പരപ്പാൽ
പ്രതിനിമിഷമൊലിച്ചുപോയ സംപ-
ത്തതിനു തിരിച്ചുലഭിച്ചുവന്നുതോന്നീ!

1121-ൽ എഴുതിയതു്.

1. ദീനസേവാവിഹിതപരിശ്രമൻ=ദീനന്മാരെ ശുശ്രൂഷിയ്ക്കുകയാകുന്ന ഹിതകരമായ പരിശ്രമത്തിലേർപ്പെട്ടവൻ. അഹിതദശകൾ=ഹിതകരമല്ലാത്ത അവസ്ഥകൾ. മഹിഷദളാഹ്വയം=മഹിഷദളംഎന്നുപേരുള്ള. മഹീവിഭാഗം=ഭൂവിഭാഗം (ദിക്കു്). ആതുരശുശ്രൂഷാശീലനായ ഗാന്ധിജി ചെന്നതോടേ മഹിഷദളമെന്ന പ്രദേശം ദൈന്യാവസ്ഥകളെ സ്വയം മറന്നുകളഞ്ഞു. എന്തു കഷ്ടപ്പാടിനെയും വിസ്മരിപ്പിയ്ക്കാൻപോന്നതായിരുന്നു, അദ്ദേഹത്തിൻെറ ആഗമനം.

2. കതിപയസമകൾ=ഏതാനും കൊല്ലങ്ങൾ. ഏതാനുംകൊല്ലങ്ങൾക്കുമുമ്പു വെള്ളപ്പൊക്കത്തിൽ ഒലിച്ചുപോയ തൻെറ സമ്പത്തു് ആ പ്രദേശത്തിന്നു തിരിയേ കൈവന്നതായിത്തോന്നി! ഒരു നിധി കൈവന്ന പ്രതീതിയാണു് ആ പ്രദേശത്തിന്നുണ്ടായതു് എന്നു ഭാവം.

Digitized By Kerala Sahitya Akademi

3. അടിവരെയുമുലച്ചപാഴ്ക്കൊട്ടും കാ-
റ്റടിയിലൊടിഞ്ഞു ചതഞ്ഞ മർത്ത്യമെയ്യുകൾ
ഘടിതബലമതാ, നിവൃന്നുനിന്നു,
ഝടിതി മഹാത്മജിതൻ സമാഗമത്തിൽ.

4. ഇടമഖില,മധീശർകേറി വൻപോ-
ർപ്പടയുടെ പാളയമാക്കിവെച്ചമൂലം
ഇടർപെരുകിയലഞ്ഞിരുന്ന നാട്ടാ-
രുടനടി തത്ര സുഖാലയസ്ഥർപോലായ്.

5. പരവശരവർ തന്റെ സന്നിധാനാൽ
വിരഹിതവേദനരായ്ബ്ഭവിയ്ക്കിലും, ഹാ

3. ഘടിതബലം=ബലത്തോടുകൂടി. അന്നത്തെ കൊടുംകാററിൽ ഒടിഞ്ഞുചതഞ്ഞ മനുഷ്യദേഹങ്ങൾ (വെള്ളപ്പൊക്കംകൊണ്ടും കൊടുംകാററുകൊണ്ടും മററുമുണ്ടായ കഷ്ടപ്പാടിനാൽ ജീവനില്ലാതായിത്തീന്ന മനുഷ്യപ്പേക്കോലങ്ങൾ) പെട്ടെന്നു ബലം കൈവന്നപോലെ നിവൃന്നുനില്ക്കുന്നതു കാണമാറായി—ഗാന്ധിജിയുടെ ശക്തിവിശേഷത്തിന്റെ മാഹാത്മ്യത്താൽ.

4. അധീശർ=സാമ്രാജ്യാധിപന്മാർ. ഇടർ=കഷ്ടപ്പാട്. ആ പ്രദേശം മുഴവൻ സൈന്യത്തിന്റെ വരുതിയിലായിരുന്നതിനാൽ, കഷ്ടപ്പാടനുഭവിച്ചിരുന്ന തദ്ദേശീയർ പെട്ടെന്നു് ഒരു സുഖവാസസ്ഥലത്തെയ്ക്കു മാററപ്പെട്ടപോലെ അവക്കു് തോന്നി. ഗാന്ധിജിയുടെ സാന്നിധ്യം അത്രയും ആശ്വാസമരുളുന്നതായിരുന്നു.

5. വിരഹിതവേദനർ=വേദനയോടു വേർപെട്ടവർ. നവധർമ്മജന്നു്=പുതിയ യുധിഷ്ഠിരന്നു്. അരം=വേഗം.

Digitized By Kerala Sahitya Akademi

നരകസദൃശമാ പ്രദേശമീക്ഷി-
ച്ചരമുരുകീ നവധർമ്മജന്നു ചിത്തം.

6. ഭരണപുരുഷർതന്നനാസ്ഥയാലും
ദുരഭിഭവപ്രകൃതിപ്പകർച്ചയാലും
നരരൊരു പതിനഞ്ചു ലക്ഷമാപ-
ന്മരണമടഞ്ഞൊരധന്യനാടിതത്രേ.

7. കരുണയൊടഖിലേശ്വരൻ നിയോഗി-
ച്ചരുളിയ ദൂതനെയെന്നപോലെ നാട്ടാർ
ഗുരുവരനെ വിടർന്ന കൺകളാലേ
പെരുത്തു നുകർന്നു വിശപ്പിൽനിന്നകന്നു!

8. ധരണിയെ മുഴുകിച്ചു തത്ര, നാനാ-
നരതതിതൻ മലവെള്ളമേറൽ വീണ്ടും;
പരമൊരു കുളിർകാററുമങ്ങടിച്ചു
സരഭസതച്ച്വാസിതോദ്ഗമങ്ങളാലേ!

6. അനാസ്ഥ=ആദരമില്ലായ്മ. ദുരഭിഭവപ്രകൃതിപ്പകർച്ച=കീഴടക്കാനാവാത്ത പ്രകൃതിയുടെ മാററം. വെള്ളപ്പൊക്കത്താലും പട്ടിണിയാലും പതിനഞ്ചുലക്ഷം പേർ ആ ഭാഗ്യംകെട്ട പ്രദേശത്തു മൃതിയടഞ്ഞു.

7. ഗാന്ധിജിയെ ഒരു ദൈവദൂതനെ എന്നപോലെയാണ്, പട്ടിണികൊണ്ടുവലഞ്ഞ ആ നാട്ടുകാർ നോക്കിക്കണ്ടതു്. വിടർന്നകൺകളാൽ—അത്ഭുതാഹ്ലാദങ്ങൾ വ്യഞ്ജിപ്പിക്കുന്നു. അങ്ങനെ അവർ അല്പകാലം വിശപ്പുമറന്നു.

8. വീണ്ടും ഒരു വെള്ളപ്പൊക്കമുണ്ടായി. ഇന്നു് ആഹ്ലാദകോലാഹലം മുഴക്കുന്ന ജനലക്ഷങ്ങളാണെന്നു മാത്രം ഒരു കുളിർകാററുമുണ്ടായി; അതു് അവരുടെ ആശ്വാസനി

9. ചിലർ ജയ ജയ ഘോഷണം മുതിർത്തു;
ചിലർ വടിപോലെ വണങ്ങി വീണു മണ്ണിൽ;
ചിലർ പുളകനിചോളിതാംഗരായി-
ശ്ശിലകൾ കണക്കു കരങ്ങൾ കൂപ്പിനിന്നു.
10. യുവസമമടിവെച്ചു, വന്ദനാർത്ഥം
ധവളശിരസ്സു കനിച്ചു യോഗിവൃദ്ധൻ
അവരുടെ നടുവേ നടന്നണഞ്ഞാൻ
സ്വവസതിയാക്കിയ പർണ്ണശാലയൊന്നിൽ.
1 തുരുതുരെയവിടെയ്ക്കുതന്നെ നോട്ടം
തിരുകിയുഴറെറാടുനില്ക്കയായ് ജനങ്ങൾ,
അരുണശശി മറഞ്ഞ മൂടലിൻനേ-
ക്കുരുതൃഷപൂണ്ട ചകോരകങ്ങൾപോലേ.

ശ്വാസങ്ങളായിരുന്നു! സരഭസ.........ജാലേ=പെട്ടെന്നുണ്ടായ അവരുടെ നെടുവീർപ്പുകളാൽ.

9. ഗാന്ധിജിയെ കണ്ടപ്പോൾ പലക്കുമുണ്ടായ വിവിധവികാരങ്ങളെ വർണ്ണിയ്ക്കുന്നു. പുളകനിചോളിതാംഗർ=രോമാഞ്ചംകൊണ്ടു മൂടിയ ശരീരത്തോടുകൂടിയവർ. ശിലകൾ കണക്കു—ആഹ്ലാദമനുഭവിപ്പനിമിത്തം കല്ലുപോലായി.

10. യുവസമം=യുവാവുപോലെ. വാർദ്ധക്യം ബാധിച്ചിരുന്നില്ലെന്നഭിപ്രായം. ധവളശിരസ്സ്=വെളുത്ത (നരച്ച) തല.

11. തരുണശശി=കട്ടിച്ചന്ദ്രൻ. ഉരുതൃഷ=വർദ്ധിച്ച മോഹം. ചകോരകങ്ങൾ=ചെമ്പോത്തുകൾ. ചെമ്പോത്തുകൾക്കു നിലാവാണ് ഭക്ഷണമെന്നു സംകല്പം. ഗാന്ധിജി ഭക്ഷണമെത്തിച്ചുതരുമെന്നു ജനങ്ങൾക്കു പ്രതീക്ഷയുണ്ടായിരുന്നതായി വ്യഞ്ജിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

12. ഒരു കൃശമലിനൻ കിശോരനങ്ങ-
പ്പെരുവഴിതന്നിലെ മണ്ണു നോക്കിവാരി,
നിരവധി പൊടിവൈരമാണിതെന്നാം
കരുതലൊടാടമടക്കിലിട്ടിടുന്നു.

13. നവകുതുകമിയന്നുടുത്തു ചോദി-
ച്ചവരൊടു ചൊന്നതിതായിരുന്നു ബാലൻ:
അവനുടെ ജനനിയ്ക്കുമഗ്രജയ്ക്കും
ശിവശിവ, ഗാന്ധിജിദർശനംമുടങ്ങീ!

14. "ഒരുവിലവരിറങ്ങിനില്ക്കുമെമ്മ-
ട്ടൊരുവകവസ്ത്രവുമില്ലവർക്കുടുക്കാൻ;
ഇതുവരവരയച്ചിതെന്നെ,യിപ്പാൽ-
ത്തിരുവടി ചൂടിയ മണ്ണുകൊണ്ടുചെല്ലാൻ."

12. കൃശമലിനൻ=മടച്ചുചളിപുരണ്ടവൻ. ചളിപുരണ്ട കൃശഗാത്രനായ ഒരു ബാലൻ ഗാന്ധിജി നടന്നുപോയ വഴിയിലെ പൂഴിമണ്ണ് എടുത്ത് വസ്ത്രത്തിന്റെ മടക്കിൽ ശേഖരിച്ചിരുന്നു. അതു സംഭരിയ്ക്കുന്നതു കണ്ടാൽ, വല്ല വൈരപ്പൊടിയോ മറ്റോ ആണെന്നു തോന്നിപ്പോകും! അത്ര വില മതിയ്ക്കാത്ത വസ്തുവാണെന്ന മട്ടിലാണ് അവൻ അതു വാരിക്കൂട്ടിയിരുന്നത്.

13—14. നവകുതുകം=പുതിയ അത്ഭുതം. അവന്റെ അമ്മയ്ക്കും അഗ്രജ (സഹോദരി) യ്ക്കും ഗാന്ധിജിയെ കാണാൻ ഭാഗ്യമുണ്ടായില്ല. ഉടുവസ്ത്രമില്ലാതെ അവർ എങ്ങനെ പുറത്തിറങ്ങും? അതുകൊണ്ടു ഗാന്ധിജിയുടെ കാലടിമണ്ണു കൊണ്ടുചെല്ലാൻ അവർ അവനെ പറഞ്ഞയച്ചതാണ്. വെള്ളപ്പൊക്കത്താൽ സ്ത്രീകൾ അന്നനുഭവിയ്ക്കേണ്ടിവന്ന കഷ്ടപ്പാടും മാനഹാനിയും എത്ര ഭയംകരം! യുദ്ധകാലമായതിനാൽ തുണിയ്ക്കു കടുത്ത ക്ഷാമവുമുണ്ടായിരുന്നു.

Digitized By Kerala Sahitya Akademi

15. കരൾപതറിയിതുച്ചരിച്ചു തേങ്ങി-
ക്കരയുകയായി, കുടുംബദൈന്യദൂനൻ.
അരനിമിഷമിനിപ്പൊറുത്തു കൂടാ,
ഭരതധരേ, തവ ചക്കതന്നുറക്കം!

16. ജനമിഴികൾ നനഞ്ഞു:-"ചേക്ക വീട്ടി-
ന്നനഘതയിഗ്ഗുരുപാദപാംസുവാൽ നാം:
വിനയപഥവിഹാരികൾക്കിതോ, രോ
വിനയിലുമദ്ഭുതശാന്തിഭസ്മമത്രേ!

15. കുടുംബദൈന്യദൂനൻ=കുടുംബത്തിന്റെ കഷ്ടപ്പാടിൽ മനംനൊന്തവൻ. ചക്ക തന്നുറക്കം.........ഗ്രാമങ്ങളിൽ ചക്ക തിരിഞ്ഞുകൊണ്ടിരുന്നാൽ, താൽക്കാലികമായി ഇത്തരം വസ്ത്രക്ഷാമത്തെ പരിഹരിയ്ക്കാൻ കഴിയും എന്നഭിപ്രായം.

16. അനഘത=പരിശുദ്ധി. ഗുരുപാദപാംസു=ഗുരുവിന്റെ കാൽപ്പൊടി. വിനയപഥവിഹാരികൾ=വിനയത്തിന്റെ (അടക്കത്തിന്റെ) പാതയിലൂടെ സഞ്ചരിയ്ക്കുന്നവർ. വിന=ആപത്ത്.

Digitized By Kerala Sahitya Akademi

10. മൊട്ടസ്സം!!

ഒരിക്കൽ,ച്ചിലവർഷ-
ങ്ങൾക്കുമുമ്പിം,ഗ്ലണ്ടിൻനേ-
ക്ക്റെബിക്കടൽ നീന്തി-
പ്പോകുന്നോരാവിക്കപ്പൽ
പരിലംഘിതയന്ത്ര-
ധ്വാനമാമൊരു സായ്പിൻ
ദുരുക്തിനിർഘോഷത്താൽ
ദ്രോഹിച്ചു ചെവികളെ.
"കപ്പലേ, സലാം, സലാം;
കൊണ്ടുപോയ്ക്കോൾകണ്ടുന്നി-
ശ്ശപ്തമാം കരയിൽനി-
ന്നെങ്ങോട്ടെങ്കിലുമെന്നെ;

1121-ൽ എഴുതിയത്.

1. ഒരിക്കൽ ഗാന്ധിജി ഇംഗ്ലണ്ടിലേക്കു കപ്പലിൽ യാത്രചെയ്യുമ്പോൾ ഉണ്ടായ ഒരു സംഭവത്തെപ്പററി.

പരിലംഘിതയന്ത്രധ്വാനം=യന്ത്രത്തിന്റെ ശബ്ദത്തെ കവിച്ചു കടന്നത്. ദുരുക്തിനിർഘോഷം=ദുർവാക്കുകളുടെ മുഴക്കം. ശപ്തം=ശപിക്കപ്പെട്ടത്. സുസഹ്യം=സുഖേന സഹിക്കാവുന്നത്. അത്രത്യന്മാർ=അവിടത്തുകാർ. കിപ്ലിംഗ്-റുഡ്യാർഡ് കിപ്ലിങ്ങ്—ഇംഗ്ലീഷ് രാജകവി. പൌരസ്ത്യരോടു വലിയ അവജ്ഞയായിരുന്നു കിപ്ലിങ്ങിന്നു. പൌരസ്ത്യദേശക്കാർ നന്നാക്കിയാലും നന്നാകാത്തവരാണ് എന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു. അന്ധവിശ്വാസം, ബാല്യ

Digitized By Kerala Sahitya Akademi

ഇന്ത്യയിൽനിവസിയ്ക്കു-
കെന്നതു നരകത്തിൻ
ചെന്തീയ്യിൽക്കിടക്കലാ-
ണെൻ നാട്ടുകാർക്കുവെക്കം!
അന്ധവിശ്വാസം, ബാല്യ-
വൈധവ്യം, ജാതിസ്പർദ്ധ-
യെന്നുള്ള സുന്ദര ഹ്യമായ്,-
സ്സംസ്കാരികൾക്കീ നാട്ടിൽ?

വൈധവ്യം, ജാതിസ്പർദ്ധ—ഇവയൊക്കെ പൌരസ്ത്യരുടെ കൂടപ്പിറപ്പാണ്—ഈ കാട്ടാളന്മാരെ പരിഷ്ക്കരിയ്ക്കുകയാണ്, ബ്രിട്ടീഷുകാരും മററുള്ള വെള്ളക്കാരും ചെയ്യുന്നത് എന്നത്രേ സാമ്രാജ്യവാദികളുടെ മേനി. ബന്ധുരം=മനോഹരം. ബിഷപ്പ് ഹീബർക്ക തോന്നിയതു വെറുതെയല്ല! ഇന്ത്യയിൽ മനുഷ്യരല്ലാത്തതൊക്കെ മനോഹരമാണെന്നത്. നല്ല സൌന്ദര്യമുള്ള രാജ്യം, ധാരാളം സ്വത്തുമുണ്ട്. എന്നാൽ ഈ സ്വർഗ്ഗം ഈ കാട്ടുപിശാചുക്കളുടെ നാടായതെത്ര കഷ്ടം! കൂരിരു........ഖണ്ഡം—ഇന്ത്യയിൽ കറുത്ത ആളുകളാണല്ലോ. വെണ്ണിലാവുകൾ—വെള്ളനിറക്കാർ. ഉൽകൃഷ്ടവ്യവസായാഢ്യർ=ഉയർന്ന വ്യവസായങ്ങളെക്കൊണ്ടു ശ്രേഷ്ഠരായിച്ചമഞ്ഞവർ. ഈ കറുത്ത നാടാകുന്ന കൽക്കരിക്ഖനിയെ ഇംഗ്ലീഷുകാർ കയ്യിൽവെച്ചുപോന്നത്, അവരുടെ വ്യവസായങ്ങളെ പുഷ്ടിപ്പെടുത്താനാണെന്നഭിപ്രായം.

Digitized By Kerala Sahitya Akademi

സ്വയസ്സുതോട്ടിൻ കീഴ-
ക്കള്ളതാം പ്രദേശത്തിൽ
ശ്രേയസ്സു യൂറോപ്പിന്റെ
തിന്മയെക്കാളും നിന്ദ്യം'
പക്ഷപാതത്താലല്ല
കിപ്ലിങ്ങിപ്പറഞ്ഞതു:
രിക്ഷണംകൊണ്ടും നന്നാ-
കാത്തവരത്രത്യന്മാർ!
ഇപ്പൊഴും നൂററിന്നെട്ടാ-
ണെഴുത്തുതെരിയുന്നോ;—
രി,പ്പൊഴുമട്ടക്കള-
ച്ചക്കികളിപ്പെണ്ണുങ്ങൾ!
നന്ദിയില്ലിവററിന്നി;-
ക്കാടരെക്കരകേയററാ—
നൊന്നര നൂററാണ്ടായീ
വേലചെയ്യുന്നു, നമ്മൾ.
ഇന്ത്യയിൽ മനുഷ്യര-
ല്ലാത്ത സർവവുമേററം
ബന്ധുരം—ബിഷപ്പ ഹീ-
ബക്ക നേത്രേ തോന്നീ:

2. നിർത്തിയത്—ആ സായ്പ് ഇടയ്ക്കൊന്നു നിർത്തി ചുരുട്ടു കത്തിച്ചു. അയാൾ ശകാരം ആവർത്തിച്ചു—ആ കറുത്ത വാക്കുകൾ തടിച്ച ചുരുട്ടിൻപുകപോലെ തോന്നി.

കരിമ്പുറങ്ങൾ—കന്നാലികൾ. മഹാത്മാവായ്—ഗാന്ധിജിയെ മഹാത്മാവ് എന്നു വിളിയ്ക്കുന്നതിലുള്ള പരിഹാസം. ഗാന്ധിജി ഇന്ത്യയ്ക്കു 'സ്വാതന്ത്ര്യമനുവദിയ്ക്കണമെന്നാവ

Digitized By Kerala Sahitya Akademi

ചന്തവും വിഭവവു-
    മിത്ര മററങ്ങുണ്ടെന്നാ-
ലെന്തിനീ സ്വർഗ്ഗം പിശാ-
    ചുക്കൾതൻനാടായ്പ്പോയീ!
കൂരിരുട്ടിന്ത്യാഖണ്ഡം,
    വെണ്ണിലാവുകൾ നമ്മൾ
കാരിരിമ്പിന്നുസ്ഥാനം,
    തനിവെള്ളികൾ നമ്മൾ.
ചേറിലെക്കരിം‌പുഴ-
    ച്ചാത്തൊടെവ്വണ്ണം കൂടി-
ച്ചേരുമൊന്നാകാശത്തിൽ-
    ത്തിളങ്ങും നക്ഷത്രങ്ങൾ?
നില്ക്കട്ടേ: കറുമ്പൻനാ-
    ടിതൊരു വിസ്തീർണ്ണമാം
കല്ക്കരിക്ഖനിമാത്രം,
    വെള്ളക്കാരുടെ കണ്ണിൽ;
ഇക്കാരണത്താലല്ലോ,
    കഷ്ടപ്പാടേററം കയ്യിൽ
വെയ്ക്കുവതിതു,ൽക്കൃഷ്ട-
    വ്യവസായാഢ്യരവർ.''

ശ്യപ്പെട്ടത് ധിക്കാരമാകണമെന്നാണ് ആ സായ്പിന്റെ പക്ഷം! തല്ലിപോൽ...കല്ലോ—തെക്കേ ആഫ്രിക്കയിലെ ഇന്ത്യക്കാരുടെ ആവശ്യങ്ങൾക്കവേണ്ടി സത്യഗ്രഹമനുഷ്ഠിച്ച ഗാന്ധിജിയെ ആഫ്രിക്കക്കാരനെക്കൊണ്ടു വെള്ളക്കാർ തടിപ്പിച്ചതിനെ അനുസ്മരിപ്പിക്കുന്നു.

7

Digitized By Kerala Sahitya Akademi

നിത്തിയത്തുന്മേഷത്തിൻ
　　തീകൊളുത്താനാണോ; ഹാ,
മദ്യപ്പീടികയിലും
　　കിട്ടാത്ത തെറിവാക്യം
അദ്ദൊരയുടെ വായിൽ-
　　നിന്നതാ ചാടീ വീണ്ടും
മദ്ദളക്കററില്ലാത്ത
　　ചുരുട്ടിൻ പുകപോലേ;—
"ഇക്കരിമ്പുറങ്ങളെ
　　മേയ്ക്കാനും മുളയ്ക്കാനും
നില്ക്കുന്നുണ്ടൊരു കഷ്ണം
　　മനുഷ്യൻ മഹാത്മാവായ്;
ഇന്ത്യയെഭ്ഭരിക്കേണ്ട-
　　തിംഗ്ലണ്ടുകാരല്ലാപോ-
ലെ;-ന്തിനും കൊ__ാത്തോർക്ക
　　വേണംപോലധികാരം!
തല്ലിപോൽ തെന്നാഫ്റിക്ക-
　　ക്കാരനന്നെ;ന്നിട്ടെന്തു?
പല്ലുകൾ ചിലതിന്നും
　　ബാക്കിയുണ്ടിയ്യാൾക്കല്ലോ—"
3. 　ഇന്ത്യതൻ പാലുംതേനും
　　നക്കിയ നാക്കാൽ നഞ്ഞു

3. അന്തികസ്ഥർ = അടുത്തിരിക്കുന്നവർ. നക്കിയനാക്കാൽ—പാലൂട്ടിവളർത്തിയ പാമ്പ് വിഷംചീററുന്നപോലെ. വെള്ളക്കാരൻ ഈ വിഷച്ചീററൽ വ്യസനമുണ്ടാക്കി; ഇന്ത്യക്കാർ, സ്വതഃസിദ്ധമായ ശമം (ശാന്തത) കൈക്കൊണ്ടു. ആ

Digitized By Kerala Sahitya Akademi

ചിന്തമിയ്യാൾതൻ ചീററ-
ത്താലന്ദു വെള്ളക്കാക്കും
നൊന്തുപോയ് മനം,പൊന്തീ
വെറുപ്പമരിശവു-
മന്തികസ്ഥരാം ഭാര-
തീയരോ, ശമം പൂണ്ടു!
ഈദൃശസഹിഷ്ണുത-
മിവരെശ്ശീലിപ്പിച്ച
നേതാവാം ഗുരുവുണ്ട-
പ്പോതപാത്രത്തിൽത്തന്നേ:
ഗാന്ധിജി ഗംഭീരാത്മാ-
വാഴിയെ നോക്കിക്കൊണ്ടു
താൻ തനിച്ചിരിയ്ക്കയാ-
ണേകത്ര മുകൾത്തട്ടിൽ.
ഭ്രാന്തൻപോലലറുന്നു
ഭള്ളുകാട്ടുന്നു കപ്പൽ,
ശാന്തങ്ങളലകളോ,
നുരകളാൽച്ചിരിയ്ക്കുന്നു!

4. ബ്രിട്ടീഷുസിംഹത്തിൻ നേ-
ക്കെന്തിനെന്നില്ലാതൊരി-

സായ്പിനെ ഉപദ്രവിയ്ക്കാനൊന്നും ഒരുങ്ങിയില്ല. ഈദൃശസഹിഷ്ണുതം=ഇതുപോലുള്ള സഹനശീലം. നേതാവാംഗുരു=മഹാത്മജി. പോതപാത്രം=കപ്പൽ. ഏകത്ര=ഒരിടത്ത്. ഭ്രാന്തൻ...ച്ചിരിയ്ക്കുന്നു—ആ സായ്പിൻെറയും ഗാന്ധിജിയുടെയും മനോഗതിയെ പ്രതിഫലിപ്പിച്ചിരിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

യിട്ടിട്ടം കുറുക്കനാം
ഗാന്ധിവീരനെപ്പററി—
പത്തിരുപതു പദ്യം
ഞാനിന്നു നിർമ്മിച്ചിട്ടു-
ണ്ടു;-ത്തിരുവടിയെപ്പോയ്-
ക്കാണിപ്പനിന്നിപ്പോഴേ.''
സാഹസാൽത്തട്ടിപ്പിട-
ഞ്ഞെഴുന്നേററോടിച്ചെന്നാ-
സ്സാഹിത്യകാരൻസായ്പു
മോഹനദാസ്സിൻമുന്നിൽ
ആദരപൂർവംതന്നെ-
യപ്പിച്ചാനൊ,രുമൊട്ടു-
സൂചിയാൽ മുടിപ്പൂവു
വെച്ചതൻകവിതയെ;
കാഴ്ചവെച്ചാനീ വാക്കു;—
''മെൻകവിപ്രതിഭമേൽ-
ക്കായ്ച നാരങ്ങയിതൊ-
ന്നാസ്വദിക്കുക ഗാന്ധി:

4. ആ സായ്പ്, താൻ ഗാന്ധിജിയെപ്പററി പത്തിരു പതുവരി കവിത എഴുതിയിട്ടുണ്ടെന്നും അതു് ആ മനുഷ്യനെ കാണിക്കാൻപോകയാണെന്നും പ്രഖ്യാപിച്ചു തട്ടിപ്പിടഞ്ഞെഴുന്നേററു. നാരങ്ങ—ഗാന്ധിജി നാരാങ്ങാനീരു പതിവായി കഴിച്ചിരുന്നതിനാൽ, അതു് ആസ്വാദ്യമായിരിക്കുമെന്നു പരിഹാസം. 'സത്യത്തെക്കാണും'—ഗാന്ധിജിയുടെ സത്യാന്വേഷണങ്ങളെക്കുറിച്ചുള്ള അവജ്ഞ.

Digitized By Kerala Sahitya Akademi

കശ്മലനും കലഹിയും
  ദ്രോഹിയുമാണങ്ങുന്നെ-
ന്നുള്ള 'സത്യത്തെക്കാണു,'-
  മിതു വായിച്ചാൽത്താങ്കൾ!"
ആ വെള്ള കറുത്തുപോം-
  മാറു സല്ലീലം ചൊല്ലീ
ചൊൽവതു വിരൽകളാൽ-
  ച്ചെയ്തുകൊണ്ടസ്മന്നാഥൻ:
"ഈ മൊട്ടസ്സൂചിയ്ക്കത്രേ
  പ്രാധാന്യം തവ പദ്യ-
സ്തോമത്തില,തിതാ, ഞാ-
  നെടുത്തു സൂക്ഷിയ്ക്കുന്നേൻ."

ആ വെള്ള കറുത്തുപോം.........—ഗാന്ധിജിയുടെ ഈ മറുപടി ആ വെള്ളക്കാരന്റെ നിറം കറുപ്പിച്ചു കളഞ്ഞു. പദ്യസ്തോമം=പദ്യസമൂഹം. ആ പദ്യക്കടലാസ്സുകൾ തുന്നിച്ചേർത്തിരുന്ന മൊട്ടസ്സൂചി ചൂണ്ടി, ഇതാണ് അതിൽ പ്രാധാന്യവും ഉപകാരവുമുള്ളത് എന്നു പറഞ്ഞ് ഗാന്ധിജി അത് ഊരിയെടുത്തു. അത്രയും വിലകെട്ടതാണ് ആ പദ്യങ്ങൾ എന്നഭിപ്രായം. സല്ലീലം=കളിയായി. അസ്മന്നാഥൻ—നമ്മുടെ നേതാവ്. ചൊൽവതു.........ചെയ്തുകൊണ്ട്— മൊട്ടസ്സൂചിയ്ക്കാണ് പ്രാധാന്യം എന്നു പറഞ്ഞുകൊണ്ട് വിരൽകൊണ്ടെടുത്തുവെച്ചു.

Digitized By Kerala Sahitya Akademi

16. മികച്ച മുൾക്കിരീടം

1. പത്തിരുപതു നൂററാണ്ടുകൾക്കു മു-
മ്പത്ര വന്നു പിറന്നൊരു സൽപുമാൻ
വാസ്തവേതരശപ്താസമൊന്നേററിട്ടി-
ല്ലാത്ത ശോഭനദിവ്യാധരങ്ങളാൽ
നീളവേ കേൾക്കുമാറതൾചെയ്തപോൽ:
''വാളെടുത്തവൻ വാളാൽക്കൊലപ്പെടും!''
അത്തിരുമൊഴിതന്നെയാണി,പ്പുതു-
കൃസ്തു ഗാന്ധിയുംചൊൽവതെ;-ന്നാലിതിൽ
ശ്രദ്ധവെയ്ക്കുന്നതെന്തിനു, മുന്തിയ
ബുദ്ധിശാലിയാമിന്നത്തെ മാനുഷൻ?
ഇന്നവന്നീ പ്രകൃതിതൻ പെട്ടിയിൽ-
നിന്നു കുത്തിക്കവർന്ന ധനങ്ങളാൽ
ചെന്നു കേറി വിലയ്ക്കു വാങ്ങാം നിന-
യ്ക്കുന്നമാത്രയിൽ,ദ്ദേവരാജ്യത്തെയും;
കുത്തബാണമൊന്നെയ്തു നെരിപ്പോടിൽ
വീഴ്ത്തിടാം, കനല്ക്കട്ടയാം ചൊവ്വയെ;

1123 ൽ എഴുതിയത്.

1. പത്തിരു......സൽപുമാൻ-കൃസ്തുദേവൻ. വാസ്തവേതരശപ്താസം=വാസ്തവത്തിന്റേതല്ലാത്ത (അസത്യത്തിന്റേതായ) ശപ്താസം. കൃസ്തുദേവൻ രണ്ടായിരംകൊല്ലംമുമ്പ് അരുളിച്ചെയ്കയുണ്ടായി, 'വാളെടുത്തവൻ വാളാൽ മരിയ്ക്കും' എന്ന്. വാസ്തവേതരശപ്താസം ഏററിട്ടില്ലാത്ത ചുണ്ടുകളാണ് ഈ വാക്കുകൾ പറഞ്ഞതെന്നത്, അത് അക്ഷരംപ്രതി സത്യമാ

Digitized By Kerala Sahitya Akademi

എട്ടുപത്തു ഞൊടികൊണ്ടുലകൊക്കെ-
ച്ചുട്ടെരിച്ചണുവാക്കാം, മണ്ണുകളാൽ!
സത്യസൌഭ്രാതൃധർമ്മയന്ത്രങ്ങളെ-
യൊത്തിണക്കാത്ത പുത്തൻവിമാനത്താൽ
എത്ര ദൂരത്തു പൊങ്ങിപ്പറന്നാലും
മർത്ത്യവീര, നിൻപോക്ക കീഴ്പോട്ടു താൻ!

2\. അംബുധിയിലുമൊപ്പം കരയിലും
തിന്മ വാഴ്ചതിൽ ഖേദിച്ച വേദമേ,
ഇന്നു വാനിലും കൊള്ളക്കൊട്ടംപുക
ചെന്നു പററുന്നതങ്ങു കണ്ടില്ലയോ?

യിക്കലാശിക്കുമെന്ന വസ്തുതയെ ഉറപ്പിക്കുന്നു. പുതിയ കൃസ്തുവായ ഗാന്ധിജിയും ഇതുതന്നെയാണ് പറഞ്ഞിരുന്നത്. എന്നാൽ ശാസ്ത്രത്തിൻെറ പുതിയ സിദ്ധികൾ കൈവന്ന ഇന്നത്തെ മനുഷ്യൻ ഇതൊക്കെ എന്തിനു ശ്രദ്ധിക്കുന്നു എന്നാണയാളുടെ നാട്യം എന്ന് അടുത്ത വരികളിൽ പറഞ്ഞിരിക്കുന്നു. സത്യ......വിമാനത്താൽ—ഇന്നത്തെ ശാസ്ത്രസിദ്ധി എത്രതന്നെ അദ്ഭുതാവഹമാണെന്നിരുന്നാലും, ആ വിമാനത്തിനു സത്യം, സാഹോദര്യം, ധർമ്മം എന്നിവ ചേൎന്ന യന്ത്രം ഘടിപ്പിക്കുന്നില്ലെങ്കിൽ, മനുഷ്യൻെറ ഗതി മേല്പോട്ടാവില്ല, കീഴ്പോട്ടുതന്നെയാവും. ശാസ്ത്രസിദ്ധിയോടൊപ്പം മനുഷ്യസ്നേഹവും ഒത്തിണക്കണമെന്നഭിപ്രായം. ക്രുദ്ധ ബാണം-റോക്കററ്. കനല്ക്കട്ടയാം ചൊവ്വയെ-ചൊവ്വ കനലുകളെപ്പോലെ ജ്വലിക്കുന്നതാണെന്ന് ജ്യോതിശ്ശാസ്ത്രജ്ഞർ പറയുന്നു.

2\. അംബുധി............വേദമേ—ഖുറാൻ. അഗ്ര്യഭക്ത്യാ=ശ്രേഷ്ഠമായ ഭക്തിയോടേ. ഹിന്ദുക്കൾ ഈശ്വരവിഗ്രഹങ്ങളുടെ മുമ്പിൽ വെറും നിലത്തു നമസ്കരിക്കുന്നു. മുസ്ലീ

Digitized By Kerala Sahitya Akademi

വിഗ്രഹങ്ങൾതൻ മുന്നിൽ വെറുംനില-
ത്തഗ്ര്യഭക്ത്യാ കമിഴ്ന്നുപററും മുഖം,
വണ്ടിനൊത്തൊരു കല്ലിനെച്ചുംബിയ്ക്കും
ചുണ്ടിനെപ്പഴിയ്ക്കുന്നതത്യദ്ഭുതം!
ശത്രുവിങ്കലും സ്നേഹം പുരട്ടുകെ-
ന്നത്ര ഘോഷിച്ച ബുദ്ധനെയിന്നിതാ,
മത്തരായാർത്തു വെല്ലുവിളിയ്ക്കുന്നു,
മിത്രരെക്കൂടി വെട്ടിവീഴ്ത്തും നരർ!
ബന്ധമുക്തിയ്ക്കു തന്മെയ് പിളക്കയാൽ-
സ്സന്ധിനോവാർന്ന സാധുമാതാവിനെ
ഭ്രാതൃശോണിതംകൊണ്ടോ ചികിത്സിപ്പൂ?
നൂതനംതന്നെ, മക്കൾതൻ വൈദ്യകം!
അബ്ധിവീചിമേൽപ്പട്ടുവിരിപ്പിൽപ്പോ-
ലപ്രയാസം നടന്ന തൃക്കാലിനും
ദുസ്തരമാണു, ധർമ്മത്സരത്തിന്റെ
യുദ്ധരക്തപ്രവാഹമിതയ്യയ്യോ!

മിങ്ങൾ മെക്കയിലെ വണ്ടിന്നൊപ്പം കറുത്ത കല്ലിനെ—കാബാശിലയെച്ചുംബിയ്ക്കുന്നു. വെറും നിലത്തു മുഖംപററുന്നവർ, കല്ലിനെ ചുംബിയ്ക്കുന്നവരെ പഴിയ്ക്കുന്നതിലുള്ള പരിഹാസം. 'ശത്രു.........പുരട്ടുക'-ഗാന്ധിജിയുടെ അഹിംസാവ്രതത്തിൽ ശത്രുവിനെക്കൂടി സ്നേഹിയ്ക്കുക എന്നതുൾപ്പെട്ടിട്ടുണ്ടല്ലോ. ബന്ധുമുക്തി............സാധുമാതാവിനെ—ഇന്ത്യയെ ഇന്ത്യയും പാക്കിസ്ഥാനുമായി ഭാഗിച്ചതിനെ സൂചിപ്പിയ്ക്കുന്നു. ഇതു ബന്ധുക്കളുടെ(ഹിന്ദുക്കളുടെയും മുസ്ലീമിങ്ങളുടെയും) മോക്ഷത്തിന്നുവേണ്ടി ചെയ്തിട്ടുള്ള ത്യാഗമാണ്. ഞമ്മുടെ മാതാവിന്ന് (ഇന്ത്യയ്ക്ക്) അതിന്റെ വേദന ശമിച്ചി

Digitized By Kerala Sahitya Akademi

ഇന്നരാസ്രപ്പരപ്പിൽപ്പിറക്കണ-
മിന്ത്യതന്നൈക്യമെന്നായിരിയ്ക്കുമോ,
സുപ്രഭാതത്തെയേതോ ത്തുടപ്പൊന്നി-
ലുദ്ഭവിപ്പിയ്ക്കുമീശന്റെ നിശ്ചയം!

3. ‘മന്നിലും ഭവൽസ്വർഗ്ഗം വരേണമേ’—
ധന്യരേ, ധൈര്യമെങ്ങി,ന്നിതർത്ഥിപ്പാൻ?
ദുന്നയച്ചെകുത്താന്റെ ചെങ്കോൽ ഭരി-
യ്ക്കുന്നിടത്തെയ്ക്കിറക്കയോ, വിണ്ണിനെ!

ട്ടില്ല. അങ്ങനെയുള്ള ആ അമ്മയുടെ വേദനയ്ക്ക് ഭ്രാതൃശോണിതം (സഹോദരരക്തം) കൊണ്ടാണോ നാം ചികിത്സിയ്ക്കാൻ പോകുന്നത്? ഈ വൈദ്യകം (ചികിത്സ) വളരെ പുത്തൻ തന്നെ! അബ്ധിവീചി=കടൽത്തിര. അപ്രയാസം-പ്രയാസംകൂടാതെ. ക്രിസ്തു കടൽത്തിരകളിന്മേലൂടേ അനായാസമായി നടന്നതിനെ സൂചിപ്പിയ്ക്കുന്നു. ആ ക്രിസ്തുവിന്റെ തൃക്കാലുകൾക്കും കടക്കാൻ കഴിയാത്തതാണ്", ഈ ദുർമ്മത്സരത്തിന്റെ അടർച്ചോരയൊഴുക്ക്! ദിവ്യസിദ്ധികളുള്ളവർക്കുപോലും കടക്കാൻ വയ്യാത്തത്ര ഘോരമാണ് മത്സരത്തിന്റെ ചോരയൊഴുക്കെന്നഭിപ്രായം. നരാസ്രം=മനുഷ്യച്ചോര. പ്രഭാതത്തെ ഏതോ ചോരയൊഴുക്കിൽനിന്നു പൊക്കിക്കൊണ്ടുവരുന്ന ഈശ്വരൻ, ഇന്ത്യയുടെ ഐക്യം ഈ മനുഷ്യരക്തപ്പരപ്പിൽനിന്നുവേണം മുളച്ചുപൊങ്ങാൻ എന്നായിരിയ്ക്കുമോ നിശ്ചയിച്ചിരിയ്ക്കുന്നത്!

3. ‘മന്നിലും...വരേണമേ’-‘ഭൂമിയിലും അങ്ങയുടെ സ്വർഗ്ഗം വരേണമേ’ എന്ന് ക്രിസ്തു പ്രാർത്ഥിച്ചു. ഇന്ന് ഈ ദുർന്നയച്ചെകുത്താൻ ഭരിയ്ക്കുന്നേടത്തെയ്ക്ക് സ്വർഗ്ഗം ഇറങ്ങിവരണ

Digitized By Kerala Sahitya Akademi

ആർ വിയർത്ത വിരൽകളാൽ നാട്ടിന്റെ
കൈവിലങ്ങാകെയുരിയെടുത്തുവോ,
പാഴ്‌വടി വലിച്ചോങ്ങിപോലാ, മഹാ–
ത്മാവിനെത്തന്നെ തച്ചുകൊല്ലാൻ ചിലർ!
കെട്ടിടിഞ്ഞു പൊളിഞ്ഞ ജഗത്തിനെ–
ത്തിട്ടമമ്പാൽപ്പുതുക്കിപ്പണിയുവാൻ
ക്ലിഷ്ടനായൊരുമ്പെട്ടൊരാശാരിയെ–
കെട്ടിഞാത്തിക്കളഞ്ഞ കരാളരോ
മാതൃകാഭൃതരിപ്പൊഴും, മർത്ത്യതാ–
ബോധമേറിയ നിങ്ങൾക്ക മാന്യരേ?

മെന്നു പ്രാർത്ഥിയ്ക്കാൻ ആർക്കാണു ധൈര്യമുണ്ടാവുക? വിയർത്ത വിരൽകളാൽ–കഠിനമായി പ്രയത്നിച്ച്. ഗാന്ധിജിയുടെ നിരന്തരപ്രയത്നത്താലാണല്ലോ ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കൈവന്നത്. അദ്ദേഹത്തെ തല്ലിക്കൊല്ലാൻ വടിയോങ്ങത്തക്കവണ്ണം കൃതഘ്നരാണ് ഇന്ത്യക്കാരിൽ ചിലർ. ക്ലിഷ്ട......ശാരിയെ–ക്രിസ്തുവെ. കഷ്ടപ്പാടുകളാലും മററും ആകെ അധഃപതിച്ച്, ഇടിഞ്ഞുവീഴാറായ ലോകത്തെ പുതുക്കാനായി ക്രിസ്തു നിരന്തരം പ്രയത്നിച്ചു. അദ്ദേഹത്തെ കുരിശിലേററുകയാണല്ലോ ചെയ്തത്. മാതൃകാഭൃതർ=മാതൃകയായിത്തീർന്നവർ. ആരുടെ......താരവൃന്ദം=നക്ഷത്രസമൂഹം–ആരുടെ ശിരോരത്നമായിത്തീരണമോ, ആ ദേവനെ ചൂടിയ്ക്കാനായി കൂടുതൽ—ക്രിസ്തുവിനെ ചൂടിച്ചതിനെക്കാൾ മികച്ചതായി—ഒരു മുൾക്കിരീടം നീ മുഷ്ടി

Digitized By Kerala Sahitya Akademi

ആരുടെ മണിമൌലിയാകേണമോ
താരവൃന്ദമദ്ദേവനെച്ചൂടിപ്പാൻ
മുൾക്കിരീടമൊ,ന്നേറെ മികച്ചതീ,
മുഷ്ടിനാൽത്തീർത്തുവെച്ചൂ നീ ലോകമേ!

കൊണ്ടു നിർമ്മിച്ചുവെച്ചുകൊൾക—ലോകമേ, നിന്റെ കൃതഘ്നത പണ്ടേ പ്രസിദ്ധമാണല്ലോ!

Digitized By Kerala Sahitya Akademi

17. നമ്മുടെ അമ്മ

ധീരരിൽധീരന്മാർ നാ;-
മേതു യാതനയെയും
പേറുവാനേതും വേണ്ടാ,
പരിശീലനം വേറേ.
ആരസ്മൽസർവ്വസ്വ,മ-
ബ്ബാപ്പുവിൻ നെടും വേർപാ-
ടോരാണ്ടു സഹിച്ചല്ലോ,
നെഞ്ചാകെപ്പിളരാതേ!
തിങ്ങളീരാറിൻമുമ്പു-
വരെയ്ക്കും, വരദനാ-
മങ്ങയാലെല്ലാററിലു-
മാചാര്യവാന്മാർ ഞങ്ങൾ;
ഗംഗ വററിയാലെന്തു?
ഹിമവാനടഞ്ഞാലെ?-

1124-ൽ എഴുതിയത്.

1. അസ്മൽസ്സർവസ്വം=നമ്മുടെ മുഴുവൻ സ്വത്ത്. രണ്ടുമാസംമുമ്പ് അങ്ങയാൽ (ഗാന്ധിജിയാൽ) എല്ലാ വിഷയത്തിലും ആചാര്യനുള്ളവരായിരുന്നു നമ്മൾ. ഗാന്ധിജി എല്ലാ വിഷയത്തിലും ആചാര്യത്വം വഹിക്കത്തക്ക ശ്രേഷ്ഠതയുള്ള മഹാത്മാവായിരുന്നു. സ്വാപാനീതം=താൻ നേടിക്കൊണ്ടു വന്നത്. താന്ന തോളുകൾ—സ്വാതന്ത്ര്യസിദ്ധിക്കായി വഹിച്ചുപോന്ന വമ്പിച്ച ഭാരത്താൽ അദ്ദേഹത്തിന്റെ തോള

Digitized By Kerala Sahitya Akademi

ന്നീ-ടുന്നു വിടാതുലിലീ-
യഹ്ഷിനാടഹ്ഷിനാടാം!
ഏറെനാളാലീ സ്വാപാ-
നീതമാം സ്വാതന്ത്ര്യത്തിൻ
സാരത്തെച്ചമപ്പിച്ച-
ക്കർമ്മയോഗീന്ദ്രൻതന്നേ,
ആയതിൻ ഭാരാൽത്താന്ന
തോളുകൾക്കത്താണിയു-
മായി മേവിനാൻ—അരേയ്യാ,
തീന്നിതസ്സുവഷാദ്ധം!

2. വൈരങ്ങളുടെയോരി-
യിടലും കരച്ചലും
ചീററലും ചലിച്ചല-
മങ്ങെങ്ങു കേൾക്കായ് വന്നു;
സ്പദ്ധയാൽദ്ദഹിപ്പിച്ച-
പ്പെട്ട കുഗ്രാമങ്ങൾതൻ
മെത്തിയ പുക പാകി
കാർമേഘങ്ങളെ വാനിൽ;
പെയ്യു മാനുഷരക്ത-
പ്പേമഴ;-യതിൻ തുട-

കൾ താഴ്ന്നുപോയിരുന്നു. (ഗാന്ധിജിയുടെ ചുമലുകൾ അ ല്പം താഴ്ന്നിട്ടായിരുന്നുവെന്ന് ഓക്കുക.) സുവഷാർദ്ധം=നല്ല കൊല്ലത്തിൻെറ പകുതി.

2. മെത്തിയ=വദ്ധിച്ച. വർഗ്ഗീയലഹളയിൽ ഗ്രാമ ങ്ങൾ തീ വെച്ചുയും മററും പതിവായിരുന്നുവല്ലോ. ആ പു

Digitized By Kerala Sahitya Akademi

പ്പേതിടത്തകാലികാ-
　　സന്ധ്യയെത്തൊട്ടത്തീ ചാ?
ആലയങ്ങളിൽക്കത്തി-
　　പ്പടൎന്ന പകത്തീയ്യിൻ
ജ്വാലകൾ കൊണ്ടെമ്പാട്ടം
　　കൊള്ളിമീനുകൾ പാഞ്ഞു;
വിച്ഛിന്ന നാനാമൎത്ത്യ-
　　കണ്ഠനാളികളിൽനി-
ന്നുച്ചലിച്ചതാം പ്രാണ-
　　ലക്ഷത്തിൻ കൊടുംകാററാൽ
കുലുങ്ങീ ഭൂമണ്ഡലം,
　　കുലശൈലത്തോടൊപ്പം
കലങ്ങീ കടലെല്ലാം,
　　കല്പാന്തനാളിൽപ്പോലെ—
ഉൽപ്പാതമതോ,രോന്നും
　　ഘോരമെന്നാലും നണ്ണീ-

ക പരന്നു് ആകാശം ഇരുണ്ടു. ആളുകളെ കശാപ്പുചെയ്യുന്നി മിത്തം, ചോരമഴപെയ്തു. എവിടെ, എപ്പോൾ, നോക്കിയാലും, അകാലത്തുള്ള ചോരച്ച സന്ധ്യാവേളകളെയാണ് കണ്ടതു്! പകത്തീയ്യ് (അന്യോന്യവിദ്വേഷത്തിന്റെ തീയ്യ്) പടൎന്ന്, കൊള്ളിമീനുകൾ പാഞ്ഞുതുടങ്ങി. വിച്ഛിന്ന...... ളികൾ=ഛേദിക്കപ്പെട്ട നാനാമനുഷ്യരുടെ കണ്ഠനാളങ്ങൾ. ഉച്ചലിച്ചതു്=പുറപ്പെട്ടതു്. അവയിൽനിന്നു പുറപ്പെട്ട പ്രാണസമൂഹം ഒരു കൊടുംകാററായി പരന്നു. ഭൂമിയും പർവതങ്ങളും (കുലശൈലങ്ങൾ ഏഴെണ്ണം) കുലുങ്ങി. കടലുകൾ കലങ്ങി. കല്പാന്തനാൾ=പ്രളയദിനം. അങ്ങനെ ഒരത്യാപ

Digitized By Kerala Sahitya Akademi

ലി,പ്പെരും വിപത്തിന്റെ
മുൻകുറിപ്പാണെന്നെങ്ങൾ:
സുപ്രേമാമൃതപൂർണ്ണ-
മായൊരു ഹൃദയത്തെ
നിർഭിന്നമാക്കാനുണ്ടാ,-
മൊരു തോക്കെന്നാരോർക്കും?

3. നില്ക്കട്ടെ കണ്ണീർച്ചാട്ട—
മജ്ജഗജ്ജ്യോതിസ്സസ്തം-
പ്പക്ക നാളിനെ'സ്സർവോ-
ദയ'മാക്കുക നമ്മൾ.
നിദ്രിതരുണരുവിൻ
നിഷ്ക്രിയർ മുതിരുവിൻ;
വിദ്രോഹതമസ്സിനെ-
ത്തുടച്ചുകളയുവിൻ;
ചിത്തപങ്കജങ്ങളെ-
യാവോളം വിരിയിപ്പിൻ;
പൊൽത്തെളിവിയററുവിൻ
ദിഗ്മുഖങ്ങളിലെങ്ങും.

ത്തിന്റെ എല്ലാ ലക്ഷണങ്ങളും സർവത്ര സ്പഷ്ടമായി കാണുമാറായി. ഉൽപാതം=ദുർന്നിമിത്തം. സുപ്രേമാമൃതപൂർണ്ണം=(നല്ല സ്നേഹമാകുന്ന അമൃതുനിറഞ്ഞതു്.) ഗാന്ധിജിയുടെ ഹൃദയം ഉൽക്കൃഷ്ടസ്നേഹം നിറഞ്ഞതായിരുന്നു. അതു നിർഭിന്നമാക്കാൻ (പിളക്കാൻ) ഒരു തോക്കുണ്ടാവും (എന്തൊരു കഷ്ടംകഷ്ടാണതു്!) എന്നു് ആരാണോർത്തതു്?

3. നില്ക്കട്ടെ കണ്ണീർച്ചാട്ടം—വെറുതേ കരഞ്ഞിട്ടെന്തു പ്രയോജനം? ജഗജ്ജ്യോതിസ്സ്: ലോകതേജസ്സു്. നിദ്രി

Digitized By Kerala Sahitya Akademi

ത്യാഗവും വിവേകവും
    സത്യവുമഹിംസയു-
മൈകമത്യവുമാക-
    മഞ്ചുന്നൽത്തിരികളെ
കത്തിച്ച സനാതന-
    ധർമ്മദീപത്തിൻ മുന്നിൽ-
സ്സുസ്ഥിരപ്രതിജ്ഞയൊ-
    ന്നാചരിയ്ക്കാവൂ നമ്മൾ:
പ്രാണനെ ത്യജിച്ചിട്ടും
    പരർതൻ പ്രഭാവത്തെ
ത്രാണനം ചെയ്യും, നമ്മൾ
    താൽപര്യപുരസ്സരം;
നന്മതിന്മകളെ നാം
    വെവ്വേറെ നോക്കിക്കാണും,-
മന്മഹാത്മാവു മിഴി-
    പ്പിച്ച കണ്ണിണകളാൽ;
ചൊല്ലിലും നടപ്പിലു-
    മുള്ളിലുമവ്യാജർ നാം,

തർപ്പളരങ്ങേിയവർ. നിഷ്ക്രിയർ മുതിരവിൻ-അലസർ കർമ്മ
രംഗത്തിറങ്ങട്ടെ! സർവ്വോദയം—ഗാന്ധിജിയുടെ ചരമദിന-
ത്തെ സർവ്വോദയദിനമായിട്ടാണല്ലോ കൊണ്ടാടാറ്. ആ സ-
ർവ്വോദയത്തിന്റെ അർത്ഥം ഗാന്ധിജി പഠിപ്പിച്ച സത്യവും-
ആത്മശുശ്രൂഷയും അഹിംസാധർമ്മവും മററും അനുഷ്ഠിയ്ക്കലാ
ണ്—"ലോകാസ്സമസ്താഃ സുഖിനോഭവന്തു" എന്ന് ഒന്നാ-
മതു പാടിയത് നമ്മുടെ ഭാരതമാണ്. ആ അമ്മയുടെ മക്കളാ
യ നാം അതു നടപ്പിൽ വരുമാറ് പ്രവർത്തിയ്ക്കുമെന്നു പ്രതി

Digitized By Kerala Sahitya Akademi

പുല്ലിനും നിർബാധമാം
ജീവിതം നേരും നമ്മൾ;
അവർ സോദരർ നമുക്ക,-
വർതൻ ഭ്രാതാക്കൾ നാ-
മവിഭക്തമാമൊററ-
ത്തറവാടിബ്ഭൂഗോളം.
'ഭവിഷ്ണു പാരിന്നെല്ലാം
ഭാവുകമൊരുപോലെ'-
ന്നെവളോ പാടീ മുല്ലാ-
ടവൾ നമ്മുടെയമ്മ!

ഞ്ഞ ചെയ്യലാണ് ഗാന്ധിജിയുടെ ചരമദിനത്തെ സർവ്വോദയമാക്കാൻ സർവ്വോപരി ചെയ്യേണ്ടത്. സനാതനധർമ്മദീപം— ഇപ്പറഞ്ഞ വിശിഷ്ടധർമ്മങ്ങളെല്ലാം ഒത്തിണങ്ങിയ അനശ്വരദീപമാണ് ഗാന്ധിജി. വിളക്ക കത്തിച്ചുവേണം പ്രതിജ്ഞയെടുക്കാൻ എന്നാണല്ലോ നാട്ടുനടപ്പ്. അവ്യാജർ=കളവില്ലാത്തവർ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi